# ക്രിസ്തീയ സഭാസംവത്സരം

# ക്രിസ്തീയ സഭാസംവത്സരം

## (ഒരു ദൈവശാസ്ത്ര വിശകലനം)

മാർ ഈവാനിയോസ്

BP. No. 158

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം
2014

(Malayalam)

**Christheeya Sabhasamvatsaram**

**By Mar Ivanios**

| | | |
|---|---|---|
| First Published | : | December 1926 |
| Second Published | : | July 1979 |
| Third Published | : | September 2014 |
| Printed at | : | Bethany Offset Printers, Kottayam-686 010<br>Ph: 0481 - 2571355<br>e-mail: bethanyktm@gmail.com |
| Published by | : | Bethany Publications, Kottayam-686 010<br>Ph: 0481 - 2571515<br>e-mail: bethanyktm@gmail.com |
| Cover | : | Fingraph |
| Price | : | ₹ 80/- |

# പ്രസാധക കുറിപ്പ്

**ഏ**താണ്ടു മൂന്നര പതിറ്റാണ്ടു മുമ്പാണ് **'ക്രിസ്തീയസഭാസംവത്സരം'** എന്ന പുസ്തകം ബഥനി പബ്ലിക്കേഷൻസ് പുനഃപ്രസിദ്ധീകരിച്ചത്. ദൈവ ദാസൻ മാർ ഈവാനിയോസ് പിതാവിനാൽ വിരചിതമായ ഈ ഗ്രന്ഥത്തിന്റെ പതിപ്പുകൾ ഇന്നു പുസ്തകശാലകളിൽ ലഭ്യമല്ല. വായനക്കാർ ഈ ഗ്രന്ഥം വളരെ താല്പര്യപൂർവ്വം ആവശ്യപ്പെടുന്നുമുണ്ട്. വായനക്കാരുടെ ആവശ്യം പരിഗണിച്ച് ബഥനി പുസ്തകത്തിന്റെ 3-ാം പതിപ്പ് പ്രസിദ്ധീകരിക്കുകയാണ്.

വ്യത്യസ്തങ്ങളായ വിഷയങ്ങൾ പ്രതിപാദിച്ചു കൊണ്ട് മാർ ഈവാനി യോസ് പിതാവ് ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. സഭാജീവിതത്തിൽ അവശ്യം അറിയേണ്ട മിക്കവാറും എല്ലാ വിഷയങ്ങളെപ്പറ്റിയും ദൈവജനത്തെ ഉൽ ബുദ്ധരാക്കാൻ വന്ദ്യപിതാവു നടത്തിയ ശ്രമങ്ങളാണ് അദ്ദേഹത്തിന്റെ പുസ്തക ങ്ങൾ. സഭയെന്ന വികാരം ചങ്കിൽ കൊണ്ട ഒരു വ്യക്തിയുടെ ആത്മപ്രകാശന മാണ് അദ്ദേഹത്തിന്റെ രചനകൾ. ഈ പുസ്തകവും അത്തരത്തിലുള്ള ഒന്നാണ്.

ആണ്ടുവട്ടത്തിൽ സഭ ആചരിച്ചു വരുന്ന പെരുനാളുകൾ, നോമ്പുകൾ, അവയുടെ വേദപുസ്തക അടിത്തറ, സഭാപഞ്ചാംഗത്തിന്റെ രൂപീകരണം എന്നിവയെപ്പറ്റി വളരെ സൂക്ഷ്മമായ പഠനം ഈ ഗ്രന്ഥത്തിലുണ്ട്. ഒട്ടും അവ്യക്തത കൂടാതെ ലളിതമായ ഭാഷയിൽ തന്റെ ആശയങ്ങൾ അദ്ദേഹം അവതരിപ്പിക്കുന്നു. ആരാധനാക്രമ പഠിതാക്കൾക്ക് മനസ്സിലാക്കാൻ ധാരാളം വിഷയങ്ങൾ ഈ പുസ്തകത്തിലുണ്ട്.

സഭാസ്നേഹികൾ സന്തോഷപൂർവ്വം ഈ ഗ്രന്ഥം സ്വീകരിക്കുമെന്ന പ്രതീക്ഷയോടെ

ബഥനി പബ്ലിക്കേഷൻസിനുവേണ്ടി,

കോട്ടയം 686010

**ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.**
ഡയറക്ടർ, ബഥനി പബ്ലിക്കേഷൻസ്

# ക്രിസ്തീയ സഭാസംവത്സരം

## അദ്ധ്യായം -1

ഈ പുസ്തകത്തിന് "ക്രിസ്തീയസഭാസംവത്സരം" എന്നു പേരു കൊടുത്തിരിക്കുന്നു. ഈ പേരു എന്തു സംഗതി കാണിക്കുന്നു? ക്രിസ്തീയ സഭയ്ക്കു ഒരു സംവത്സരമുണ്ട്. കേരളീയരുടെ ഇടയിൽ സാധാരണമായി കൊല്ലവർഷം ചിങ്ങമാസം 1-ാം തീയതി ആരംഭിച്ചു കർക്കടകമാസം 21-ാം തീയതി അവസാനിക്കുന്നു. യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക, അമേരിക്കാ എന്നീ രാജ്യങ്ങളിൽ ക്രിസ്ത്യാനികളുടെ രാഷ്ട്രീയ സംവത്സരം ജനുവരി മാസം (മകരം) 1-ാം തീയതി ആരംഭിച്ചു ഡിസംബർ (ധനു) 31-ാം തീയതി അവസാനിക്കുന്നു.

നാം അധിവസിക്കുന്ന ഈ ഭൂമി ഏകദേശം പന്തുപോലെ ആകൃതിയുള്ള ഒരു ഗോളമാകുന്നു. ഈ ഗോളം അതിന്റെ സ്വന്ത അച്ചുതണ്ടിന്മേൽ ഇരുപത്തിനാലു മണിക്കൂറിലൊരിക്കൽ ഒന്നു കറങ്ങുന്നു. ഈ ഗോളം സൂര്യഗോളത്തെ അഭിമുഖമാക്കി ചെയ്യുന്ന പരിവർത്തനസമയം പകലും, അല്ലാതെയുള്ള സമയം രാത്രികാലവും ആകുന്നു. ഒരു ദിവസത്തെ ഒരു പ്രത്യേക കാലയളവായി ക്രിസ്തീയ സഭ പരിഗണിച്ചിരിക്കുന്നു. ലോകചരിത്രത്തിൽ ലോകരക്ഷിതാവായ യേശുമ്ശിഹാ ഒരിക്കൽ മാത്രം മനുഷ്യനായി അവതരിച്ചതിനെ സ്മരിച്ച്, ഒരു ദിവസം ഒരിക്കൽ ഒരു യാഗപീഠത്തിന്മേൽ ഒരു ആചാര്യൻ വിശുദ്ധ കുർബാനയാകുന്ന പൂജ അണയ്ക്കുന്നതു സ്മർത്തവ്യമാകുന്നു.

ഭൂമി സ്വന്ത അച്ചുതണ്ടിന്മേൽ ഇരുപത്തിനാലു മണിക്കൂറിലൊരിക്കൽ തിരിയുന്നതു കൂടാതെ, സൂര്യഗോളത്തിനു ചുറ്റുമായി പ്രദക്ഷിണം വെയ്ക്കുന്നുമുണ്ട്. ഒരു പ്രാവശ്യം പ്രദിക്ഷണം ചെയ്യുന്നതിനു മുന്നൂറ്റി അറുപത്തിയഞ്ചേകാൽ ദിവസം ഏകദേശം വേണ്ടിയിരിക്കുന്നു. ഈ കാലത്തെ ഒരു സംവത്സരമായി ഗണിക്കുന്നു. സാധാരണ സംവത്സരത്തിൽ മുന്നൂറ്റിഅറുപത്തിയഞ്ചു ദിവസവും, നാലു സംവത്സരം കൂടുന്ന ലീപ്പിയർ എന്ന സംവത്സരത്തിൽ മുന്നൂറ്റിഅറുപത്തിയാറു ദിവസവും കണക്കാക്കിയിരിക്കുന്നു. ഈ ഭൂമിയുടെ ചരിത്രത്തിൽ ഒരു സംവത്സരക്കാലം ഒരു പ്രത്യേക ഘട്ടം ആകുന്നു. ലോകരക്ഷിതാവായ യേശുമിശിഹാ സർവ്വ ജനങ്ങളുടെയും രക്ഷക്കായി ഈ ഭൂമിയിൽ മനുഷ്യനായി അവതരിച്ചു ചെയ്തിട്ടുള്ള രക്ഷാകരമായ പ്രവൃത്തികളെ സ്മരിക്കുന്നതിന് ഉപയുക്തമായ വിധത്തിൽ ക്രിസ്തീയസഭാസംവത്സരക്കാലമായ മുന്നൂറ്റിഅറുപത്തിയഞ്ചു ദിവസത്തെ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. കൊല്ലവർഷം ചിങ്ങമാസം ഒന്നാംതീയതിയിലും, ക്രിസ്തീയജനങ്ങളുടെ സംവത്സരം ജനുവരി (മകരം) ഒന്നാം തീയതിയിലും ആരംഭിക്കുന്നു. എന്നാൽ മതസംബന്ധമായും ഭക്തിവിഷയമായും ഉള്ള സംവത്സരക്കാലം ക്രിസ്തീയസഭ ആരംഭിക്കുന്നതു മേൽപറഞ്ഞ തീയതികളിലല്ല. നമ്മുടെ കർത്താവേശുമിശിഹായുടെ ഉയർത്തെഴുനേല്പും പെന്തിക്കുസ്തിയിലെ വിശുദ്ധാത്മനൽവരവും ക്രിസ്തീയസഭയുടെ ദൃഷ്ടിയിൽ ലോകരക്ഷയ്ക്കു ഏറെ ആവശ്യപ്പെട്ടിരുന്ന മഹൽസംഭവങ്ങളാകുന്നു. ഇവ രണ്ടും നടന്നതു ഞായറാഴ്ചയായിരുന്നു. അതുകൊണ്ടു ക്രിസ്തീയസഭ, ധാർമ്മികസംവത്സരം ആരംഭിക്കുന്നതു ഒരു ഞായറാഴ്ചയാകുന്നു. തുലാമാസം 30-ാം തീയതിയോ 31-ാം തീയതിയോ ഞായറാഴ്ച വന്നാൽ ആ ഞായറാഴ്ചയും, ഈ തീയതികളിൽ ഞായറാഴ്ച വരാത്തപക്ഷം വൃശ്ചികമാസം ആദ്യം വരുന്ന ഞായറാഴ്ചയും സഭാസംവത്സരത്തിന്റെ ആദ്യത്തെ ദിവസമായി-ഒന്നാമത്തെ ഞായറാഴ്ചയായി-സുറിയാനി സഭ ഗണിച്ചിരിക്കുന്നു. സൂര്യോദയത്തിങ്കൽ സൂര്യനെ അഭിമുഖമാക്കുന്ന ഭൂമിയുടെ ഉപരിഭാഗം ഇക്വേറ്റർ എന്ന രേഖയിൽനിന്നും ഏറ്റം അകന്നിരിക്കുന്ന സമയത്തിനു ഈക്വിനോക്സ് അഥവാ വിഷ്ഠവം (വിഷ്ഠ) എന്നു പറയുന്നു. ഇങ്ങനെ വിഷ്ഠവം ഉണ്ടാകുന്നതു തുലാമാസത്തിലും മേടമാസത്തിലുമാകുന്നു. മേടമാസത്തിലാണ് ദൈവം ഇസ്രായേൽജനത്തെ മിസ്രയിമിലെ അടിമയിൽ നിന്നും രക്ഷപെടുത്താ

നായി പുറപ്പെടുവിച്ചതും. അതുകൊണ്ടു യഹൂദന്മാരുടെ സഭാസംവത്സരം മേടമാസം 1-ാം തീയതി ആരംഭിക്കുന്നു. (പുറപ്പാടു 34:18) ക്രിസ്തീയസഭയൊ തുലാമാസത്തോടു ഘടിപ്പിച്ചു സഭാസംവത്സരം ക്രമപ്പെടുത്തിയിരിക്കുന്നു.

ക്രിസ്തീയസഭാസംവത്സരത്തിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്ന സ്മർത്തവ്യസംഭവങ്ങളും പെരുനാളുകളും ഏവയെന്നു ഗ്രഹിക്കുന്നതായാൽ ക്രിസ്തീയസഭാസംവത്സരത്തെക്കുറിച്ച് ഏകദേശമായ ജ്ഞാനമുണ്ടാകുന്നതാകുന്നു. അവയെ താഴെ ചേർക്കുന്നു.

(1) നമ്മുടെ കർത്താവായ യേശുമ്ശിഹാ ലോകരക്ഷയ്ക്കായി ചെയ്തിട്ടുള്ള മഹത്തരമായ പ്രവൃത്തികളെയും വ്യാപാരങ്ങളെയും ഓർക്കുന്നതിനും ബഹുമാനിക്കുന്നതിനും അവയിൽനിന്നു നമുക്കുവേണ്ട കൃപകൾ സമ്പാദിക്കുന്നതിനും, അവയ്ക്കായി ദൈവത്തെ സ്തുതിക്കുന്നതിനും വേണ്ടി പ്രത്യേക കാലങ്ങളും ദിവസങ്ങളും ക്രിസ്തീയസഭ ചിട്ടപ്പെടുത്തിയിരിക്കുന്നു.

ദൃഷ്ടാന്തം:-കർത്താവിന്റെ ജനനത്തെ നാം കൊണ്ടാടുന്നതു ധനുമാസം 25-ാം തീയതി "ജനനപ്പെരുനാളിൽ" ആകുന്നു. കർത്താവു നമ്മെപ്രതി നാല്പതുദിവസം നോമ്പു നോറ്റതിനെ നാം ബഹുമാനിക്കുന്നത് നാമും നാല്പതുദിവസം നോമ്പ് നോക്കുന്നതിലാകുന്നു. ഇതിലേക്കുള്ള കാലം "വലിയനോമ്പ്" കാലമാകുന്നു. ഈ നോമ്പിനോടുകൂടെ കർത്താവിന്റെ കഷ്ടാനുഭവത്തെ ബഹുമാനിക്കുന്നതിനായി പത്തു ദിവസംകൂടെ ചേർത്ത് അമ്പതുദിവസം നോമ്പു നിശ്ചയിച്ചിരിക്കുന്നു.

(2) നമ്മുടെ കർത്താവു തന്റെ വിശുദ്ധസഭ മുഖാന്തിരമായി നമുക്കു ഉപദേശിച്ചുതന്നിട്ടുള്ള "ഉപദേശത്തിനു തക്കവണ്ണം" (റോമ. 12:6) നമുക്കാവശ്യപ്പെട്ട ദിവ്യോപദേശങ്ങൾ യഥാക്രമം ലഭിച്ചുകൊണ്ടിരിപ്പാൻ ഉപയുക്തമായ ഭാഗങ്ങൾ വിശുദ്ധ വേദപുസ്തകത്തിൽനിന്നു ഓരോ ഞായറാഴ്ചയും പെരുനാളുകളിലും വായിക്കുന്നു. അതതു പെരുനാളിൽ ആഘോഷിക്കുന്ന സംഭവം (സംഗതി) ഏതൊ അതിനോടു ബന്ധമുള്ള ഭാഗങ്ങൾ പഴയനിയമത്തിൽനിന്നും വായിക്കുന്നു. ഈ ഭാഗങ്ങളിൽ അടങ്ങിയിരിക്കുന്ന ദിവ്യോപദേശം വിശുദ്ധ ജീവിതാഭിവൃദ്ധിക്കു അത്യന്താപേക്ഷിതമാകുന്നു. വിശുദ്ധ കാതോലിക്കാസഭയിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഉപദേശിക്കുന്ന പരമസത്യങ്ങളെ സംബന്ധിച്ച്

വിശുദ്ധ വേദത്തിൽനിന്നും പഠിക്കേണ്ട ഭാഗങ്ങളാണ് അതതു ദിവസ ത്തേക്കു നിശ്ചയിച്ചിട്ടുള്ളത്. അതതു പെരുനാളുകളിൽ പ്രധാനമായി പഠിക്കേണ്ട ആത്മീയപാഠങ്ങളും പ്രാർത്ഥനാവിഷയങ്ങളും ഈ വേദ ഭാഗങ്ങളിൽ അടങ്ങിയിരിക്കുന്നതുകൊണ്ടു പട്ടക്കാർക്കു പ്രസംഗി ക്കുന്നതിനും വിശ്വാസികൾക്കു വായിച്ച് പഠിക്കുന്നതിനും ഇവ എത്രയും ഉപയുക്തമാകുന്നു. കാതോലികാ വിശ്വാസത്തിൽ അന്തർഭവിച്ചിരിക്കുന്ന ഓരോ പരമസത്യങ്ങൾ ഓരോ പെരുനാളിലും ഞായറാഴ്ചയും പാഠ വിഷയമാകുന്നു.

(3) നമ്മുടെ കർത്താവിന്റെ അതിമഹത്തരമായ പുണ്യജീവിത ത്തിൽ നമ്മുടെ രക്ഷയ്ക്കുവേണ്ടി ചെയ്തിട്ടുള്ള ദിവ്യപ്രവൃത്തികളെ കർത്തൃദിനങ്ങളായ മാറാനായ പെരുനാളുകളിൽ നാം ഓർക്കുന്നു. വിശുദ്ധന്മാരുടെ ഓർമ്മദിവസങ്ങൾ മുതലായ മറ്റു പെരുനാളുകളിൽ, ക്രിസ്തീയസഭയുടെ ആരംഭംമുതൽ കർത്താവിനെ സ്നേഹിച്ചും, കർത്താവിന്റെ കൃപയും ശക്തിയും കൊണ്ടുനിറഞ്ഞും, ലോകത്തെയും പാപത്തെയും ജയിച്ചും, ജീവിച്ചിട്ടുള്ള പുണ്യാത്മാക്കളെ നാം ഓർ ക്കുന്നു. അവർക്കുവേണ്ടി വിശുദ്ധ കുർബാനയിൽ നാം അപേക്ഷിക്ക യും അവരുടെ അനുഗ്രഹങ്ങൾ നാം സമ്പാദിക്കുകയും അവരുടെ മധ്യസ്ഥപ്രാർത്ഥനകളെ അപേക്ഷിക്കുകയും ചെയ്യുന്നു. നമ്മുടെ കർത്താവു ഉപദേശിച്ചും ജീവിച്ചും കാണിച്ചുതന്നിട്ടുള്ള പുണ്യജീവിതം വിശുദ്ധ സഭയിൽ ആദിമുതൽ ഇന്നേയോളം വിശുദ്ധന്മാർ നയിച്ചു ലോകത്തെ ജയിച്ചു എന്ന പുണ്യം നേടി എന്നും ദൈവത്തെ മഹത്വപ്പെ ടുത്തി എന്നും അവരുടെ ജീവിതം അനേകരെ ദൈവത്തിങ്കലേക്കു ആകർഷിക്കുന്ന ശക്തിയായി ഇപ്പോഴും ഇരിക്കുന്നു എന്നും ഞാൻ അറിയുന്നു.

(4) ക്രിസ്തീയസഭാ സംവത്സരത്തിൽ ചില കാലത്തു സന്തോ ഷവും ആനന്ദവും കാണിക്കുന്ന മഹോത്സവങ്ങളാചരിക്കുന്നു. കർത്താ വിന്റെ ജനനം, രൂപാന്തരം, ഉയർത്തെഴുന്നേല്പ്, സ്വർഗ്ഗാരോഹണം മുതലായവ സന്തോഷദിനങ്ങളാകുന്നു. വേറെ ചില കാലങ്ങളിൽ ദുഃഖ വും നോമ്പു മുതലായ വ്രതങ്ങളും ആചരിക്കുന്നു. കഷ്ടാനുഭവ ആഴ്ച യിൽ കർത്താവിന്റെ കഷ്ടപ്പാടിൽ നാമും പങ്കുകൊള്ളുന്നു.

മൂന്നു നോമ്പിനെ നാം പ്രത്യേകമായ അനുതാപകാലമായി ആചരിക്കുന്നു.

മനുഷ്യൻ, മൃഗങ്ങൾ, വൃക്ഷങ്ങൾ, പൂക്കൾ മുതലായ ഓരോന്നിനും "അസ്ഥികൂടം" ഉണ്ട്. മനുഷ്യന്റെ "അസ്ഥികൂടം" അവന്റെ അസ്ഥികൾ യഥാക്രമം വെയ്ക്കപ്പെട്ടിരിക്കുമ്പോൾ കാണുന്ന ആകൃതിയാകുന്നു. അസ്ഥികൂടത്തിന്റെ പുറത്തു ഓരോ സ്ഥാനത്തും ആവശ്യം പോലെ മാംസപേശികളും മറ്റും ചേർത്തു മനുഷ്യശരീരവും, മനോഹരമായ പൂവും മറ്റും ഉണ്ടാക്കുന്നു. ക്രിസ്തീയസഭാസംവത്സരം ഒരു "അസ്ഥികൂടം" ആകുന്നു. പ്രധാന അസ്ഥികൾ ഇന്നിന്നവയെന്നും അതോടു സംഘടിപ്പിച്ചിട്ടുള്ള ശാഖകളും ഉപശാഖകളും ഇന്നിന്നവയെന്നും, ക്ലിപ്തപ്പെട്ടിരിക്കുന്നതുപോലെ, ക്രിസ്തീയസംവത്സരത്തിലും കാണുന്നുണ്ട്. കർത്താവേശുമ്ശിഹായുടെ ജനനം, മാമോദീസാ, രൂപാന്തരം, ഓശാന, കഷ്ടാനുഭവം, മരണം, ഉയർത്തെഴുനേല്പ്, സ്വർഗ്ഗാരോഹണം, പെന്തിക്കുസ്തി മുതലായ ഓരോന്നും പ്രധാന അസ്ഥികളാകുന്നു. അവയോടു സംഘടിച്ചു ഓരോ ഞായറാഴ്ചയും മറ്റു പെരുനാളുകളും ക്രമീകരിക്കപ്പെട്ടിരിക്കുന്നു.

"എല്ലാ സമയവും ഒരുപോലെയല്ലയോ? എല്ലാ സ്ഥലവും ഒരുപോലെയല്ലയോ?" ആ സ്ഥിതിക്കു വിശുദ്ധസ്ഥലങ്ങളും വിശുദ്ധ ദിവസങ്ങളും പ്രത്യേകം ഉണ്ടായിരിക്കേണ്ട ആവശ്യം എന്താണെന്നു ഇക്കാലത്തു ചിലർ ചോദിക്കാറുണ്ട്.

മനുഷ്യപ്രകൃതി പ്രത്യേക സ്ഥലങ്ങളും സമയങ്ങളും പരിശുദ്ധമായി ബഹുമാനിക്കാൻ ആഗ്രഹിക്കുന്നു. മനുഷ്യർ തങ്ങളുടെ ജനനദിവസത്തെ ആണ്ടുതോറും ആഘോഷിക്കുന്നു. രാജ്യത്തിൽ എല്ലായിടത്തും മഹാരാജാവിന്റെയും ചക്രവർത്തിയുടെയും ജനനദിവസം ആഘോഷിക്കുന്നു. വിവാഹജീവിതക്കാർ തങ്ങൾ വിവാഹം ചെയ്ത തീയതി ആണ്ടുതോറും ഒരു സുദിനമായി ആചരിക്കുന്നു. ചിലർക്കു അറുപതു വയസ്സു തികയുന്ന ദിവസം ഒരു പ്രത്യേക ദിവസമായി ആചരിക്കുന്നു. നമ്മുടെ കർത്താവിനോടുള്ള ഭക്തിബഹുമാനങ്ങൾ നിമിത്തം കർത്താവിന്റെ ജീവിതത്തിൽ നമ്മുടെ രക്ഷയ്ക്കുവേണ്ടി പ്രവർത്തിച്ച പ്രധാന സംഗതികളെ നാം ഓർത്തു കർത്താവിനെ ബഹുമാനിക്കയും ആരാധിക്കയും ചെയ്യാൻ പ്രത്യേക ദിവസങ്ങൾ ആചരിക്കുന്നതു മനുഷ്യപ്രകൃതിയാകുന്നു. അങ്ങനെ ചെയ്യരുതെന്നു പറയുന്നതു പ്രകൃതിവിരുദ്ധമാകുന്നു. എന്നു തന്നെയല്ല ചില പ്രത്യേക ദിവസങ്ങൾ ശുദ്ധദിവസങ്ങളായി മനുഷ്യർ ആചരിക്കുന്നതിനു കർത്താവു നിയമിച്ചിട്ടുള്ള

തായി നാം കാണുന്നു. യഹൂദസഭയിൽ പലപല പെരുനാളുകൾ ദൈവം ഏർപ്പെടുത്തി. "യഹോവാ നിയമിച്ച ദിവസം ഇതാകുന്നു" എന്നു ദാവീദു പറയുന്നു. (സങ്കീ. 118:24) അതുപോലെ ക്രിസ്തീയസഭയിലും പ്രത്യേക ദിവസങ്ങൾ ആദിമുതൽ നിശ്ചയിക്കപ്പെട്ടു. "കർത്താവിന്റെ ദിവസത്തിൽ ഞാൻ ആത്മാവിൽ ആയി" എന്നു വിശുദ്ധ യോഹന്നാൻ പറയുന്നു. (വെളിപാടു 1:10) പ്രത്യേക ദിവസങ്ങൾ തന്നെയല്ല, പ്രത്യേകസ്ഥലങ്ങളും ദൈവത്തിന്റെ വിശേഷ വിധിയായ വ്യാപാരമുള്ളതായി ദൈവം നിശ്ചയിച്ചു. ഇസ്രായേൽജനത്തിനു "സമാഗമന" കൂടാരത്തിൽ ദൈവത്തിന്റെ പ്രത്യേക സാന്നിദ്ധ്യം ഉണ്ടായിരുന്നു. മോശയ്ക്കു മുൾപ്പടർപ്പിൽ ദൈവം വെളിപ്പെടുമ്പോൾ ആജ്ഞാപിച്ചതു "നീ നില്ക്കുന്ന സ്ഥലം ശുദ്ധസ്ഥലമാകുന്നു" എന്നായിരുന്നു. (പുറപ്പാടു 3:5) ക്രിസ്തീയസഭയിലും വിശുദ്ധസ്ഥലങ്ങൾ പ്രത്യേകമായി ഉണ്ട്. നമ്മുടെ കർത്താവു ജനിച്ച ബേത്‌ലഹേം, മരിച്ച ഗോഗുൽത്താമല, കബറടങ്ങിയ കബർ മുതലായവ ശുദ്ധസ്ഥലങ്ങളാകുന്നു. ഇവ തന്നെയല്ല പുണ്യസ്ഥലങ്ങൾ, ഇപ്പോൾ ഏതെല്ലാം ദേവാലയങ്ങളിൽ വിശുദ്ധ കുർബ്ബാന വഴിയായി കർത്താവു എഴുന്നള്ളി പാർക്കുന്നുവോ ആ ദേവാലയങ്ങൾ ഓരോന്നും ശുദ്ധസ്ഥലങ്ങളാകുന്നു, "ദൈവത്തോടു അടുത്തു ചെല്ലുവിൻ; അവൻ നിങ്ങളോടു അടുത്തു വരും" എന്നുള്ള വേദവാക്യം (യാക്കോബു 4:8) അനുസരിച്ചു നമുക്കു ദൈവത്തോടു പ്രത്യേകമായി അടുത്തുചെല്ലുവാൻ സഹായിക്കുന്നതും ദൈവത്തിന്റെ അസാധാരണ സാന്നിദ്ധ്യം ഉണ്ടെന്നു നമുക്കു ഉറപ്പു തന്നിട്ടുള്ളതുമായ സ്ഥലങ്ങളുണ്ട്. മേല്പട്ടക്കാർ കൂദാശ ചെയ്തിട്ടുള്ള ദേവാലയങ്ങൾ അങ്ങനെയുള്ള സ്ഥലങ്ങളാകുന്നു. യേശുവിന്റെ പുത്രനായ സിറാഹിന്റെ മഹാജ്ഞാനം എന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു. "ഒരു ദിവസത്തിനു മറ്റൊരു ദിവസത്തെക്കാൾ വിശേഷമുണ്ടാകാൻ കാര്യമെന്തു? സംവത്സരത്തിലുള്ള എല്ലാ ദിവസത്തെയും വെളിച്ചം, സൂര്യന്റേതു തന്നെയല്ലയോ എന്നാൽ യഹോവയുടെ ജ്ഞാനത്താൽ അവ വേർതിരിക്കപ്പെടുന്നു. കാലങ്ങളേയും പെരുനാളുകളെയും അവൻ വേർപെടുത്തിയിരിക്കുന്നു. ചില ദിവസങ്ങളെ അവൻ ശ്രേഷ്ഠദിവസങ്ങളായി നിശ്ചയിച്ച് ശുദ്ധീകരിച്ചിരിക്കുന്നു. വേറെ ചില ദിവസങ്ങളെ അവൻ സാമാന്യ ദിവസങ്ങളാക്കിയിരിക്കുന്നു" (മഹാജ്ഞാനം 33:7–9).

വിശുദ്ധ അഗസ്തീനോസു പറയുന്നതാവിതു:- "കാലക്രമം കൊണ്ടു നന്ദികേടിന്റെ ഫലമായ മറവി നമ്മിലുണ്ടാകാതിരിപ്പാനായി, ദൈവം നമുക്കു ചെയ്തിട്ടുള്ള നന്മകളെ ഓർക്കുന്നതിനു പ്രത്യേക ഉത്സവങ്ങളേയും പെരുനാളുകളെയും നാം പ്രതിഷ്ഠിക്കുന്നു." പ്രത്യേക ആളുകളെയും സമയങ്ങളെയും സ്ഥലങ്ങളെയും ദൈവശുശ്രൂഷയ്ക്കും ദൈവത്തിന്റെ ബഹുമാനത്തിന്നുമായി വേർതിരിക്കുന്നതായ പതിവു എല്ലാ കാലത്തും എല്ലാ ദേശത്തും എല്ലാ മതങ്ങളിലും ഉള്ളതാകുന്നു. ദൈവം പ്രത്യേക ആളുകളെയും സമയത്തെയും സ്ഥലത്തെയും ശുദ്ധീകരിക്കുന്നതായി വേദത്തിൽ നാം കാണുന്നു:- "നീ നില്ക്കുന്ന സ്ഥലം ശുദ്ധമുള്ളതാകുന്നു" (പുറപ്പാടു 3:5).

"മോശ അഭിഷേകതൈലവും യാഗപീഠത്തിന്മേലുള്ള രക്തവും കുറേശ്ശെ എടുത്തു അഹറോന്റെ മേലും അവന്റെ വസ്ത്രത്തിന്മേലും അവന്റെ പുത്രന്മാരുടെ മേലും, പുത്രന്മാരുടെ വസ്ത്രത്തിന്മേലും തളിച്ചു. അഹറോനെയും അവന്റെ വസ്ത്രത്തേയും, അവന്റെ പുത്രന്മാരെയും പുത്രന്മാരുടെ വസ്ത്രങ്ങളെയും ശുദ്ധീകരിച്ചു" (ലേവ്യ. 8:30).

"ശാബ്ബത്തുനാളിനെ ശുദ്ധീകരിപ്പാൻ ഓർക്കുക" (പുറപ്പാടു 20:8) "നിങ്ങൾ എന്റെ ശാബ്ബത്തുകൾ പ്രമാണിക്കുകയും എന്റെ വിശുദ്ധ മന്ദിരത്തോടു ഭയഭക്തിയുള്ളവരായിരിക്കുകയും വേണം. ഞാൻ യഹോവ ആകുന്നു" (ലേവ്യ. 19:30) വിശുദ്ധ ദിവസങ്ങൾ എങ്ങനെ ആചരിക്കണമെന്നു യെശയ്യാ ദീർഘദർശിയെക്കൊണ്ടു ദൈവം പറയിച്ചിരിക്കുന്നു:- "നീ എന്റെ വിശുദ്ധ ദിവസത്തിൽ നിന്റെ കാര്യാദികൾ നോക്കാതെ ശാബ്ബത്തിൽ നിന്റെ കാൽ അടക്കിവെച്ചു, ശാബ്ബത്തിനെ ഒരു സന്തോഷം എന്നും യഹാവായുടെ വിശുദ്ധ ദിവസത്തെ ബഹുമാനയോഗ്യം എന്നും പറകയും നിന്റെ വേലയ്ക്കു പോകയോ, നിന്റെ കാര്യാദികളെ നോക്കുകയോ വ്യർത്ഥസംസാരത്തിൽ നേരം പോക്കുകയോ ചെയ്യാതവണ്ണം അതിനെ ബഹുമാനിക്കയും ചെയ്യുമെങ്കിൽ, നീ യഹോവയിൽ പ്രമോദിക്കും" (യെശയ്യ. 58:13).

ദൈവകല്പനപ്രകാരം വിശുദ്ധ ദിവസങ്ങളെ ആചരിക്കുന്ന ജനങ്ങൾ സഹോദരസ്നേഹത്തിലും നീതിയോടും സത്യത്തോടും ദൈവഭയത്തോടുംകൂടെ ജീവിക്കുന്നവരുമായിരിക്കണം. ജീവിതം മലിനമായി കഴിച്ചുകൂട്ടുന്നവരുടെ നേർച്ചകളും പെരുനാൾ ആഘോഷങ്ങളും

ദൈവത്തിനു ഇഷ്ടമല്ല. "ഇനി നിങ്ങൾ വ്യർത്ഥമായുള്ള കാഴ്ച കൊണ്ടു വരരുത്. ധൂപം എനിക്കു വെറുപ്പാകുന്നു. അമാവാസ്യയും ശാബ്ബത്തും സഭായോഗം കൂടുന്നതും നീതികേടും ഉത്സവയോഗവും എനിക്കു സഹിച്ചുകൂടാ. നിങ്ങളുടെ ഉത്സവങ്ങളെയും അമാവാസ്യകളെയും ഞാൻ വെറുക്കുന്നു. അവ എനിക്ക് അസഹ്യം; ഞാൻ അവ സഹിച്ചു മുഷിഞ്ഞിരിക്കുന്നു----- തിന്മ ചെയ്യുന്നതു മതിയാക്കുവിൻ. നന്മ ചെയ്യാൻ പഠിപ്പീൻ" (യെശയ്യാവു 1:10-17).

നമ്മുടെ കർത്താവായ യേശുമ്ശിഹാ മനുഷ്യനായി ലോകത്തിൽ സഞ്ചരിച്ചപ്പോൾ യഹൂദന്മാർ ശാബ്ബത്തു സ്നേഹവും ഭക്തിയും കൂടാതെ കേവലം കർമ്മാചാരമായി ആചരിച്ചുവന്നു. ശാബത്തു ശരി യായി ആചരിക്കണമെന്ന് കർത്താവു ഉപദേശത്താലും ദൃഷ്ടാന്തത്താ ലും പഠിപ്പിച്ചു (മത്തായി 12:1-8). "ഞാൻ ന്യായപ്രമാണത്തെയോ ദീർഘ ദർശികളെയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കരുത്. നീക്കു വാനല്ല, നിവർത്തിപ്പാനത്രെ ഞാൻ വന്നത്" (മത്താ. 5:27).

യഹൂദസഭയിലെ കല്പനപ്രകാരമുള്ള പെരുനാളുകൾ ആ സഭയിൽ യോഗ്യമായി ആചരിക്കേണ്ടതായിരുന്നു. യഹൂദസഭയിലെ ആചാരങ്ങൾ ക്രിസ്തീയസഭയിൽ ആചരിക്കേണ്ടതല്ല. അവ ക്രിസ്തീയസഭയിലെ ആചാരങ്ങളുടെ "നിഴൽ" ആയിരുന്നു (എബ്രാ. 10:1; ഗലാത്യർ 4:9). ക്രിസ്തീയസഭയിലെ നിയമമനുസരിച്ചുള്ള പെരുനാളുകൾ ക്രിസ്തീയസഭയിൽ ആചരിക്കേണ്ടതാകുന്നു.

**ക്രിസ്തീയസഭാസംവത്സരം എങ്ങനെയുണ്ടായി?**

നമ്മുടെ കർത്താവായ യേശുമിശിഹാ ലോകത്തിൽ എഴുന്നള്ളി നമ്മുടെ രക്ഷയ്ക്കുവേണ്ടതായ സകലവും പ്രവർത്തിച്ചു. കർത്താവു സ്വർഗ്ഗാരോഹണം ചെയ്തതിന്റെ ശേഷം ഒന്നാമത്തെ പെന്തിക്കുസ്തി ഞായറാഴ്ച പരിശുദ്ധ റൂഹായെ വിശുദ്ധ ശ്ലീഹന്മാരുടെ മേൽ അയക്കു കയും അന്നു വിശുദ്ധസഭയെ ജനിപ്പിക്കയും ചെയ്തു. അന്നുമുതൽ വിശുദ്ധ ശ്ലീഹന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലും സുവിശേഷ മറിയിക്കുകയും, അനേകമാളുകളെ പഠിപ്പിച്ചു മാമോദീസാ മുക്കി ക്രിസ്ത്യാനികളാക്കിത്തീർക്കുകയും ചെയ്തു. ഇങ്ങനെ ക്രിസ്തീയസഭ പല സ്ഥലങ്ങളിൽ ഉണ്ടായി. അതതു സ്ഥലങ്ങളിൽ പട്ടക്കാരെയും (കശ്ശീശ്ശന്മാർ) മേല്പട്ടക്കാരെയും (എപ്പിസ്കോപ്പന്മാർ) വിശുദ്ധ അപ്പോ

സ്തലന്മാർ തന്നെ നിയമിച്ചു. ദേവാലയങ്ങൾ സ്ഥാപിക്കയും പള്ളി ശുശ്രൂഷകളും ആരാധനാക്രമങ്ങളും ക്രമപ്പെടുത്തുകയും ചെയ്തു. കാലക്രമത്തിൽ ഈ ശുശ്രൂഷാക്രമങ്ങളും ആരാധനാരീതികളും വികസിച്ചു വളർന്നു വന്നു. ക്രിസ്തീയസഭയിൽ പെരുനാളുകളും ഉത്സവങ്ങളും ആചരിച്ചു തുടങ്ങി. അത്ഭുതകരമായ പ്രായോഗികജ്ഞാനത്തോടുകൂടി വിശുദ്ധസഭ അവയെ ക്രമപ്പെടുത്തുകയും യാമപ്രാർത്ഥനകൾ, വേദവായനകൾ, സംഗീതങ്ങൾ, കീർത്തനങ്ങൾ, മുതലായവയെ നിശ്ചയിക്കയും ക്രമീകരിക്കയും ചെയ്തു. ഇവയെല്ലാം ഒരു ദിവസം കൊണ്ടോ ഒരു സംവത്സരംകൊണ്ടോ തീർച്ചപ്പെട്ടവയല്ല. പലനാളത്തെ പ്രാർത്ഥനാജീവിതത്തിന്റെയും വിശുദ്ധ നടപടികളുടെയും ഫലമായി വിശുദ്ധ പിതാക്കന്മാർ ക്രമപ്പെടുത്തിയതാകുന്നു.

ഇപ്പോൾ നാം ആചരിച്ചുവരുന്ന സകല പ്രാർത്ഥനകളും ശുശ്രൂഷാക്രമങ്ങളും അപ്പോസ്തല കാലത്തുതന്നെ, ഇതുപോലെ നിയമിക്കപ്പെട്ടതല്ല. അവ വിശുദ്ധ സഭയിൽ കാലക്രമംകൊണ്ടു വളർന്നു വന്നവയാകുന്നു. അവയെ ഏർപ്പെടുത്തിയ വിശുദ്ധ പിതാക്കന്മാർ വിശുദ്ധ റൂഹായാൽ പ്രേരിതരായിരുന്നു. പുതിയനിയമത്തിൽ ഈ വക ആചാരങ്ങളെപ്പറ്റി അല്പമായി നാം വായിക്കുന്നുണ്ട്. ഈവക വിശുദ്ധാചാരങ്ങൾക്കു "പ്രമാണങ്ങൾ" "നടപടിക്രമങ്ങൾ" "ആചാരങ്ങൾ" എന്നു പുതിയനിയമത്തിൽ പറയുന്നു. "ആകയാൽ സഹോദരന്മാരെ നിങ്ങൾ ഉറച്ചുനിന്നു, ഞങ്ങൾ വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചുതന്ന പ്രമാണങ്ങളെ മുറുകെ പിടിച്ചു കൊൾവീൻ" (2 തെസ്സ. 2:15). "സഹോദരന്മാരെ, ഞങ്ങളോടു പ്രാപിച്ച പ്രമാണം വിട്ടു ക്രമംകെട്ടു നടക്കുന്ന ഏതു സഹോദരനോടും അകന്നു കൊള്ളണം" (2 തെസലോ. 3:6).

മോശയുടെ ധർമ്മത്തിൽ നിഴലായി കിടന്നതും മുൻകുറിയായിരുന്നതും ക്രിസ്തീയസഭയിൽ നിറവേറിയിരിക്കുന്നു. ക്രിസ്തീയസഭയിലെ ഓരോ ആചാരങ്ങളും കർമ്മങ്ങളും പഴയനിയമ കാലത്ത് അപൂർണ്ണമായും അസ്പഷ്ടമായും ഉണ്ടായിരുന്നവയാകുന്നു. ദൃഷ്ടാന്തമായി യെശയ്യാ ദീർഘദർശിയുടെ പുസ്തകം 52-ഉം 53-ഉം 54-ഉം 60-ഉം അദ്ധ്യായങ്ങൾ അക്ഷരപ്രകാരം യഹൂദസഭയിൽ നിവൃത്തിച്ചില്ല. ക്രിസ്തീയ സഭ യിലത്രെ അവ നിവർത്തിച്ചിരിക്കുന്നത്.

യഹൂദസഭയിൽ ശാബ്ബതാചാരം ഉണ്ടായിരുന്നു. ക്രിസ്തീയസഭയിൽ കർത്താവിന്റെ ഉയർത്തെഴുനേല്പിൻ നാളാകുന്ന ഞായറാഴ്ച ആചരിക്കുന്നു.

യഹൂദസഭയിൽ അഹറോന്യ ആചാര്യത്വം ഉണ്ടായിരുന്നു. ക്രിസ്തീയസഭയിൽ അപ്പൊസ്തല കൈവെപ്പ് (ക്രിസ്തീയ ആചാര്യത്വം) മേൽപട്ടക്കാർ വഴിയായി നിലനില്ക്കുന്നു. യഹൂദസഭയിൽ കുഞ്ഞാടിന്റെയും മറ്റും യാഗങ്ങളുണ്ടായിരുന്നു. ക്രിസ്തീയസഭയിൽ വിശുദ്ധ കുർബാനയാകുന്ന യാഗം നിലനില്ക്കുന്നു. “സകല ജാതികളുടെയും മനോഹരവസ്തു വരികയും ചെയ്തു” എന്നു ദീർഘദർശിയാൽ പറയപ്പെട്ടതു വിശുദ്ധ ക്രിസ്തീയസഭയെപ്പറ്റിയാകുന്നു.

# അദ്ധ്യായം -2

അപ്പൊസ്തലന്മാർ പെന്തിക്കുസ്തിയിൽ പരിശുദ്ധാത്മാവിനെ പ്രാപിച്ച സമയം കർത്താവു തന്റെ വിശുദ്ധസഭയെ ലോകത്തിൽ സ്ഥാപിക്കയായിരുന്നു. അതിനുമുമ്പുള്ള കർത്താവിന്റെ സകല ശ്രമങ്ങളും വിശുദ്ധസഭ സ്ഥാപിക്കുന്നതിനു വേണ്ട ഒരുക്കങ്ങളായിരുന്നു. വിശുദ്ധ സഭയെ സ്ഥാപിച്ചുയുടനെതന്നെ സഭയിൽ 'ക്രിസ്തീയ സംവത്സരം' ക്ലിപ്തപ്പെടുത്തുകയും പെരുന്നാളുകൾ നിശ്ചയിക്കുകയും ചെയ്തില്ല. ക്രിസ്തീയ സംവത്സരവും പെരുന്നാളുകളും ക്രമപ്പെട്ടത് സാവകാശത്തിലും കാലക്രമംകൊണ്ടു ആയിരുന്നു. ഏതുപ്രകാരം ഒരു വേരിൽനിന്നു ചെടി പൊട്ടിക്കിളിർത്തു വളർന്നു വൃക്ഷമായിത്തീരുന്നുവോ അപ്രകാരം യഹൂദസഭയിലെ പെരുന്നാളുകളും മറ്റും ക്രമപ്പെടുത്തിയിരുന്ന 'യഹൂദസംവത്സര'ത്തിൽനിന്ന് 'ക്രിസ്തീയ സംവത്സരം' വികസിച്ചുണ്ടായതാണ്. "യിശ്ശായിയുടെ കുറ്റിയിൽനിന്ന് ഒരു മുള പൊട്ടി പുറപ്പെടും; അവന്റെ വേരുകളിൽനിന്നുള്ള ഒരു കൊമ്പ് ഫലം കായിക്കും" (ഏശായ 11:1). യിശ്ശായിയുടെ 'കുറ്റി' 'വേര്' യഹൂദസഭയും 'മുള' 'കൊമ്പ്' നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരജീവിതവും ആകുന്നു. അങ്ങ് "ആൽഫായും ഒമേഗായും ആകുന്നു". അങ്ങ് ആദിയും അന്ത്യവും ആകുന്നു. അങ്ങ് ഒന്നാമത്തവനും ഒടുക്കത്തവനും ആകുന്നു. അങ്ങ് വിശുദ്ധസഭയുടെ സകല ആരാധനയ്ക്കും പൂജയ്ക്കും വേലയ്ക്കും പ്രകാശവും ജീവനും ആകുന്നു.

പൂർവ്വകാലത്തു 'കാട്ടുമുന്തിരി'യായിരുന്ന ചെടിയാണു വളരെ നാളത്തെ കൃഷിയുടെയും ശ്രമത്തിന്റെയും ഫലമായി 'നല്ല മുന്തിരി' ച്ചെടിയായിത്തീർന്നിട്ടുള്ളത്. പിലാവ്, 'കൈത' (കൈതച്ചക്കയുണ്ടാകുന്ന ചെടി) മുതലായ പലതും ഇങ്ങനെ ദീർഘകാലത്തെ ശ്രദ്ധകൊണ്ടു മനുഷ്യർക്കു ഉപയോഗയോഗ്യമായിതീർന്നതാണ്. അവയിലുണ്ടാകുന്ന ഫലങ്ങൾ മനുഷ്യർക്ക് സ്വാദുള്ളതും രസകരവും ആകുന്നു. കോഴി,

പൂച്ച, നായ് മുതലായ മൃഗങ്ങൾ പല കാലംകൊണ്ടാണ് ഇണങ്ങിയത്. ഇപ്പോൾ ക്രിസ്തീയ സംവത്സരം പൂർവപിതാക്കളുടെയും ഇസ്രായേലിന്റെയും 'ധാർമ്മികസംവത്സര'ത്തിൽനിന്ന് ഉത്ഭവിച്ചതാണ്. "ശാഖ" യിശ്ശായിയുടെ 'കുറ്റി'യിൽ നിന്നുപുറപ്പെട്ട 'നിഴലി'നെ മാറ്റിയ 'അസൽ ദേഹം'-കർത്താവേശുമിശിഹായുടേതാകുന്നു. നമ്മുടെ കർത്താവിന്റെ 'മനുഷ്യാവതാരജീവിത'മർമ്മത്തെ വിശുദ്ധസഭ സ്വസന്താനങ്ങളായ സഭാംഗങ്ങളുടെ ആത്മീയവളർച്ചയ്ക്കായി ക്രിസ്തീയസംവത്സരത്തിൽ അനുസ്മരണാർത്ഥം ക്രമപ്പെടുത്തിയിരിക്കുന്നു. 'നാടകം' അഭിനയിക്കുന്നവർ കാഴ്ചക്കാരെ സാന്മാർഗ്ഗികപാഠങ്ങൾ പഠിപ്പിക്കുന്നതുപോലെ വിശുദ്ധസഭ കാലങ്ങളും ദിവസങ്ങളും, ക്രമപ്പെടുത്തുകയും, ഓരോ പെരുനാളുകൾക്കും യഥോചിതമായ വേദവായനകളും ഗാനരീതികളും പ്രാർത്ഥനകളും, പ്രായോഗികമായ ബുദ്ധിവിശേഷത്തോടുകൂടി വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു. (ഇന്ന) കാലത്തു, (ഇന്ന) പെരുനാളിന് (ഇന്ന) നിറത്തിലുള്ള വിശുദ്ധ വസ്ത്രങ്ങൾ ഉപയോഗിക്കണമെന്നും (ഇന്ന) രീതിയിലുള്ള ഗാനം ദൈവാരാധനയ്ക്കായി ഉപയോഗിക്കണമെന്നും (ഇന്നയിന്ന) വേദഭാഗങ്ങൾ വായിക്കണമെന്നും മറ്റും സ്മാരകവിഷയമായ സംഗതികളുടെ ഗൗരവത്തിനും സ്വഭാവത്തിനും തക്കവണ്ണം ആകുന്നു, വിശുദ്ധസഭ ചട്ടപ്പെടുത്തിയിരിക്കുന്നത്. യവനസഭ (ഗ്രീക്ക്സഭ) അർമ്മീനിയ സഭ, സുറിയാനിസഭ, റോമാസഭ മുതലായ എല്ലാ പൂർവ്വികസഭകളിലും ഈ വ്യവസ്ഥകൾ ഉണ്ട്. ഈ ഏർപ്പാടുകൾ കാലക്രമംകൊണ്ടു വിശുദ്ധ സഭയിൽ വളർന്നുവന്നതാണ്. അതിനാൽ ക്രിസ്തീയ സഭാസംവത്സരത്തിൽ കാണുന്ന പെരുനാളുകൾ 'പുതിയനിയമ' പുസ്തകത്തിൽ വിവരിച്ചിരിക്കണമെന്നു ആഗ്രഹിച്ചുകൂടാ. പുതിയനിയമത്തിൽ അതെപ്പറ്റി സൂചനകൾ കാണുന്നു. അപ്പസ്തോലിക സഭയുടെ 'പാരമ്പര്യങ്ങൾ' 'നടപടികൾ' 'ആചാരങ്ങൾ' മുതലായവയെ ക്രിസ്ത്യാനിയാണെന്നു തന്നത്താൻ അഭിമാനിക്കുന്ന യാതൊരുത്തനും അവഗണിച്ചു കൂടാത്തതാകുന്നു. വി: പൗലോസുശ്ലീഹാ താഴെക്കാണുന്ന പ്രകാരം ഉപദേശിച്ചിരിക്കുന്നു:-

"ആകയാൽ സഹോദരന്മാരെ, നിങ്ങൾ ഉറെച്ചുനിന്നു, ഞങ്ങൾ വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചുതന്ന പ്രമാണങ്ങളെ മുറുകെ പിടിച്ചു കൊൾവിൻ" (2 തെസ്സലൊ. 2:15).

“സഹോദരന്മാരേ, ഞങ്ങളോടു പ്രാപിച്ച പ്രമാണംവിട്ട് ക്രമംകെട്ടു നടക്കുന്ന ഏതു സഹോദരന്മാരോടും അകന്നു കൊള്ളണം എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോടു ആജ്ഞാപിക്കുന്നു” (2 തെസ്സലൊ. 3:6).

“നിങ്ങൾ സകലത്തിലും എന്നെ ഓർക്കുകയും ഞാൻ നിങ്ങളെ ഏല്പിച്ച കല്പനകളെ പ്രമാണിക്കയും ചെയ്കയാൽ നിങ്ങളെ പുകഴ്ത്തുന്നു” (1 കോറിന്തി. 11:2).

“ഒരുത്തൻ തർക്കിപ്പാൻ ഭാവിച്ചാൽ അങ്ങനെയുള്ള മര്യാദ ഞങ്ങൾക്കില്ല, ദൈവസഭകൾക്കുമില്ല എന്ന് ഓർക്കട്ടെ” (1 കോരിന്തി. 11:16).

“ആകയാൽ എന്റെ അനുകാരികൾ ആകുവീൻ എന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. ഇതുനിമിത്തം കർത്താവിൽ വിശ്വസ്തനും എന്റെ പ്രിയമകനുമായ തിമോഥെയോസിനെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു. ഞാൻ വീണ്ടും ഏതു സഭയിലും ഉപദേശിക്കുന്നതു പോലെ ക്രിസ്തുവിലുള്ള എന്റെ വഴികൾ അവൻ നിങ്ങളെ ഓർപ്പിക്കും (1 കോരിന്തി. 4:16–18). ആദ്യസഭയിൽ ഒന്നാമത്തെയോ രണ്ടാമത്തെയോ ശതവർഷക്കാലത്തുപോലും ക്രിസ്തീയസഭാസംവത്സരവും ‘പെരുനാൾ’ മുതലായ ആചാരക്രമങ്ങളും പൂർണ്ണമായി വികസിച്ചിരുന്നു എന്നു വിചാരിക്കരുത്. പള്ളിശുശ്രൂഷകൾ, ആരാധനക്രമങ്ങൾ, നമസ്ക്കാര ക്രമങ്ങൾ, ക്രിസ്തീയ കലാവിദ്യകൾ, ദൈവാലയകെട്ടിടങ്ങൾ, ഭക്തി വിഷയമായ കൊത്തുപണികൾ മുതലായ കലകൾ, ക്രിസ്തീയഗാനരീതികൾ മുതലായ ഓരോന്നും പല ശതവർഷക്കാലങ്ങൾകൊണ്ടു ക്രമാനുഗതമായി രൂപപ്പെടുകയും വികസിക്കയും ക്രമവും ഭംഗിയും ഉള്ള അവസ്ഥയെ വിശുദ്ധസഭയുടെ നടത്തിപ്പിൻ കീഴിൽ പ്രാപിക്കയും ചെയ്തിട്ടുള്ളതാകുന്നു. ആദ്യസഭയിൽ ക്രിസ്ത്യാനികൾ വി: കുർബാനക്കായും ദൈവാരാധനയ്ക്കായും കൂടിവന്നതു മനോഹരങ്ങളായ ഭദ്രാസനപ്പള്ളികളിൽ അല്ലായിരുന്നു. അവ പിന്നീടുയുണ്ടായതാണ്. എന്നാലോ സാധാരണ മുറികളിലും ഭൂമിക്കടിയിൽ കുഴിച്ചുണ്ടാക്കിയിരുന്ന ശവക്കല്ലറ മുറികളിലും ആയിരുന്നു.

നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധസഭ ‘വിശുദ്ധ സംവത്സര’ക്കാലത്തെ ക്രമപ്പെടുത്തിയത് ഏതു മാതൃക കണ്ടിട്ടായി

രുന്നു എന്നു പര്യാലോചിക്കാം. സുവിശേഷം "പഴയനിയമത്തിൽ അസ്പഷ്ടമായും പുതിയനിയമത്തിൽ പ്രസ്പഷ്ടമായും" ഇരിക്കുന്നു എന്നു വിശുദ്ധ അഗസ്തീനോസ് പറയുന്നു. "ഞാൻ ന്യായപ്രമാണ ത്തെയൊ പ്രവാചകന്മാരെയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കരുത്. നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത്" (വി: മത്തായി 5:17) എന്നു കർത്താവു അരുളിച്ചെയ്തിരിക്കുന്നു. "സുവി ശേഷം മുമ്പു കൂട്ടി", പഴയനിയമത്തിൽ അറിയിക്കപ്പെട്ടിരുന്നതിനെ (ഗലാത്തി 3:9) നമ്മുടെ കർത്താവു തന്നിൽതന്നെ നിവർത്തിച്ചു. ഇസ്രായേൽ സഭ "യിശ്ശായിയുടെ കുറ്റി"യാണെങ്കിൽ "ക്രിസ്തീയസഭ" അതിൽനിന്നു മുളച്ചുണ്ടായ 'കൊമ്പ്' ആകുന്നു. 'ഇസ്രായേൽ സഭ' നിഴൽ ആണെങ്കിൽ ക്രിസ്തീയസഭ "പൊരുൾ" (ദേഹം) ആകുന്നു. ഇസ്രായേൽസഭ പ്രവചനം ആണെങ്കിൽ, 'ക്രിസ്തീയ സഭ' അതിന്റെ നിവർത്തി ആകുന്നു. ഒന്നിൽനിന്നു മറ്റതു വളർന്നു വികസിക്കുന്നു. ഈ സത്യത്തെ ഏശായാ ദീർഘദർശിയുടെ പുസ്തകം 52-ഉം, 53-ഉം, 56-ഉം, 60-ഉം അദ്ധ്യായങ്ങളിൽ വിശദമായി പ്രസ്താവിച്ചിരിക്കുന്നു. പഴയസഭയും പുതിയസഭയും-പഴയ കാതോലികസഭയായ ഇസ്രായേൽ സഭയും, പുതിയ കാതോലിക്കസഭയായ ക്രിസ്തീയസഭയും-രണ്ടല്ല ഒന്നുതന്നെ. ഒന്നു മറ്റതിൽ അന്തർഭവിച്ചിരിക്കുന്നു. ഒന്നിൽനിന്നു മറ്റതു സ്വാഭാവികമായി വികസിച്ചിരിക്കുന്നു. പൂമൊട്ടിൽനിന്നു പുഷ്പം വിടർന്നു വരുന്നതുപോലെ പഴയതിൽനിന്നു പുതിയതു വിടർന്നുവന്നിരിക്കുന്നു. വാഗ്ദത്തമ്ശിഹായുടെ സഭ വേറൊരു സഭയല്ല. ഇസ്രായേൽ സഭയുടെ ഫലം, പൂവ്, നിവർത്തി, വികാസം, വളർച്ച, മഹത്വീകരണം-ഇതാകുന്നു. ക്രിസ്തീയ സഭ മേൽ പ്രസ്താവിച്ച അദ്ധ്യായങ്ങളിൽ ഏശായാ ദീർഘ ദർശി ദൃഷ്ടിപഥത്തിൽ കാണുന്നതു ഇസ്രായേൽ സഭയെയാണ്. എന്നാൽ ഇസ്രായേൽ സഭയെ മാത്രമല്ല ആ സഭയുടെ പൂർത്തീകരണമായ വേറൊരു സഭയെ കൂടെ കാണുന്നു. പെന്തിക്കുസ്തിയിൽ വിശുദ്ധ റൂഹാ എഴുന്നള്ളിയപ്പോൾ ഉത്ഭവിച്ചതായ മഹത്വമുള്ള ക്രിസ്തീയസഭയെ ദീർഘദൃഷ്ടി കൊണ്ട് ഏശായ കാണുന്നുണ്ട്. "ഭൂലോകത്തിൽ ഒക്കെയും" (വിശുദ്ധ മർക്കോ. 16:15) വ്യാപിക്കുന്നതും, "സകല ജാതികളേയും ശിഷ്യ രാക്കി" ചേർക്കുന്നതും (വിശുദ്ധ മത്തായി 29:19) ലോകാവസാനത്തോ ളം കർത്താവിന്റെ സാന്നിധ്യം അതിലുള്ളതും ആയ വിശുദ്ധ കാതോലിക സഭയെ ഏശായാ കാണുന്നു. ഈ ക്രിസ്തീയ കാതോലികസഭയോടു,

മഹൽ സമൂഹത്തോടു-ആകുന്നു ഏശായാ താഴെ കാണുന്ന പ്രകാരം പ്രസ്താവിക്കുന്നത്:- "സീയോനെ, ഉണരുക, ഉണരുക, നിന്റെ ബലം ധരിച്ചുകൊൾക. വിശുദ്ധ നഗരമായ യരുശലേമെ, നിന്റെ അലങ്കാര വസ്ത്രം ധരിച്ചുകൊൾക...സമാധാനത്തെ ഘോഷിച്ചു നന്മയെ സുവിശേഷിക്കയും രക്ഷയെ പ്രസിദ്ധമാക്കുകയും സീയോനോടു നിന്റെ ദൈവം വാഴുന്നു എന്നു പറകയും ചെയ്യുന്ന സുവാർത്താദൂതന്റെ കാൽ പർവ്വതങ്ങളിന്മേൽ എത്ര മനോഹരം!" (ഏശായ 52:1-7) കഷ്ടാനുഭവങ്ങളും ക്രൂശാരോഹണവും സംബന്ധിച്ചുള്ള ലജ്ജയും ദുഃഖങ്ങളും വർണ്ണിച്ചതിന്റെ ശേഷം, താഴെക്കാണുന്നപ്രകാരം ഏശായാ ഘോഷിക്കുന്നു:- "പ്രസവിക്കാത്ത മച്ചിയെ, ഘോഷിക്ക, നോവു കിട്ടിട്ടില്ലാത്തവളെ, പൊട്ടി ആർത്തു ഘോഷിക്ക....നിന്റെ കൂടാരത്തിന്റെ സ്ഥലത്തെ വിശദമാക്കുക. നിന്റെ നിവാസങ്ങളുടെ തിരശ്ശീലകളെ അവർ നിവർത്തിക്കട്ടെ....നിന്റെ സന്തതി ജാതികളുടെ ദേശം കൈവശമാക്കും. അരിഷ്ടയും കൊടുങ്കാറ്റിനാൽ അടിക്കപ്പെട്ട് ആശ്വാസമറ്റവളും ആയുള്ളോവെ, ഞാൻ നിന്റെ കല്ലു അഞ്ജനത്തിൽ പതിക്കയും നീലക്കല്ലുകൊണ്ടു നിന്റെ അടിസ്ഥാനം ഇടുകയും ചെയ്യും. ഞാൻ നിന്റെ താഴികകുടങ്ങളെ പത്മരാഗംകൊണ്ടും നിന്റെ ഗോപുരങ്ങളെ പുഷ്പരാഗംകൊണ്ടും നിന്റെ അറ്റങ്ങളെ ഒക്കെയും മനോഹരമായ കല്ലുകൊണ്ടും ഉണ്ടാക്കും....ഒരുത്തൻ നിന്നോടു കലശൽ കൂടുന്നു എങ്കിൽ അതു നിന്റെ ഹിതപ്രകാരമല്ല. ആരെങ്കിലും നിന്നോടു കലശൽ കൂട്ടിയാൽ അവൻ അതുനിമിത്തം വീഴും.....നിനക്കുവിരോധമായി ഉണ്ടാകുന്ന യാതൊരു ആയുധവും ഫലിക്കയില്ല. ന്യായവിസ്താരത്തിൽ നിനക്കു വിരോധമായി എഴുനേല്ക്കുന്ന എല്ലാ നാവിനേയും കുറ്റം വിധിക്കും" (ഏശായ 54:1-17) ഈ പ്രവചനം ഇസ്രായേൽ സഭയെപ്പറ്റി ഒരിക്കലും നിവർത്തിച്ചിട്ടില്ല. വിശുദ്ധ ക്രിസ്തീയ കാതോലികസഭയെപ്പറ്റി ഇതു നിറവേറ്റിയിരിക്കുന്നു. വീണ്ടും 60-ാം അദ്ധ്യായത്തിൽ ഏശായാ പ്രവചിച്ചിരിക്കുന്നതു കൂടെ ഇവിടെ ഉദ്ധരിക്കുന്നു-എഴുനേറ്റു പ്രകാശിക്ക. നിന്റെ പ്രകാശം വന്നിരിക്കുന്നു. യഹോവയുടെ തേജസ്സും നിന്റെ മേൽ ഉദിച്ചിരിക്കുന്നു...ജാതികൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയശോഭയിലേക്കും വരും. നീ തലപൊക്കി ചുറ്റും നോക്കുക. അവർ എല്ലാവരും ഒന്നിച്ചുകൂടി നിന്റെ അടുക്കൽ വരുന്നു. നിന്റെ പുത്രന്മാർ ദൂരത്തുവരും; നിന്റെ പുത്രിമാരെ പാർശ്വത്തിങ്കൽ വഹിച്ചു

കൊണ്ടുവരും. അപ്പോൾ നീ കണ്ടു ശോഭിക്കും. നിന്റെ ഹൃദയം പിടെച്ച് വികസിക്കും. (ഏശായാ 60:1–5) ഈ പ്രവചനവും അക്ഷരപ്രകാരമുള്ള ഇസ്രായേൽ സഭയിൽ ഒരിക്കലും നിവർത്തിച്ചിട്ടില്ല. എന്നാൽ വിശുദ്ധ ക്രിസ്തീയ കാതോലികസഭയിൽ ഇതു നിറവേറിയിരിക്കുന്നു. ഏതിനെപ്പറ്റി 'എന്റെ സഭ' എന്നു നമ്മുടെ കർത്താവേശുമ്ശിഹാ അരുളി ചെയ്തിരിക്കുന്നുവോ ആ തിരുസഭയിൽ ഇതു നിവർത്തിച്ചിരി ക്കുന്നു. (വിശുദ്ധ മത്തായി 16:18) ''കാതോലിക്കായിക്കും ശ്ലീഹായിക്കും അടുത്ത ശുദ്ധമുള്ള ഏക സഭ" എന്നു വിശ്വാസപ്രമാണത്തിൽ ഘോഷിക്കുന്ന സഭ നമ്മുടെ കർത്താവിന്റെ "തിരുസഭ"യാകുന്നു.

പഴയനിയമകാലത്തെ യാഗങ്ങൾ എല്ലാം നമ്മുടെ കർത്താവിന്റെ "പൂർണ്ണവും മതിയാകുന്നതും ആയ ഏകയാഗത്തിൽ" നിറവേറിയിരിക്കുന്നു. ഈ യാഗത്തെ നമ്മുടെ കർത്താവു ഗോഗുൽത്താമേലുള്ള കുരിശുമരണവും സ്വർഗ്ഗാരോഹണവും വഴിയായി നിറവേറ്റിയിരിക്കുന്നു. സ്വർഗ്ഗാരോഹണത്തുങ്കൽ "ദൈവകുഞ്ഞാടിന്റെ രക്ത"ത്തെ "സ്വർഗ്ഗമാകുന്ന മഹാശുദ്ധസ്ഥലത്തു പ്രധാനാചാര്യനായ മ്ശിഹാ അർപ്പിക്കയും ചെയ്തു. അതിനാൽ പഴയനിയമപ്രകാരമുള്ള യാഗങ്ങൾ ആവശ്യമില്ലാതെയായി. അവ കേവലം "നിഴൽ" ആയിരുന്നു. "പൊരുൾ"– "അസൽ" ആയതു കർത്താവിന്റെ യാഗമാകുന്നു. കർത്താവിന്റെ യാഗത്തിൽ എല്ലാകാലത്തും എല്ലാ സ്ഥലത്തും ഉള്ള വിശുദ്ധ സഭ പങ്കെടുക്കുന്നതിനായും അതിന്റെ ഓർമ്മക്കായും വിശുദ്ധ കുർബ്ബാനയായ യാഗത്തെ നമ്മുടെ കർത്താവു മാളികമുകളിൽവച്ചു സ്ഥാപിച്ചു. ഇസ്രായേലിന്റെ യാഗങ്ങളിൽവച്ചു പ്രധാനമായ പെസഹായിൽ അപ്പവും വീഞ്ഞും നമ്മുടെ കർത്താവെടുത്തു വാഴ്ത്തി തന്റെ തിരുശരീരവും തിരുരക്തവും ആയി കൃപമൂലം ആക്കിത്തീർത്തു. (വിശുദ്ധ മത്തായി 26:26) കാനായിൽവച്ചു വെള്ളം വീഞ്ഞാക്കി തീർത്തപ്പോൾ കർത്താവ് ഒരു അത്ഭുതം പ്രവർത്തിക്കയായിരുന്നു.

വീഞ്ഞായിതീർന്ന വെള്ളത്തിനു വീഞ്ഞിന്റെ രുചിയും മറ്റു ഗുണങ്ങളുമുണ്ടായി. (വി. യോഹന്നാൻ 2:1–11) എന്നാൽ അപ്പത്തെ തിരുശരീരമായും വീഞ്ഞിനെ തിരുരക്തമായും ആക്കിത്തീർത്തപ്പോൾ അത്ഭുതം പ്രവർത്തിക്കയല്ലായിരുന്നു. അപ്പത്തിനു മാംസത്തിന്റെയൊ വീഞ്ഞിനു രക്തത്തിന്റെയൊ രുചിയും മറ്റു ഗുണങ്ങളും ഉണ്ടായില്ല. കൃപയാൽ

തിരുശരീരവും തിരുരക്തവും ആക്കിത്തീർക്കയാണുണ്ടായത്. കർത്താവ് ഇവിടെ അത്ഭുതം പ്രവർത്തിച്ചില്ല. കൂദാശ പ്രവർത്തിച്ചു. ഈ കൂദാശ എന്നും തിരുസഭയിൽ അനുഷ്ഠിക്കുന്നതിന് ആജ്ഞാപിക്കയും ചെയ്തു. (വി. ലൂക്കോ. 22:19) ഇസ്രായേൽ സഭയിലെ യാഗങ്ങളെക്കാൾ അതിശ്രേഷ്ഠമായവ ക്രിസ്തീയസഭയിൽ സ്ഥാപിച്ചിരിക്കുന്നു.

ക്രിസ്തീയസഭയിൽ "അപ്പോസ്തലനും മഹാപുരോഹിതനുമായ യേശു"വിൽ (എബ്രായ. 3:1) ഇസ്രായേലിന്റെ ആചാര്യത്വം പര്യവസാനിച്ചു. കർത്താവേശുമിശിഹായിൽ നിന്ന് ആചാര്യത്വത്തിന്റെ മൂന്നു സ്ഥാനങ്ങളെയും കർത്താവു പുറപ്പെടുവിച്ചു തിരുസഭയിൽ സ്ഥാപിച്ചു. കർത്താവിന്റെ പേർക്കായി സംസാരിക്കയും പ്രവർത്തിക്കയും ചെയ്യാൻ പുതുതായി അപ്പോസ്തലസ്ഥാനികളെയും ആചാര്യന്മാരെയും നിയമിച്ചു. താഴെക്കാണുന്ന വേദവാക്യങ്ങൾ വായിക്കുക:

"ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോടു കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ. ഞാനൊ, ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട്." (വി. മത്താ. 28:19,20).

"ഉയർത്തെഴുനേല്പിന്റെ ശേഷം യേശു പിന്നെയും അവരോടു (അപ്പോസ്തലന്മാരോടു) നിങ്ങൾക്കു സമാധാനം, പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു," എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെ മേൽ ഊതി അവരോട് പരിശുദ്ധാത്മാവിനെ കൈകൊൾവിൻ; ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ, അവർക്കു മോചിക്കപ്പെട്ടിരിക്കുന്നു. ആരുടെ പാപങ്ങൾ നിറുത്തുന്നുവോ, അവർക്കു നിറുത്തിയിരിക്കുന്നു എന്നു പറഞ്ഞു" (വി: യോഹന്നാൻ 20:21–23).

"സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു (പത്രോസ് ശ്ലീഹായിക്കു) തരുന്നു. നീ ഭൂമിയിൽ കെട്ടുന്നത് ഒക്കെയും സ്വർഗ്ഗത്തിലും കെട്ടിപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും" എന്ന് ഉത്തരം പറഞ്ഞു (വി. മത്തായി 16:19).

“നിങ്ങൾ (അപ്പൊസ്തലന്മാർ) ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു” (വി. മത്തായി 18:18).

യേശു “പിന്നെ അപ്പം എടുത്തു വാഴ്ത്തി നുറുക്കി അവർക്ക് (അപ്പോസ്തലന്മാർക്കു) കൊടുത്തു. ഇതു നിങ്ങൾക്കുവേണ്ടി നല്കുന്ന എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു” (വി. ലൂക്കോ. 22:19).

‘‘എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാകും എന്നു പറഞ്ഞു” (അപ്പോ.പ്രവ. 1:8).

“ആകയാൽ ഞങ്ങൾ ക്രിസ്തുവിനുവേണ്ടി സ്ഥാനപതികളാകുന്നു” (2 കോരിന്തി. 5:20).

‘‘ഞങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരും ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാരും എന്നിങ്ങനെ ഓരോരുത്തൻ എണ്ണിക്കൊള്ളട്ടെ” (1 കോരിന്തി. 4:1).

“ഇസ്രായേൽ സഭയിലെ ആചാര്യന്മാർ പോലും വിശുദ്ധ ക്രിസ്തീയ സഭയിൽ ചേർന്നു’’ (അപ്പോ. പ്രവ. 6:7; മലാഖി 3:3).

“ഇസ്രായേൽസഭയിൽ അഹറോന്യ ആചാര്യത്വം ഒരു പ്രത്യേക കുടുംബത്തിൽ കൊടുത്തിരുന്നു. ക്രിസ്തീയസഭയിൽ “രക്തബന്ധം” കണക്കാക്കുന്നില്ല. “കൈവെപ്പ്” മുഖാന്തിരം പട്ടം കൊടുക്കുന്നു. ഇസ്രായേൽ സഭയിലെ മൂന്നു സ്ഥാനങ്ങൾ ക്രിസ്തീയ സഭയിലും വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. അവ 1. എപ്പിസ്കോപ്പാ, 2. കശ്ശീശ്ശാ, 3. ശെമ്മാശൻ– എന്നിവയാകുന്നു.

ഇസ്രായേൽ സഭയിലെ ആചാര്യസ്ഥാനത്തിനു പകരം അതിലും ശ്രേഷ്ഠമായ ക്രിസ്തീയ പൗരോഹിത്യം ക്രിസ്തീയസഭയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതുപോലെ വിശുദ്ധ ദിവസങ്ങളും നിയമിക്കപ്പെട്ടിട്ടുണ്ട്. യഹൂദന്മാർ ആഴ്ചയിൽ ഏഴാം ദിവസമായ ശനിയാഴ്ച ദിവസത്തെ വിശുദ്ധ ദിവസമായി ആചരിച്ചുവന്നു. അതിന്നു “ശാബത്ത്” എന്നു പേരു

പറയുന്നു. (പുറപ്പാടു 20:8–11) ശനിയാഴ്ച എന്നതു എബ്രായഭാഷയിൽ ഉള്ള പദമാകുന്നു. ക്രിസ്തീയ സഭ "ശാബത്തി"നെ വിശുദ്ധ ദിവസമായി ഗണിക്കുന്നില്ല. ആഴ്ചയിൽ ഒന്നാം ദിവസമായ ഞായറാഴ്ചയെ വിശുദ്ധ ദിവസമായി ആദ്യകാലം മുതൽക്കെ ആചരിച്ചു തുടങ്ങി "ശാബത്ത് കഴിഞ്ഞ് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം വെളുക്കുമ്പോൾ മഗ്ദല ക്കാരത്തി മറിയയും മറ്റേ മറിയയും കല്ലറ കാണ്മാൻ ചെന്നു. പെട്ടെന്നു വലിയോരു ഭൂകമ്പം ഉണ്ടായി. കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്നു കല്ല് ഉരുട്ടി നീക്കി അതിന്മേൽ ഇരുന്നിരുന്നു" (വി. മത്താ. 28:1–2) കർത്താവു ഉയർത്തെഴുനേറ്റതു ഞായറാഴ്ചയാകയാൽ ക്രിസ്തീയസഭ ശബത്തിനുപകരം ഞായറാഴ്ച വിശുദ്ധ ദിവസമായി ആചരിച്ചുവന്നു. എന്നുതന്നെ അല്ല ആ ദിവസത്തിനു "കർത്താവിന്റെ ദിവസം" എന്നു പേരു പറഞ്ഞുവന്നു. "കർത്താവിന്റെ ദിവസത്തിൽ ഞാൻ ആ ആത്മവിവശനായി" (വെളിപാടു 1:10).

"ഇനി കുറഞ്ഞോന്നു കഴിഞ്ഞിട്ടു ഞാൻ ആകാശത്തെയും ഭൂമി യേയും കടലിനേയും കരയേയും ഇളക്കും. ഞാൻ സകല ജാതികളെ യും ഇളക്കും. സകല ജാതികളുടെയും മനോഹരവസ്തു വരികയും ചെയ്യും" എന്നു ഹഗ്ഗായി ദീർഘദർശി മുഖാന്തിരം ചൊല്ലപ്പെട്ട തിരു വചനം വിശുദ്ധ ക്രിസ്തീയസഭയിലും തിരുസഭ വഴിയായും നിറ വേറിയിരിക്കും; ഇന്നു നിറവേറിക്കൊണ്ടുമിരിക്കുന്നു (ഹഗ്ഗായി 2:6–7).

"നിങ്ങൾ കാണുന്നതിനെ കാണ്മാൻ ഏറിയ പ്രവാചകന്മാരും രാജാക്കന്മാരും ഇച്ഛിച്ചിട്ടും കണ്ടില്ല; നിങ്ങൾ കേൾക്കുന്നതിനെ കേൾ പ്പാൻ ഇച്ഛിച്ചിട്ടും കേട്ടില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു" (വി. ലൂക്കോ. 10:24). യേശുതമ്പുരാൻ മുഖാന്തിരവും തന്റെ തിരുസഭയിലും ഉള്ള മഹത്വവും അനുഗ്രഹവും വലിയതുതന്നെ. ക്രിസ്തീയ സംവത്സര ക്കാലം ഈ മഹത്വത്തെ യഥാക്രമം യഥാകാലത്തു വെളിപ്പെടുത്തുക യും അനുഗ്രഹങ്ങളെ യഥോചിതം വിശ്വാസികൾ അനുഭവിപ്പാൻ സൗകര്യപ്പെടുത്തുകയും ചെയ്യുന്നു. ഇതിലേക്കായിട്ടാണു തിരുസഭ ക്രിസ്തീയ സഭാസംവത്സരത്തെയും അതിൽ പെരുനാളുകൾ മുതലായ തിനെയും ക്രമപ്പെടുത്തിയിരിക്കുന്നത്.

# അദ്ധ്യായം -3

"അവൻ കാലനിർണ്ണയത്തിന്നായി ചന്ദ്രനെ നിയമിച്ചു" (സങ്കീ. 104:19) "യഹൂദസഭയിൽ പെരുനാളുകളെ സംബന്ധിച്ചു താഴെപറയുന്ന ചട്ടം ഉണ്ടായിരുന്നു. അതാതു കാലത്തു വിശുദ്ധസഭായോഗം വിളിച്ചു കൂട്ടേണ്ടുന്ന യഹോവയുടെ ഉത്സവങ്ങൾ ആവിതു. ഒന്നാം മാസം പതിന്നാലാംതീയതി സന്ധ്യാസമയത്തു യഹോവയുടെ പെസഹാ ആ മാസം പതിനഞ്ചാംതീയതി യഹോവയ്ക്കു പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുനാൾ. ഏഴുദിവസം പുളിപ്പില്ലാത്ത അപ്പം തിന്നണം. ഒന്നാംദിവസം നിങ്ങൾക്കു വിശുദ്ധ സഭായോഗം ഉണ്ടാകണം. സാമാന്യവേല യാതൊന്നും ചെയ്യരുത് (ലേവി. 22:4-8).

ഇസ്രായേൽ സഭയിൽ ദൈവം ഏർപ്പെടുത്തിയിരുന്ന പെരുനാളുകളിൽവച്ച് പ്രധാനമായത് "ശാബത്ത്" ആകുന്നു. ശാബത്ത് യഥാർത്ഥത്തിൽ സർവ്വ ലോകത്തേയും സംബന്ധിക്കുന്നതാണ്. യഹൂദന്മാരെ മാത്രമല്ല സംബന്ധിക്കുന്നത്. "മനുഷ്യൻ ശാബത്തു നിമിത്തമല്ല, ശാബത്തു മനുഷ്യൻ നിമിത്തം (എല്ലാ മനുഷ്യന്റെയും നിമിത്തം) അത്രെ ഉണ്ടായത്. (മർക്കോ. 2:27) സർവ്വ മനുഷ്യരും പൂർവ്വകാലത്തു ആചരിച്ചുവന്ന ശബത്തു യിസ്രായേൽജനം മിസ്രയിമ്മിൽനിന്നു പുറപ്പെട്ടതിന്റെ ശേഷം പൂർവ്വാധികം അർത്ഥവത്തായിതീർന്നു. പൂർവ്വകാലത്തു "ആറുദിവസം വേല ചെയ്യണമെന്നും ഏഴാംദിവസം സ്വസ്ഥമായിരിക്കണമെന്നും" ഉള്ള പ്രമാണത്തിന്നനുസരണമായി ശാബത്ത് ആചരിച്ചുവന്നു. എന്നാൽ മിസ്രയിമിൽനിന്നു ഇസ്രായേൽ ജാതി പുറപ്പെട്ടതിന്റെ ശേഷം ശാബത്തിനു കൂടുതൽ അർത്ഥവും ഉദ്ദേശ്യവും ഉണ്ടായി. ഈജിപ്തിലെ അടിമവേലയിൽനിന്നും മരണത്തിൽനിന്നും ദൈവം ഇസ്രായേൽ ജാതിയെ വിടുവിച്ചതിന്റെ സ്മാരകമായി ശാബത്തിനെ ആചരിക്കണമെന്നു ദൈവം ആജ്ഞാപിച്ചു (പുറപ്പാടു 11-ാം അദ്ധ്യായം).

“ഈ ദിവസം നിങ്ങൾക്കു ഓർമ്മനാളായിരിക്കണം നിങ്ങൾ അതു യഹോവയ്ക്കു ഉത്സവമായി ആചരിക്കണം. തലമുറ തലമുറയായും നിത്യനിയമമായും നിങ്ങൾ അതു ആചരിക്കണം” (പുറപ്പാടു 12:14-17).

“ഏഴാംദിവസമോ നിന്റെ ദൈവമായ യഹോവയുടെ ശാബത്താ കുന്നു. അന്നു നീയും നിന്റെ മകനും മകളും നിന്റെ വേലക്കാരനും വേലക്കാരത്തിയും നിന്റെ കാളയും, കഴുതയും, നിനക്കുള്ള യാതൊരു നാല്ക്കാലിയും നിന്റെ പടിവാതിൽക്കകത്തുള്ള അന്യനും ഒരു വേല യും ചെയ്യരുത്. നിന്റെ വേലക്കാരനും വേലക്കാരത്തിയും നിന്നേപ്പോലെ സ്വസ്ഥമായിരിക്കേണ്ടതിനുതന്നെ. നീ മിസ്രയിംദേശത്തു അടിമയായി രുന്നു എന്നും അവിടെനിന്നു നിന്റെ ദൈവമായ യഹോവാ നിന്നെ ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജംകൊണ്ടും പുറപ്പെടുവിച്ചു എന്നും ഓർക്ക. അതുകൊണ്ടു ശാബത്തുനാൾ ആചരിപ്പാൻ നിന്റെ ദൈവമായ കർത്താവു നിന്നോടു കല്പിച്ചു” (ആവർത്തനം 5:14-16).

ദൈവം കൊടുത്ത പത്തു കല്പനകളിൽ “ശാബത്ത്” ആചരി ക്കണമെന്നുകൂടി കല്പിച്ചിട്ടുണ്ട്. ഏഴു ദിവസത്തിൽ ഒരു ദിവസം ആശ്വാ സദിവസമായി ഏതു മനുഷ്യനും ആചരിക്കണമെന്നായിരുന്നു അതിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ മോശയുടെ ന്യായപ്രമാണത്തിൽ ശാബ ത്തിൽ യഹൂദന്മാർ അനുഷ്ഠിക്കേണ്ട ദൈവാരാധന, പള്ളിശുശ്രൂഷ, യാഗം മുതലായതു എന്തെല്ലാമെന്നും എങ്ങനെ അനുഷ്ഠിക്കണമെന്നും വ്യവസ്ഥപ്പെടുത്തി. (സംഖ്യാ. 28-ാം അദ്ധ്യായം) നമ്മുടെ കർത്താവു ഭൂമിയിൽ പാർത്തിരുന്ന കാലത്തു യഹൂദർ ദൈവത്തിന്റെ ഉദ്ദേശ്യത്തിനു വിപരീതമായ വിധത്തിൽ ശാബത്ത് ആചരിച്ചുവന്നു. ശാബത്ത് ഒരു സന്തോഷദിവസമായി ദൈവം നിശ്ചയിച്ചതായിരുന്നു. (ഏശായ 58:13) പരീശന്മാർ അതിനെ ഒരു ദുഃഖദിവസവും ഭാരമേറിയതും കേവലം ബാഹ്യങ്ങളും ആയ ആചാരങ്ങൾ അനുഷ്ഠിക്കേണ്ട ദിവസമാക്കി ത്തീർത്തു. കർത്താവു ഇതിനെ ശക്തിയായി കുറ്റം വിധിച്ചു. (വി. മർക്കോ. 2:4, 5:23, വി. ലൂക്കോ. 14:5, വി. യോഹ. 5:10).

ശാബത്ത് കൂടാതെ ഇസ്രായേൽസഭ ആചരിച്ചുവന്ന വിശുദ്ധ ദിവസങ്ങൾ ചരിത്രസംഭവങ്ങളെ അനുസ്മരിപ്പിക്കുന്ന ദിവസങ്ങളായി രുന്നു. ഇസ്രായേൽ ജാതിയുടെ പൂർവ്വചരിത്രം സംബന്ധിച്ചുള്ള കാര്യ ങ്ങളുടെ സ്മരണയോ, ജനത്തിന്റെ പ്രധാന കാലക്ഷേപമാർഗ്ഗമായിരുന്ന

കൃഷി സംബന്ധിച്ചുള്ള പെരുനാളുകളോ, ജനം ദൈവത്തിന്റെ കയ്യി ലാണെന്നും, ദൈവത്തിന്റെ കരുണയും സഹായവും സർവ്വപ്രധാന മാണെന്നും തുടരെ ജനത്തെ ബോധ്യപ്പെടുത്താൻ സഹായിക്കുന്ന പെരുനാളുകളൊ ആയിരുന്നു. ഇവയിൽവച്ചു ഏറ്റം പ്രധാനമായ പെരു നാളുകൾ മൂന്നായിരുന്നു. (1) പെസഹാപെരുനാൾ (2) പെന്തിക്കുസ്തി പെരുനാൾ (3) കൂടാരപെരുനാൾ.

## പെസഹാ പെരുനാൾ

പെസഹാപെരുനാൾ ആചരിച്ചു വന്നതിന്റെ പ്രഥമോദ്ദേശ്യം ഇസ്രായേൽജനത്തെ മിസ്രയിമിലെ അടിമയിൽനിന്നു ദൈവം വിടു വിച്ചതിനെ ആണ്ടുതോറും ഓർക്കണമെന്നുള്ളതായിരുന്നു. (പുറപ്പാടു 12-ാം അദ്ധ്യായം) പെസഹാ-(എബ്രായഭാഷയിൽ "പെസഹാ" എന്ന പദത്തിന്റെ അർത്ഥം "കടന്നുപോയി" എന്നാകുന്നു.) പെസഹാ ആടിന്റെ രക്തം ഏതെല്ലാം ഭവനത്തിന്റെ കട്ടിളക്കാൽ രണ്ടിന്മേലും കുറുമ്പടി മേലും തളിച്ചിരുന്നവോ ആ ഭവനത്തിൽ കടിഞ്ഞൂൽ സന്തതികളെ കൊല്ലാതെ സംഹാരദൂതൻ "കടന്നുപോയി" (പുറപ്പാടു 12:7-27). നീസാൻ മാസത്തിന്നു പഴയകാലത്തു പറഞ്ഞുവന്ന പേര് ആബീബ് എന്നായി രുന്നു. ആബീബ് മാസം (മേടമാസം) 14-ാം തീയതി മുതൽ 21-ാം തീയതി വരെ പെസഹാ ആചരിച്ചു. ധൃതിപ്പെട്ടു മിസ്രയിമിൽനിന്നു പുറപ്പെട്ടു പോകുന്നതിനു തെരഞ്ഞെടുത്ത സമയം പൂർണ്ണചന്ദ്രൻ ഉദിച്ചുകൊണ്ടി രുന്ന ദിവസമായിരുന്നു. ഇസ്രായേൽ സഭാചരിത്രത്തിൽ പ്രധാനമായ ഈ സംഗതി ഓർക്കാനായി ആബീബ് മാസത്തെ സംവത്സരത്തിലെ ഒന്നാം മാസമായി കണക്കാക്കണമെന്നു ചട്ടം കെട്ടി. അതേവരെ ഒന്നാം മാസമായി ഗണിച്ചുവന്നതു "തെശ്രീ" (തെശ്രീൻക്ദീം-തുലാമാസം) ആയിരുന്നു (പുറപ്പാടു 23:1-15; പുറപ്പാടു 34:18) ആബീബ് മാസം പത്താം തീയതി കുഞ്ഞാടിനെ സൂക്ഷിച്ചു തെരഞ്ഞെടുക്കണം-പതിനാലാം തീയതി അതിന്റെ യാഗമായി കൊന്നു, ചുട്ട്, കൈപ്പുള്ള ചെടിയും പുളിപ്പില്ലാത്ത അപ്പവും കൂട്ടി ഭക്ഷിക്കണം; ഈ സമയത്തെല്ലാം ആരാധ കന്മാർ അരക്കെട്ടു കെട്ടിയും കയ്യിൽ വടി പിടിച്ചും നില്ക്കയായിരി ക്കണം. സ്വാതന്ത്ര്യം പ്രാപിക്കുന്നതിനുള്ള യാത്രയ്ക്കു ധൃതിയായും ഒരുക്കത്തോടും ഇരിക്കുന്നു എന്നു കാണിപ്പാൻ ഇവയെല്ലാം ശട്ടം കെട്ടിയിരുന്നു. ഈ പെസഹാ ആഘോഷം ഏഴു ദിവസം നടന്നുകൊ

ണ്ടിരിക്കണം. ഇരുപത്തൊന്നാം തീയതി സന്ധ്യയോടുകൂടി പെരുനാളാ ഘോഷം അവസാനിക്കണം. അപ്പോൾ മുതൽ ഭവനത്തിൽ പുളിപ്പി ല്ലാത്ത അപ്പം ഒട്ടും ഉണ്ടായിരുന്നുകൂടാ. ഇക്കാരണത്താൽ പെസഹാ യിക്കു "പുളിപ്പില്ലാത്ത അപ്പങ്ങളുടെ പെരുനാൾ" (വി. മർക്കോ. 14:12) എന്ന പേരുണ്ടായി. ഒരു പ്രത്യേക ചെടിയുടെ രണ്ടു കഷണം മുറിച്ചു അവയെ കുഞ്ഞാടിന്റെ ദേഹത്തു കൂടി കുരിശുരൂപത്തിൽ-ഒന്നു നീള ത്തിലും മറ്റതു "വിലങ്ങനെ"യും കടത്തി-അതിന്മേൽ ആടിന്റെ ദേഹം തൂക്കിയിട്ടു ചുട്ടുവന്നു എന്നു ക്രിസ്താബ്ദം രണ്ടാം ശതവർഷത്തിൽ ജീവിച്ചിരുന്ന ജസ്തീൻ സഹദായും മൂന്നാം ശതവർഷത്തിൽ ജീവി ച്ചിരുന്ന തെർത്തുല്യനും പറയുന്നു. വെള്ളം കലർത്തിയതായ ചുവന്ന വീഞ്ഞ് ഒരു പാനപാത്രത്തിൽ എടുത്തു അതും പെസഹാ വിരുന്നിനു ഉപയോഗിച്ചിരുന്നു.

ഇസ്രായേൽ ജാതിയുടെ ചരിത്രത്തിലെ പ്രധാന സംഭവത്തെ ഓർക്കുന്നതു കൂടാതെ, പെസഹാ ഇസ്രായേലിന്റെ കർഷകവൃത്തി സംബന്ധിച്ചു ഓർക്കുന്ന ഒരു പെരുനാൾ കൂടിയായിരുന്നു. കൃഷികൊണ്ടു കാലക്ഷേപം ചെയ്തുവന്ന ഇസ്രായേല്യരുടെ കാലയാപനമാർഗ്ഗം ദൈവത്തിന്റെ കൃപയും സഹായവും കൊണ്ടുമാത്രം സാധിക്കുന്നതാ ണെന്നു ദൈവമുമ്പാകെ കൃതജ്ഞതാപൂർവ്വം പ്രസ്താവിക്കുന്ന വിശുദ്ധ കർമ്മവും കൂടിയായിരുന്നു പെസഹാ. "ഞാൻ നിങ്ങൾക്കു തരുന്ന ദേശത്തു നിങ്ങൾ എത്തിയശേഷം അതിലെ വിളവെടുക്കുമ്പോൾ നിങ്ങ ളുടെ കൊയ്ത്തിലെ ആദ്യത്തെ കറ്റ പുരോഹിതന്റെ അടുക്കൽ കൊണ്ടു വരണം. നിങ്ങൾക്കു പ്രസാദം ലഭിക്കേണ്ടതിനു അവൻ ആ കറ്റയെ യഹോവായുടെ സന്നിധിയിൽ നീരാജനം ചെയ്യണം. ശാബത്തിന്റെ പിറ്റേന്നാൾ പുരോഹിതൻ അതു നീരാജനം ചെയ്യണം" (ലേവി 22:10-11).

## പെന്തിക്കുസ്തി

ഇസ്രായേല്യർ ആചരിച്ചുവന്ന പ്രധാന പെരുനാളുകളിൽ രണ്ടാമ ത്തതു "പെന്തിക്കുസ്തി" ആയിരുന്നു. സാമൂഹ്യവിഷയങ്ങളിലും മറ്റും ഗ്രേക്കന്മാരായിതീർന്ന യഹൂദന്മാർ ഈ പദം ഉപയോഗിച്ചുവന്നു. തോബിത്തിന്റെ പുസ്തകത്തിൽ ഈ പേരു ഉപയോഗിച്ചിരിക്കുന്നു. (തോബിത്ത് 2-1)

മക്കാബിയരുടെ പുസ്തകത്തിലും ഈ പേരു ഉപയോഗിച്ചു കാണുന്നു (2 മാക്കാബി 12–32).

ഇസ്രായേല്യർ മിസ്രയിമിൽനിന്നു പുറപ്പെട്ടു അമ്പതു ദിവസം കഴിഞ്ഞപ്പോഴാണ് ദൈവം സീനായി മലയിൽവച്ചു "ന്യായപ്രമാണ" ത്തെ മോശ മുഖാന്തരം കൊടുക്കുന്നത്. (പുറപ്പാടു 12–ഉം, 20–ഉം അദ്ധ്യായങ്ങൾ) ഈ പെരുനാളിനു ആദ്യകാലത്തുപയോഗിച്ചുവന്ന പേരു "ആഴ്ചകളുടെ പെരുനാൾ" എന്നായിരുന്നു. (ആവർത്തനം 16:9–10; ലേവി 23:25–16).

ഈ പെരുനാളിനും, "കൊയിത്തിന്റെ പെരുനാൾ" എന്നു വേറൊരു പേരുകൂടി ഉണ്ടായിരുന്നു. "ഏഴാമത്തെ ശബത്തിന്റെ പിറ്റേന്നാൾ വരെ അമ്പതുദിവസം എണ്ണി യഹോവയ്ക്കു പുതിയ ധാന്യം കൊണ്ടു ഒരു ഭോജനയാഗം അർപ്പിക്കണം" (ലേവി 23:16).

"വയലിൽ വിതച്ച വിതയുടെ ആദ്യഫലമെടുക്കുന്ന കൊയ്ത്തു പെരുനാളും ആണ്ടറുതിയിൽ വയലിൽനിന്നു നിന്റെ വേലയുടെ ഫലം കൂട്ടിത്തീരുമ്പോൾ കായ്ക്കനിപ്പെരുനാളും ആചരിക്കണം" (പുറപ്പാട് 23:16).

പെന്തിക്കുസ്തിയിൽ കൊയ്ത്തിലെ ആദ്യഫലങ്ങളെ യഹോവയ്ക്കു അർപ്പിക്കണമെന്നു കല്പിച്ചതായി ഇതിൽനിന്നു തെളിയുന്നു.

## കൂടാരപ്പെരുനാൾ

കൂടാരപ്പെരുനാൾ ആണ്ടവസാനത്തിൽ ആചരിച്ചുവന്നു. ഏഴാം മാസം (തെശ്രീ അല്ലെങ്കിൽ തെശ്രീൻമാസം) പതിനഞ്ചാം തീയതി മുതൽ ഒരാഴ്ചവട്ടത്തേക്കു ജനങ്ങൾ കൂടാരങ്ങളിൽ പാർക്കണമെന്നു കല്പിച്ചിരുന്നു. അവർ വനത്തിൽകൂടി സഞ്ചരിച്ചതിന്റെ ഓർമ്മയ്ക്കായിട്ടായിരുന്നു ഈ പെരുനാൾ ആചരിച്ചു വന്നത്. "ഏഴാംമാസം പതിനഞ്ചാം തീയതി മുതൽ ഏഴുദിവസം യഹോവയ്ക്കു കൂടാരപ്പെരുനാൾ ആകുന്നു. ഒന്നാംദിവസം വി: സഭായോഗം ഉണ്ടാകെണം. അന്നു സാമാന്യവേലയാതൊന്നും ചെയ്യരുത്. ഏഴുദിവസം യഹോവയ്ക്കു ദഹനയാഗം അർപ്പിക്കണം (ലേവ്യ. 23: 34–44) മറ്റു വലിയ പെരുനാളുകളെപ്പോലെ ഇതും കൊയിത്തിനോടു സംഘടിച്ചുള്ള ഒരു പെരുനാളായിരുന്നു. "ശേഖരിപ്പുപെരുനാൾ" എന്നുകൂടി അതിന്നു പേരുണ്ടായിരുന്നു (പുറപ്പാടു 23:16).

ഈ വലിയ എല്ലാ മഹോത്സവങ്ങളിലും ഒന്നാംദിവസവും, എട്ടാം ദിവസമായ അവസാനദിവസവും "വിശുദ്ധ സഭായോഗം" കൂടുകയും സഭ ഒന്നിച്ചു പരസ്യമായി ആരാധന ചെയ്യുന്നതിനുള്ള "ശുശ്രൂഷ" നടത്തുകയും ചെയ്തുവന്നു.

ഇതു കൂടാതെ ദൈവകല്പനപ്രകാരം ഒരു വലിയനോമ്പും ഇസ്രാ യേൽ ജനത്തിനു നിശ്ചയിച്ചിട്ടുണ്ടായിരുന്നു. "ഏഴാം മാസം പത്താം തീയതി പാപപരിഹാരദിവസം ആകുന്നു. അന്നു നിങ്ങൾക്കു വി. സഭാ യോഗം ഉണ്ടാകണം. നിങ്ങൾ ആത്മതപനം ചെയ്കയും യഹോവയ്ക്കു ദഹനയാഗം അർപ്പിക്കയും വേണം. അന്നു നിങ്ങൾ യാതൊരു വേലയും ചെയ്യരുത്. അതു നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ നിങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കഴിക്കേണ്ടതിനുള്ള പാപപരിഹാര ദിവസം. അന്നു ആത്മതപനം ചെയ്യാത്ത ഏവനെയും അവന്റെ ജന ത്തിൽനിന്നു ഛേദിച്ചുകളയണം. (ലേവ്യ. 16-ാം അദ്ധ്യായം, ലേവ്യ. 23: 27-32) ഏഴാംമാസം (തെശ്രിമാസം-തുലാമാസം) പത്താം തീയതിയാ യിരുന്നു ഈ പെരുനാൾ ആചരിച്ചു വന്നത്.

മോശയുടെ ന്യായപ്രമാണത്തിൽ കല്പിക്കപ്പെട്ടിരുന്ന മേല്പറഞ്ഞ പ്രധാന പെരുനാളുകളെ കൂടാതെ അപ്രധാനമായ വേറെയും പെരു നാളുകൾ ഇസ്രായേൽ സഭ ആചരിച്ചു വന്നു. രാഷ്ട്രീയമായ നവവ ത്സരാരംഭദിനം അതായതു കാഹളപ്പെരുന്നാൾ. ഏഴാം മാസം (തുലാം മാസം) ഒന്നാം തീയതിയായിരുന്നു. (ലേവ്യ. 23:24) കൂടാതെ കറുത്തവാവു (അമാവാസി) യഹൂദർക്കു പെരുനാളായിരുന്നു. (1 ശമുവേൽ 20:5; സങ്കീർത്തനം 81:3) ഇസ്രായേൽ സഭയുടെ അധികാരം പ്രയോഗിച്ചു ഏർപ്പെടുത്തി നടത്തിവരുന്ന പെരുനാളുകൾ പുരീംപെരുനാളുകളും പ്രതിഷ്ഠാദിനവും (അതായതു വെളിച്ചത്തിൻ പെരുനാളും) ആയിരുന്നു.

പുരീം പെരുനാൾ ആദാർ (മീനം) മാസം 14-ാ 15-ാ തീയതികളിൽ ആചരിച്ചുവന്നു. ഇസ്രായേല്യർ പേർഷ്യയിൽ അടിമകളായി പാർത്തു വന്ന കാലത്തു, അഗാഗുകാരൻ ഹാമാൻ അവരെ നശിപ്പിക്കാൻ കൂട്ടു കെട്ടുണ്ടാക്കുകയും യഹൂദസ്ത്രീയായ എസ്തേർ രാജ്ഞിയുടെ മധ്യ സ്ഥതയാൽ വിടുവിക്കപ്പെടുകയും ചെയ്തു. (എസ്തേർ 9-ാം അദ്ധ്യായം) ഇതു ക്രിസ്തുവത്സരാരംഭത്തിനു 509 വർഷം മുമ്പ് ആയിരുന്നു. ഇതിന്റെ ഓർമ്മയ്ക്കായിട്ടാണു പുരീംപെരുനാൾ ആചരിച്ചു വന്നത്. പ്രതിഷ്ഠ

പ്പെരുനാൾ-അതായതു ദീപാവലിപെരുനാൾ ഒമ്പതാംമാസം (ചിസ്ല്യൂ മാസം) 25-ാം തീയതി ആചരിച്ചുവന്നു. അന്ത്യോക്യസ് എപ്പിപ്പാനൂസ് എന്ന രാജാവ് യരുശലേം ദേവാലയത്തെ അശുദ്ധമാക്കിയതിന്റെശേഷം ക്രിസ്തുവത്സരാരംഭത്തിന്നു 166 വർഷം മുമ്പ്, ദേശാഭിമാനിയായ യൂദാസ് മഖാബിയസ് എന്ന ആചാര്യൻ സേനാനായകനായി നടത്തിയ യുദ്ധത്തിൽ യഹൂദന്മാർ ജയിക്കയും ദേവാലയത്തെയും യാഗപീഠത്തെയും പുതുക്കി പണിയിക്കയും ചെയ്തു. (1 മക്കാബി 4:36 മുതൽ അവസാനം വരെ) ഇതിന്റെ ഓർമ്മയ്ക്കായിട്ടാണ് പ്രതിഷ്ഠപ്പെരുനാൾ ആചരിച്ചുവന്നത്. നമ്മുടെ കർത്താവു ഈ പെരുനാൾ ആചരിച്ചതായി നാം കാണുന്നു. (യോഹന്നാൻ 10-22).

പാപപരിഹാരദിവസത്തെ നോമ്പു കൂടാതെ സഭയുടെ അധികാരം പ്രയോഗിച്ചു വേറെയും നോമ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. ആബ് (ചിങ്ങം) മാസം ഏഴാംതീയതി നോമ്പ് ആചരിച്ചുവന്നു. ക്രിസ്തുവത്സരാരംഭത്തിനു 586 വർഷം മുമ്പു യറുശലേം ദേവാലയവും പട്ടണവും തീ വീണു നശിച്ചുപോയതിന്റെ ഓർമ്മയ്ക്കായി. (2 രാജാ. 25:8; സഖറിയാ. 7:3-5) നാലാംമാസത്തിലും, (കർക്കടകം) ഏഴാം മാസത്തിലും (തുലാം) പത്താംമാസത്തിലും (മകരം) നോമ്പുകൾ ആചരിച്ചുവരുന്നതായി കാണുന്നു. (സഖറിയാ 8:19) ആഴ്ചയിൽ രണ്ടാം ദിവസവും (തിങ്കളാഴ്ച) അഞ്ചാംദിവസവും (വ്യാഴാഴ്ച) നോമ്പുദിവസങ്ങളായിരുന്നു (വി. ലൂക്കോ. 18:12).

ഇസ്രായേൽ സഭാപഞ്ചാംഗപ്രകാരം സംവത്സരത്തിലുള്ള പന്ത്രണ്ടു മാസങ്ങളുടെ പേരുകൾ എബ്രായഭാഷയിലും സുറിയാനിയിലും ഈ ലേഖനത്തിന്റെ അവസാനഭാഗത്തു ചേർത്തിരിക്കുന്നതു നോക്കുക.

യഹൂദജാതിയിൽ ജനിച്ചു വളർന്നശേഷം ക്രിസ്തുമതം സ്വീകരിച്ച ഡാക്ടർ ഈഡർഷീം താഴെ കാണുന്നപ്രകാരം എഴുതിയിരിക്കുന്നു:- “യഹൂദമാതാവിനു തന്റെ കുട്ടിയെ രസിപ്പിക്കുന്നതിന് അത്യുചിതമായി പറവാൻ കഴിയുന്ന കഥകളെപ്പോലെ വേറൊരു ജാതിയിലേയും മാതാക്കൾക്കില്ല. കുട്ടിയുടെ സ്വന്തം പൂർവ്വചരിത്രം-അതേ അവന്റെ വംശത്തിന്റെ-ഗോത്രത്തിന്റെ-സ്വന്തകുടുംബത്തിന്റെ ചരിത്രമാണ് അവൾ പറയുന്നത്. പഴയകാലത്തെ കഥകൾ തന്നെയല്ല, വർത്തമാനകാലത്തെയും ഭാവികാലത്തെയും കഥകൾ അവൾക്കു പറയാനുണ്ട്. അവൻ പള്ളിക്കൂടത്തിൽ പോകുന്നതിനുമുമ്പ്-പള്ളിയിൽ പോയി തുടങ്ങുന്നതിനുപോലും മുമ്പു-മാതാവിന്റെ മടിയിലിരുന്നു രസകരങ്ങളായ കഥ

കൾ കേൾക്കുന്നു. കുടുംബങ്ങൾ എല്ലാവരുംകൂടി ദിവസംതോറും നടത്തുന്ന പൊതുപ്രാർത്ഥനകൾ, വീട്ടിൽവച്ചു കഴിക്കുന്ന ശുശ്രൂഷകൾ, ആഴ്ചതോറും ശാബ്ബത്തിൽ നടത്തുന്ന നമസ്ക്കാരങ്ങൾ, പെരുനാളാഘോഷങ്ങൾ, വീട്ടിൽ ആചരിക്കുന്ന നോമ്പുകൾ, മുതലായ ഓരോന്നും കുട്ടിയുടെ ചെറുപ്പംമുതൽക്കെ അവന്റെ മനസ്സിൽ ഏറ്റം ഹൃദയംഗമമായി പതിയുന്നു. ശീതകാലത്തു, ധനുമാസത്തിൽ ഓരോ വീട്ടിലും ദീപക്കാഴ്ച നടത്തുന്നു. ഒന്നാംദിവസം ഒരു മെഴുകുതിരി മാത്രം കത്തിക്കുന്നു. രണ്ടാംദിവസം രണ്ടു മെഴുകുതിരി കത്തിക്കുന്നു. മൂന്നാം ദിവസം മൂന്നു മെഴുകുതിരി കത്തിക്കുന്നു. ഇങ്ങനെ ക്രമാനുഗതമായി വർദ്ധിച്ചു എട്ടാംദിവസം വലിയ ദീപക്കാഴ്ച നടത്തി ദൈവാരാധന കഴിക്കുന്നു. ധീരോദാത്തനായ യൂദാസ് മക്കാബിയാസ് ദേവാലയത്തെ ശുദ്ധീകരിക്കുകയും ദൈവാരാധനയെ പുനഃസ്ഥാപിക്കുകയും ചെയ്തതിന്റെ ഓർമ്മയ്ക്കായി നടത്തുന്ന ഈ ദീപക്കാഴ്ചക്കാലം യഹൂദജാതിയുടേയും സഭയുടേയും ചരിത്രവും, കുട്ടി, മാതാപിതാക്കളിൽനിന്നു പഠിക്കുന്നു. അവനും ദൈവത്തെ ചിന്തിപ്പാനും ബഹുമാനിപ്പാനും ശീലിക്കുന്നു. മീനമാസം വരുമ്പോൾ "പുരീം" പെരുനാൾ ആഘോഷിക്കുന്നു. എസ്തേർ രാജ്ഞി ഇസ്രായേലിനെ അടിമയിൽനിന്നു വിടുവിച്ചതിന്റെ ഓർമ്മയും ഉത്സവങ്ങളും നടക്കുന്നു. മേടമാസത്തിൽ പെസഹാപ്പെരുനാളാകുന്നു. കുടുംബത്തിൽ പ്രായമുള്ള ആളുകൾ യെരുശലേമിലേക്കു കരേറിപോകുന്നു. എങ്കിലും വീട്ടിലും പെരുനാളിന്റെ ചടങ്ങുകൾ ഉണ്ട്. ആഴ്ചമുഴുവനും വീട്ടിൽ പുളിപ്പുള്ള അപ്പത്തെ ഉണ്ടാക്കുന്നില്ല. അതു കഴിഞ്ഞു 50-ാം ദിവസം പെന്തിക്കുസ്തി ആകുന്നു. കൊയ്ത്തുകാലവും ആകുന്നു. ആദ്യവിളവുകളും ഏറ്റം പുഷ്ടിയുള്ള ഫലങ്ങളും ശേഖരിച്ചു യറുശലേമിലേക്കു ചുമന്നുകൊണ്ടു പോകുന്നു. ഇവ ദൈവത്തിനു കൊടുക്കേണ്ടതാണെന്നു യഹൂദബാലൻ മനസ്സിലാക്കുന്നു.

തുലാമാസം ഒന്നാംതീയതി ആണ്ടുപിറപ്പ് അതായതു കാഹളശബ്ദം കേൾക്കുന്ന പെരുനാൾ ആകുന്നു. ന്യായാധിപനായ ദൈവത്തിന്റെ പുസ്തകങ്ങൾ തുറക്കപ്പെടുമെന്നും ഓരോരുത്തനും അവനവന്റെ ജീവിതത്തെ സംബന്ധിച്ച് ദൈവത്തോട് ഉത്തരം പറയേണ്ടിവരുമെന്നും ഈ പെരുനാൾ യഹൂദബാലനെ പഠിപ്പിക്കുന്നു. തുലാമാസം 15-ാം തീയതി കൂടാരപ്പെരുനാളാകുന്നു. അന്നുമുതൽ 7 ദിവസത്തേക്കു കുടുംബം ആസകലം വീട്ടിൽനിന്നു പുറത്തിറങ്ങി കൂടാരങ്ങളിൽ പാർക്കുന്നു. വൃക്ഷങ്ങളുടെ കൊമ്പുകളുടെ ഇലകളുംകൊണ്ട് തല്ക്കാലവാസത്തിനായി മാത്രം ഉണ്ടാക്കീട്ടുള്ള ഈ കൂടാരങ്ങളിൽ പാർക്കുന്നത്

മോശയോടൊരുമിച്ചു മിസ്രയിമിൽനിന്ന് പുറപ്പെട്ട പൂർവ്വപിതാക്കൾ കൂടാരങ്ങളിൽ പാർത്തതിന്റെ ഓർമ്മയായിട്ടാകുന്നു. കൊയ്ത്തു കഴിഞ്ഞിരിക്കുന്ന സമയമാകകൊണ്ട് അതിനുവേണ്ടി സ്തോത്രം കൊടുക്കുകയും അടുത്ത കൃഷി ഫലവത്തായിരിക്കയും ചെയ്യാൻ പ്രാർത്ഥിക്കുന്നതു ഈ സമയത്താകുന്നു. ഇപ്രകാരമുള്ള സകല പെരുനാളുകളും ബാലനായ യേശു ആചരിച്ചു. അപ്പോസ്തോലന്മാരും ആദിക്രിസ്ത്യാനികളും ഇവയെ ആചരിച്ചുവന്നു.

| | എബ്രായ | സുറിയാനി | മലയാളം | വേദസാക്ഷി |
|---|---|---|---|---|
| 1. | ആബീബ് (നീബോൻ) | നിസോൻ | മേടം | പുറ. 13:4<br>നെബ. 2:1<br>എസ്തേർ 3:7 |
| 2. | ഇയ്യാർ | ഈയോർ | ഇടവം | |
| 3. | സീവാൻ | ഹസീറോൻ | മിഥുനം | എസ്തേർ 8:9 |
| 4. | താമ്മ്യൂസ് | തോമൂസ് | കർക്കടകം | |
| 5. | ആബ് | ഓബ് | ചിങ്ങം | |
| 6. | എലൂൽ | ഈലൂൽ | കന്നി | നെഹ. 4:15 |
| 7. | തിശ്രി | തിശ്രീൻക്ദിം | തുലാം | |
| 8. | മർചെസ് വാൻ | തെശ്രീൻ ഹെറോയ് | വൃശ്ചികം | |
| 9. | ചിസിലിയു | കോനൂൻക്ദിം | ധനു | സഖ. 7:1<br>നെഹ. 1:1 |
| 10. | തെബെത്ത് | കോനൂൽ ഹെറോയ് | മകരം | എസ്തേർ 42:16 |
| 11. | ഷെബാത്ത് | ശ്ബോത്ത് | കുംഭം | സഖറിയ. 1:7 |
| 12. | ആദാർ | ഓദോർ | മീനം | എസ്തേർ 3:7<br>എസ്രാ. 6:15 |

# അദ്ധ്യായം -4

യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. "നിങ്ങൾ വഴികളിൽ ചെന്നു നല്ലവഴി ഏതെന്നു പഴയപാതകളെ നോക്കി ചോദിച്ചു അതിൽ നടപ്പീൻ, എന്നാൽ നിങ്ങളുടെ മനസ്സിനു വിശ്രമം ലഭിക്കും" (യെരമിയാ 6:16).

നമ്മുടെ കർത്താവും വിശുദ്ധ അപ്പസ്തോലന്മാരും, ആദ്യക്രിസ്ത്യാനികളും, യഹൂദസഭയിൽ ജനിച്ചുവളർന്നവരായിരുന്നു. സഭയുടെ നടപടികളും ആചാരങ്ങളും ഭക്ത്യാദരപൂർവ്വം ആചരിച്ചുവന്നു. ബാല്യം മുതൽക്കെ ഇങ്ങനെ ശീലിച്ചവരായിരുന്നു. യഹൂദസഭയിലെ ഭക്തിജീവിതമല്ലാതെ വേറൊന്നു അവർക്കു അറിവുണ്ടായിരുന്നില്ല. അവർ പൊതുപ്രാർത്ഥനയ്ക്കായും മറ്റും കൂടിവന്ന സ്ഥലം വെറും 'ഹാൾ' "യോഗശാല" അഥവാ 'പരസ്യമുറി' മാത്രമല്ലായിരുന്നു. 'പ്രാർത്ഥനാലയം'-"ദൈവത്തിന്റെ ഭവനം" എന്നു ഗണിക്കപ്പെട്ടുവന്ന വിശുദ്ധ സ്ഥലമായിരുന്നു (വി: മത്തായി 12:4; യോഹ. 2:16). ദൈവാലയത്തിൽ നടത്തിവന്ന പരസ്യാരാധന ഓരോരുത്തന്റെയും തന്നിഷ്ടംപോലെയൊ വാസനാബലം പോലെയൊ നടത്തുവാൻ തക്കവണ്ണം ഓരോരുത്തന്റെ സ്വാതന്ത്ര്യത്തിന്നു വിട്ടുകൊടുത്തിരിക്കുകയല്ലായിരുന്നു. അത് സഭയിൽ നിശ്ചയിക്കപ്പെട്ട 'തക്സ' (ക്രമം) അനുസരിച്ചു നടത്തിവന്നു. യോഗ്യമായ വിധത്തിലും സംഗീതങ്ങളോടുകൂടെയും ആയിരുന്നു ദേവാലയത്തിൽ പരസ്യാരാധന നടത്തിവന്നത്. സംഗീതക്കാർ, പരിശീലനം പ്രാപിച്ചവരും ദൈവാലയത്തിലെ ഗായകന്മാരായി നിയമിക്കപ്പെട്ടവരും ആയിരുന്നു. 'സിന്നഗോഗ്' പള്ളിയിലാകട്ടെ യെരുശലേം ദേവാലയത്തിലാകട്ടെ ഉപയോഗിച്ചുവന്ന ആരാധനരീതി ക്ലിപ്തമായ 'തക്സാ' (ക്രമം) അനുസരിച്ചുള്ള ആരാധനാരീതിയായിരുന്നു. പള്ളി ശുശ്രൂഷകൾ നടത്തിവന്നതു മൂന്നു വർഗ്ഗം സ്ഥാനികളായിരുന്നു. ലേവ്യർ, ആചാര്യന്മാർ, പ്രധാനാചാര്യൻ. ഇവർക്ക് പട്ടം കൊടുക്കുകയും നിയമിക്കയും ചെയ്തു

വന്നതു ജനങ്ങളല്ലായിരുന്നു. ദൈവത്തിന്റെ പ്രത്യേക കല്പനയിൽ ഇവർക്കു പട്ടം കെട്ടിവന്നു. 'ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വതവെ എടുക്കുന്നില്ല' എന്നുള്ള പ്രമാണം (എബ്രയാ. 5:4) ഈ മൂന്നു സ്ഥാനികളെപ്പറ്റിയും യഥാർത്ഥമായിരുന്നു. ദൈവം നിശ്ചയിച്ചിട്ടുള്ള പ്രത്യേകവിധത്തിൽ മാത്രമായിരുന്നു ഈ സ്ഥാനികൾ നിയമിക്കപ്പെട്ടത്. ആചാര്യന്മാരും മറ്റു സ്ഥാനികളും പരസ്യമായ ശുശ്രൂഷകളിൽ സ്ഥാന ചിഹ്നമായ പ്രത്യേക വസ്ത്രങ്ങൾ ധരിക്കുക പതിവായിരുന്നു. (പുറപ്പാടു രണ്ടാം അദ്ധ്യായം മുഴുവൻ; ലേവ്യ. 8:7-9).

നമ്മുടെ കർത്താവു ഒരു സത്യ ഇസ്രായേല്യനായി ജീവിച്ചു. സഭയുടെ നടപടികളെയും ആചാരങ്ങളെയും കർത്താവ് ഏറ്റവും ഭക്തിയോടുകൂടി ബഹുമാനിക്കയും അനുഷ്ഠിക്കയും ചെയ്തു. സഭയിലെ ഭരണകർത്താക്കളുടെ കപടഭക്തിയേയും ദ്രവ്യാഗ്രഹത്തെയും കലശലായി കുറ്റം വിധിച്ച കർത്താവിനെക്കുറിച്ചു ശത്രുക്കൾ ഒരിക്കൽ പോലും ആചാര്യസ്ഥാനത്തോട് എതിർത്തുനിന്നു കുറ്റം പറഞ്ഞിട്ടില്ല. കർത്താവിന്റെ പേരിൽ എന്തെങ്കിലും കുറ്റം ആരോപിപ്പാൻ ശ്രമിച്ചിരുന്ന ശത്രുക്കൾ പോലും കുറ്റം ആരോപിക്കുന്നില്ല. പരീശന്മാരുടെ കർമ്മാചാരങ്ങളെ-ഹൃദയത്തിൽ ഭക്തിയില്ലാതെ വേഷത്തിൽമാത്രം നടത്തുന്ന കർമ്മാചാരങ്ങളെ-കർത്താവു നന്നായി കുറ്റപ്പെടുത്തി. എന്നാൽ സഭയിൽ കല്പിക്കപ്പെട്ടിരുന്ന കർമ്മാചാരങ്ങളെ കർത്താവു അനുഷ്ഠിച്ചില്ലാ എന്നോ, നിന്ദിച്ചു എന്നോ ഒരിക്കൽപോലും ശത്രുക്കൾ കർത്താവിനെ കുറ്റം പറഞ്ഞിട്ടില്ല. സഭയുടെ ആരാധനകളും പെരുനാളുകളും നോമ്പുകളും കർത്താവു വിശ്വസ്തതയോടുകൂടി ആചരിച്ചുവന്നു. ദൈവഭക്തിയുള്ള ഒരു കുടുംബത്തിൽ കർത്താവു ബാലനായി വളർന്നുവന്നു. യേശുവിനെ പ്രസവിച്ച് എട്ടാം ദിവസം ചേലാകർമ്മത്താൽ ഇസ്രായേൽ സഭയുടെ അംഗമായി സ്വീകരിക്കപ്പെട്ടു. (ഉല്പത്തി 17:10) യേശു ജനിച്ചു 6 ആഴ്ച കഴിഞ്ഞപ്പോൾ ദേവാലയത്തിൽ കൊണ്ടുവന്നു ദൈവത്തിനു നേർച്ചയായി അർപ്പിക്കപ്പെട്ടു. (ലേവ്യ പന്ത്രണ്ടാം അദ്ധ്യായം, വിശുദ്ധ ലൂക്കോസ് 2:21-25) പന്ത്രണ്ടു വയസ്സു പ്രായമായപ്പോൾ സഭയുടെ സകല പദവികളിലും ദൈവാലയത്തിലെ യാഗങ്ങളിലും പള്ളി ശുശ്രൂഷകളിലും കർമ്മങ്ങളിലും പങ്കുള്ളവനായിതീർന്നു. (വിശുദ്ധ ലൂക്കോ. 2:42) കർത്താവിനു മുപ്പതു വയസ്സായപ്പോൾ യഹൂദസഭയാൽ നിയമിക്കപ്പെട്ടിരുന്ന ഒരു തരം സ്നാനം-അനുതാപത്തിന്റെ മാമ്മോദീസാ- സ്വീക

രിച്ചു. (വി. മർക്കോ. 1:4) ഈ സ്നാനം ദൈവകല്പനയാൽ നിയമിക്കപ്പെട്ടതല്ല. സഭയുടെ കല്പനപ്രകാരം നിയമിക്കപ്പെട്ടതായിരുന്നു. ഇതരമതസ്ഥന്മാരെയും അനുതപിക്കുന്ന യഹൂദന്മാരെയും ഇസ്രായേൽ സഭയിലേക്കു സ്വീകരിക്കുന്നതിനുള്ള ശുശ്രൂഷയായി പില്ക്കാലത്തെ യഹൂദസഭ നിയമിച്ചതായിരുന്നു. ഇതരമതസ്ഥന്മാർ ചേലാകർമ്മം സ്വീകരിക്കുന്നതിനും പുറമെ ഈ സ്നാനം കൂടെ സ്വീകരിച്ചുവന്നു. (വി: ലൂക്കോ. 2:41-42; വി. മത്തായി 3:13-16) യേശുതമ്പുരാന്റെ അവസാന ദിവസത്തിൽപോലും ആചാര്യന്മാരുടെ ന്യായമായ സകല അധികാരത്തിനു കീഴ്പെട്ടിരുന്നു, അവരൊ മരണത്തിനുതന്നെ ഏലിപ്ക്കയാണുണ്ടായത്. യേശുതമ്പുരാൻ എല്ലാസമയത്തും എല്ലാസ്ഥലത്തും സത്യ ഇസ്രായേല്യനായി ജീവിച്ചു.

കൊടുക്കുന്ന വിഷയത്തിലും ന്യായപ്രമാണത്തിലെ ഗൗരവമേറിയ കാര്യങ്ങളിലും "ഒരുപോലെ വിശ്വസ്തനായിരുന്നു" (മത്തായി 23:23) കർത്താവിന്റെ കല്പനകളിലും ചട്ടങ്ങളിലും എല്ലാം കുറ്റമില്ലാത്തവനായി ജീവിച്ചു (ലൂക്കോ. 1:6).

നമ്മുടെ കർത്താവിന്റെ അനുസരണജീവിതത്തിനു ദൃഷ്ടാന്തമായി കാണുന്ന സംഗതികളിൽവച്ചു ഏററം അധികം നമ്മുടെ ഹൃദയത്തെ ആകർഷിക്കുന്ന ഒന്നു കർത്താവ് എത്ര വിശ്വസ്തയോടുകൂടി സഭാസംവത്സത്തെയും സഭാചട്ടങ്ങളേയും ആചരിച്ചു എന്നുള്ളതാകുന്നു (എബ്രായ. 5:8) പന്ത്രണ്ടു വയസ്സുള്ള ബാലനായിരിക്കുമ്പോൾ പെസഹാ പെരുനാൾ ആചരിച്ചു. ദൈവാലയത്തിൽ മതോപദേഷ്ടാക്കന്മാരുടെ പാദത്തിങ്കൽ വിനയപൂർവ്വം ഇരുന്ന് അവരുടെ ഉപദേശത്തെ ശ്രവിച്ചു. തന്റെ മാതാപിതാക്കൾക്കു അനുസരണമുള്ളവനായി നസ്രത്തിൽ പാർത്തു. (വി. ലൂക്കോ. 2:41-52) തന്റെ ലോകവാസം അവസാനിക്കാറായ സമയത്തുപോലും സഭാചട്ടങ്ങളേയും പെരുനാളുകളേയും ആചരിച്ചു. അവസാനത്തെ പെസഹാ കഷ്ടാനുഭവവും മരണവും വരുത്തുന്നതായിരുന്നു. എന്നിട്ടും കർത്താവ് വിശ്വസ്തതയോടു ആ പെരുനാൾ ആചരിപ്പാൻ പുറപ്പെട്ടു. ദൈവത്തിന്റെ കല്പനപ്രകാരം നിയമിക്കപ്പെട്ടിരുന്ന പെരുനാളുകൾ മാത്രമല്ല കർത്താവു ബഹുമാനിച്ചത്. സഭയാൽ നിയമിക്കപ്പെട്ടിരുന്ന പെരുനാളും ആചരിച്ചു. കർത്താവു ലോകത്തിൽ ജനിക്കുന്നതിനു ഇരുനൂറു വത്സരം മുമ്പ് മാത്രം ഏർപ്പെടുത്ത

പ്പെട്ട 'പ്രതിഷ്ഠോത്സവം' യൂദാസ് മഖാബിയസ് എന്ന ആചാര്യൻ ഏർപ്പെടുത്തിയതായിരുന്നു. പുറജാതി രാജാവു ദേവാലയത്തെ അശുദ്ധമാക്കുകയും യാഗപീഠത്തെ നശിപ്പിക്കയും ചെയ്തിരുന്നാറെ യുദ്ധവീരനായ ഇദ്ദേഹം സധൈര്യം യഹൂദന്മാരെ ഉത്സാഹിപ്പിച്ചു യുദ്ധം നടത്തി. ദേവാലയത്തിലെ അശുദ്ധതകളെ ദൂരീകരിച്ചു ദേവാലയത്തെയും യാഗപീഠത്തെയും പുനഃസ്ഥാപിച്ചു. അതിന്റെ ഓർമ്മയ്ക്കായിട്ടു ഇസ്രായേല്യർ പ്രതിഷ്ഠോത്സവം ആചരിച്ചുവന്നു. (1 മക്കാബി 4:52-59) യേശുവും ഈ പെരുനാൾ ആചരിച്ചു. (വി. യോഹന്നാൻ 10:22).

പഴയ കാതോലികസഭയാകുന്ന യഹൂദസഭയിലെ സർവ്വപ്രധാനമായ രണ്ടു പെരുനാളുകളെ യേശുതമ്പുരാൻ സ്വന്തജീവിതത്തിലെ സർവ്വപ്രധാനമായ രണ്ടു സംഗതികൾ നടത്തുന്നതിനുള്ള സമയമായി കരുതിക്കൂട്ടി തെരഞ്ഞെടുത്തു. തന്റെ പുതിയ കാതോലികസഭയിലെ പ്രധാന പെരുനാളുകളായിരിപ്പാൻ ഈ വിധത്തിൽ വഴിയുണ്ടാക്കി. (1) എപ്പോൾ മരിക്കണമെന്നുള്ളതു യേശുതമ്പുരാൻ തന്നത്താൻ നിശ്ചയിക്കാനുള്ളതായിരുന്നു. "ആരും അതിനെ (എന്റെ ജീവനെ) എന്നിൽ നിന്നു എടുത്തു കളയുന്നില്ല. ഞാൻതന്നെ അതിനെ കൊടുക്കുന്നു. അതിനെ കൊടുപ്പാൻ എനിക്ക് അധികാരം ഉണ്ട്. വീണ്ടും പ്രാപിപ്പാനും അധികാരമുണ്ട്" (യോഹന്നാൻ 10:18). "നിങ്ങൾ പെരുനാളിന്നു പോകുവീൻ. എന്റെ സമയം ഇതുവരെ വന്നിട്ടില്ലായ്കകൊണ്ടു ഞാൻ ഈ പെരുനാളിന്നു ഇപ്പോൾ പോകുന്നില്ല. ഇങ്ങനെ അവരോടു പറഞ്ഞിട്ടു ഗലീലയിൽതന്നെ പാർത്തു" (യോഹന്നാൻ 7:8). സ്വന്ത കഷ്ടാനുഭവത്തിന്നും മരണത്തിനുമായി യേശുതമ്പുരാൻ തെരഞ്ഞെടുത്ത സമയം പെസഹാപെരുനാൾ ആയിരുന്നു. ആ ദിവസം അടുത്തപ്പോൾ പെരുനാൾ ആചരിപ്പാനായി കർത്താവ് ഏറ്റം ശ്രദ്ധയോടും സൂക്ഷ്മത്തോടും വേണ്ട ഒരുക്കങ്ങൾ ചെയ്തു.

"പുളിപ്പില്ലാത്ത അപ്പത്തിന്റെ ഒന്നാം നാളിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്നു നീ പെസഹാ കഴിപ്പാൻ ഞങ്ങൾ ഒരുക്കേണ്ടതു എവിടെ എന്നു ചോദിച്ചു. അതിന്നു അവൻ പറഞ്ഞതു നിങ്ങൾ നഗരത്തിൽ ഇന്നവന്റെ അടുക്കൽ ചെന്നു 'എന്റെ സമയം അടുത്തിരിക്കുന്നു; ഞാൻ എന്റെ ശിഷ്യന്മാരുമായി നിന്റെ അടുക്കൽ പെസഹാ കഴിക്കും' എന്നു ഗുരു പറയുന്നു എന്നു പറവീൻ. ശിഷ്യന്മാർ യേശു കല്പിച്ചതു പോലെ ചെയ്തു പെസഹാ ഒരുക്കി" (മത്തായി 26:17, 18).

പെസഹാ കുഞ്ഞാടിനെ കൊല്ലുവാനുള്ള ദിവസമാണു ദൈവ കുഞ്ഞാടു കൊല്ലപ്പെട്ടത്. ആ ദിവസത്തിൽ ഏതു സമയം പെസഹാ കുഞ്ഞാടിനെ യാഗമർപ്പിക്കേണ്ടതായിരുന്നുവോ ആ സമയത്തു തന്നെ യാണു ദൈവകുഞ്ഞാടായ യേശു അർപ്പിക്കപ്പെട്ടത്. കർത്താവിനെ കൊല്ലണമെന്നുള്ള അത്യാഗ്രഹം നിമിത്തം ആചാര്യന്മാർ പെസഹാ കുഞ്ഞാടിനെ കൊല്ലാനുള്ള സമയത്തു ആ കാര്യത്തിൽ പ്രവേശിക്കാ തെ അതു നീക്കിവച്ചിട്ടു യേശുവിനെ കൊല്ലുന്നതിൽ ശ്രമിച്ചു. ലോക സ്ഥാപനത്തിനുമുമ്പു (ഉദ്ദേശ്യത്തിൽ) അറക്കപ്പെട്ട കുഞ്ഞാട് (വെളി പാടു 13:3) യഥാർത്ഥത്തിൽ അക്ഷരപ്രകാരം അറക്കപ്പെട്ടത് പെസഹാ ദിവസം പെസഹാ ആടിനെ അറക്കുന്നതിനുള്ള സമയത്തായിരുന്നു.

2. കർത്താവിന്റെ ജീവിതത്തിലും വി. ക്രിസ്തീയസഭയിലും പെരുനാളായിരിപ്പാൻ തക്കവണ്ണം യഹൂദസഭയുടെ പെരുനാളിനെ സ്വീക രിച്ചതായി കാണുന്നു. രണ്ടാമത്തെ സംഗതി പെന്തിക്കുസ്തിയാകുന്നു. കർത്താവിന്റെ ഉയർത്തെഴുന്നേല്പു കഴിഞ്ഞു നാല്പതു ദിവസം താൻ ഭൂമിയിൽ താമസിച്ചുകൊണ്ടു വിശുദ്ധ ക്രിസ്തീയ കാതോലിക്കാസഭ സ്ഥാപിപ്പാൻ അവർ ശ്രമിക്കേണ്ടതെങ്ങനെയെന്നു അപ്പോസ്തലന്മാ രോടു ഉപദേശിക്കയും യഥാർത്ഥത്തിൽ തിരുമേനി ഉയിർത്തെഴുന്നേറ്റു എന്നു അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു.

“അവൻ കഷ്ടമനുഭവിച്ചശേഷം നാല്പതു നാളോളം അവർക്കു പ്രത്യക്ഷനായി. ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ടു താൻ ജീവിച്ചിരുന്നു എന്ന് അനേകം ദൃഷ്ടാന്തങ്ങളാൽ അവർക്കു കാണിച്ചു കൊടുത്തു” (അപ്പൊ. പ്രവ. 1:2-3) നാല്പതാം ദിവസം താൻ അവരെല്ലാവരും കാൺകെ സ്വർഗ്ഗത്തിലേക്കു കരേറി. (അപ്പോ. പ്രവ. 1:9) എന്നാൽ സ്വർഗ്ഗാരോഹണത്തിന്നുമുമ്പ് ശിഷ്യന്മാരോട് പത്തു ദിവസംകൂടി പരിശുദ്ധാത്മദാനത്തിനായി നോക്കിപ്പാർക്കണമെന്നു കല്പിച്ചിരുന്നു. കർത്താവു ശരീരത്തിൽ തങ്ങളോടു കൂടെയില്ലാത്തതി നാൽ; ‘അനാഥന്മാരായി,’ ‘ആശ്വാസമില്ലാത്തവരായി’ പത്തു ദിവസ ത്തേക്കു പാർക്കണമെന്നും, അതു കഴിയുമ്പോൾ വാഗ്ദാനമനുസരിച്ചു ആശ്വാസപ്രദനായ പരിശുദ്ധറൂഹാ എഴുന്നെള്ളി വരുമെന്നും കല്പിച്ചു. കർത്താവു സ്വർഗ്ഗത്തിലേക്കു കയറിയ ഉടനെ തന്നെ പരിശുദ്ധാത്മാ വിനെ അയച്ചുകൊടുക്കാതിരുന്നതു എന്തുകൊണ്ടാണെന്നു മനസ്സിലാ

ക്കുവാൻ അപ്പസ്തോലന്മാർക്കു വിഷമമായിരുന്നു. അവരുടെ വിശ്വാസവും ക്ഷമയും പരീക്ഷിക്കുന്നതിനും, അവർ പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ ഒന്നുകൂടി ഒരുങ്ങുന്നതിനും, ആയിരുന്നു എന്നു നമുക്കു സമാധാനിക്കാം. എന്നാൽ ഉയർത്തേഴുനേല്പു കഴിഞ്ഞു കൃത്യം അമ്പതു ദിവസം കഴിയുന്നതുവരെ പരിശുദ്ധാത്മാവിനെ അയക്കാതെ താമസിപ്പിക്കയും അമ്പതാം ദിവസം കൃത്യമായി അയച്ചു കൊടുക്കയും ചെയ്തതിന്റെ ഉദ്ദേശ്യം എന്തായിരിക്കാം. പെന്തിക്കുസ്തി യഹൂദസഭയുടെ പെരുനാളാകുന്നു. (3-ാം അദ്ധ്യായം നോക്കുക) ആ ദിവസത്തിൽ ദൂരദേശങ്ങളിൽനിന്നു സമുദ്രമാർഗ്ഗമായും കരമാർഗ്ഗമായും അനേകം യഹൂദന്മാർ വന്നുകൂടും. വിശുദ്ധ സഭയുടെ ജനനദിവസം പെന്തിക്കുസ്തിയിൽ "പാർത്ത്യരും മേദ്യരും ഏലാമ്യരും മെസപ്പൊത്താമ്യയിലും യഹൂദിയിലും കപ്പദോക്യയിലും മിസ്രയിമിലും കുറേനേക്കുചേർന്ന ലിബ്യാപ്രദേശങ്ങളിലും പാർക്കുന്നവരും റോമായിൽനിന്നു വന്നു പാർക്കുന്നവരും യഹൂദന്മാരും യഹൂദമതാനുസാരികളും ക്രേത്യരും അറബിക്കാരുമായ" (അപ്പോ.പ്രവ. 3:9-10) ഒരു വലിയ ജനസമൂഹം യരുശേലമിൽ ഉണ്ടായിരുന്നതു ക്രിസ്തീയസഭയുടെ വളർച്ചയ്ക്കു ഏറ്റം സഹായിക്കുന്ന ഒരു ആരംഭമായിരിക്കും. എന്നാൽ പരിശുദ്ധാത്മാവിനെ പ്രദാനംചെയ്തു വിശുദ്ധ കാതോലികസഭയെ സ്ഥാപിക്കുന്നതിനു കർത്താവു തെരഞ്ഞെടുക്കുവാൻ വേറെ വല്ല കാരണവുമുണ്ടോ? "പെന്തിക്കുസ്തിനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാറ്റു അടിക്കുന്നതുപോലെ ആകാശത്തുനിന്നു ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു. അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി. അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി അവർക്കു ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി" (അപ്പൊ.പ്രവ. 2:1-4) വിശുദ്ധാത്മാവിനെ പ്രാപിക്കയും വിശുദ്ധ കാതോലികസഭയായി നിർമ്മിക്കപ്പെടുകയും ചെയ്ത ജനസമൂഹം നൂറ്റിയിരുപതു ആളുകളായിരുന്നു. ഇതിൽ അപ്പസ്തോലന്മാർ ദൈവമാതാവായ മറിയാം, കർത്താവിന്റെ 'സഹോദരന്മാർ' കർത്താവിനെ സ്നേഹിച്ച സ്ത്രീകൾ മുതലായവർ ഉൾപ്പെട്ടിരുന്നു. (അപ്പൊ. പ്രവ. 1:10-16) പരിശുദ്ധാത്മാവിനെ- ആശ്വാസപ്രദനെ-ഇന്നപ്പോൾക്കൊടുക്കുമെന്നു കർത്താവു ശിഷ്യന്മാരോടു മുമ്പു

കൂട്ടി പറഞ്ഞിട്ടില്ലായിരുന്നു. കർത്താവ് "ഇസ്രായേലിനു രാജ്യം യഥാ സ്ഥാനപ്പെടുത്തിക്കൊടുക്കുവാൻ" തുടങ്ങുന്നതു എപ്പോഴായിരിക്കു മെന്നു ശിഷ്യന്മാർ ചോദിച്ചു. "പിതാവു തന്റെ സ്വന്ത അധികാരത്തിൽ വച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നതു നിങ്ങൾക്കു ള്ളതല്ല." നിങ്ങൾ യരുശലേമിൽനിന്നു വാങ്ങിപ്പോകാതെ എന്നോടു കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കണം. "പരിശുദ്ധാ ത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും" എന്നു കർത്താവ് അവരോടു മറുപടി കല്പിച്ചു. (അപ്പൊ.പ്രവ. 1:4-8) ദൈവം സീനായ്മലയിൽവച്ചു ന്യായപ്രമാണം കൊടുത്ത മഹാപെരുനാൾ-ദൈവം തന്റെ ജനത്തെ തുടരെ സ്നേഹിക്കയും കരുതുകയും ചെയ്യുന്നതിനെ ഓർക്കുന്ന പെരു നാൾ-കൊയിത്തുകാലത്തു ആദ്യവിളവുകൾ ശേഖരിച്ചു ദൈവത്തിന്നു ആദ്യഫലങ്ങളെ പ്രതിഷ്ഠിക്കുന്ന പെരുനാൾ-ആയ പെന്തിക്കുസ്തിയിൽ ആയിരിക്കാം പരിശുദ്ധാത്മാവിനെ തരുന്നതു എന്നു ശിഷ്യന്മാർക്കു ആശയും ധൈര്യവും ഉണ്ടായിരുന്നു എന്നാണ് നാം അനുമാനിക്കേ ണ്ടത്. എന്തെന്നാൽ "പെന്തിക്കുസ്തിനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചുകൂടിയിരുന്നു" അതേ കഴിഞ്ഞ പത്തു ദിവസങ്ങളിൽ ഒരുമനപ്പെട്ടു പ്രാർത്ഥിച്ചു കൊണ്ടിരുന്ന കാര്യം (അപ്പോ.പ്രവ. 1:14)- വിശുദ്ധാത്മദാനം-പ്രാപിപ്പാൻ നോക്കിപ്പാർത്തുകൊണ്ടു എല്ലാവരും ഒരുമിച്ചുകൂടി (അപ്പോ.പ്രവ. 2:1) യഹൂദസഭയിലെ പെന്തിക്കുസ്തിയിൽ തന്നെ ദൈവം അവർക്കു പരിശുദ്ധാത്മാവിനെ കൊടുത്ത് ക്രിസ്തീയ സഭയുടെ പെന്തിക്കുസ്തി പെരുനാളാക്കിത്തീർത്തു.

യഹൂദസഭയുടെ പെരുനാളുകൾ, നോമ്പുകൾ മുതലായതു ഭക്തി പൂർവ്വം ആചരിക്കുന്ന ഒരു വായുമണ്ഡലത്തിലാണ് അപ്പസ്തലന്മാരും ആദ്യക്രിസ്ത്യാനികളും ജനിച്ചു വളർന്നത്. കർത്താവിന്റെ ദൃഷ്ടാന്തം അവർ കണ്ടറിഞ്ഞിട്ടുമുണ്ടായിരുന്നു. "ദൈവം ആത്മാവാകുന്നു; അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കണം" എന്നു (വി: യോഹന്നാൻ 4:24) കല്പിച്ച കർത്താവിന്റെ ഉപദേശവും ദൃഷ്ടാന്തങ്ങളും കേട്ടും കണ്ടും കർത്താവിന്റെ കീഴിൽ അഭ്യസിച്ചും വന്ന അപ്പസ്തോലന്മാരും ആദ്യക്രിസ്ത്യാനികളും, "നോമ്പുവേണ്ട, പെരുനാളുകൾ വേണ്ട, ഏഴുനേരമുള്ള പ്രാർത്ഥനകൾ വേണ്ടാ, ബാഹ്യാ ചാരങ്ങൾ ഒന്നും തന്നെ വേണ്ട" എന്നു നിശ്ചയിച്ചു പുതിയ "കാതോലിക

സഭാചട്ടങ്ങളെ വ്യവസ്ഥപ്പെടുത്തുമെന്നു വിശ്വസിപ്പാൻ എങ്ങനെ കഴിയും? ഇങ്ങനെ വിശ്വസിക്കണമെന്നാണ് ഇക്കാലത്തു പ്രോട്ടസ്റ്റന്റു വകുപ്പുമാർ ആവശ്യപ്പെടുന്നത്. പുതിയ "കാതോലികസഭ"യിൽ പഴയ കാതോലികസഭയെപ്പോലെ പട്ടത്വത്തിൽ മൂന്നു വർഗ്ഗം സ്ഥാനികൾ ഉണ്ടായിരിക്കണമോ? കർത്താവു പന്ത്രണ്ടാളുകളേയും വേറെ എഴുപതു ആളുകളേയും തെരഞ്ഞെടുത്തു അവരെ വളരെ ബുദ്ധിമുട്ടു സഹിച്ചു പരിശീലിപ്പിക്കയും അഭ്യസിപ്പിക്കയും ശേഷമുള്ള ജനക്കൂട്ടത്തിൽനിന്നു അവരെ വേർപെടുത്തുകയും "ലോകാവസാനത്തോളം" (മത്തായി 18:20) കർത്താവിന്റെ പ്രതിപുരുഷന്മാരായി പ്രവർത്തിപ്പാൻ അധികാരപ്പെടുത്തുകയും ചുമതലപ്പെടുത്തുകയും ചെയ്തു. എങ്കിൽ ക്രിസ്തീയസഭയിൽ എല്ലാ അംഗങ്ങളും ഒരുപോലെയാണെന്നും, പട്ടത്വം ഇല്ലെന്നും, സഭയിൽ വിശുദ്ധാത്മാനൽവരമുള്ള സ്ഥാനികൾ ആവശ്യമില്ലെന്നും വരുന്നതെങ്ങനെ? പുതിയ കാതോലികസഭയിൽ ദൈവാരാധനയ്ക്കു യാതൊരു ക്രമവും ക്രമത്തെ വ്യക്തപ്പെടുത്തി ക്ലിപ്തപ്പെടുത്തുന്ന "തക്സാ"യും വേണ്ടെന്നു വരുന്നതെങ്ങനെ? പുതിയ സഭയിൽ ആചാര്യശുശ്രൂഷകളും ശുശ്രൂഷകന്മാർക്കു സ്ഥാനവസ്ത്രങ്ങളും വേണ്ടെന്നു വരുന്നതെങ്ങനെ? പഴയ സഭയായ യഹൂദസഭയുടെ ചരിത്രത്തിലുള്ള പ്രധാന സംഭവങ്ങളെക്കാൾ ഏറ്റം മഹത്തരങ്ങളും "സർവ്വജനത്തിന്നും ഉണ്ടാവാനുള്ളൊരു മഹാസന്തോഷം" (ലൂക്കോ. 2:10) ആയി കർത്താവിന്റെയും പുതിയ കാതോലികസഭയുടേയും ചരിത്രത്തിലുള്ള പ്രധാന സംഭവങ്ങളെ ഓർക്കുന്നതിനും ആഘോഷിക്കുന്നതിനും പെരുനാളുകൾ ആവശ്യമില്ലെന്നു വരുന്നതെങ്ങനെ? നമ്മുടെ കർത്താവും വിശുദ്ധ ശ്ലീഹന്മാരും ജീവിക്കയും ചരിക്കയും ചെയ്തുവന്നതായ വായുമണ്ഡലം ഏതുപ്രകാരമുള്ളതായിരുന്നു എന്നു അറിഞ്ഞിരിക്കുന്ന സ്ഥിതിക്കു ആദ്യക്രിസ്തീയസഭ സ്ഥാപിച്ചു വളർന്നുവന്ന കാലത്തു പെരുനാളുകളെക്കുറിച്ചും സഭാനടപടികളെപ്പറ്റിയും വി: അപ്പസ്തോലന്മാരും പിതാക്കന്മാരും സഭാചട്ടങ്ങൾ എങ്ങനെ രൂപപ്പെടുത്തുമെന്നു നമുക്കു ഊഹിക്കാവുന്നതാണ്.

# അദ്ധ്യായം-5

"നമ്മുടെ പെസഹാ കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്ന ക്രിസ്തു തന്നെ ആകയാൽ നാം പഴയ പുളിമാവുകൊണ്ടല്ല, തിന്മയും ദുഷ്ടതയുമായ പുളിമാവുകൊണ്ടുമല്ല, സ്വച്ഛതയും സത്യവുമായ പുളിപ്പില്ലായ്മ കൊണ്ടു ഉത്സവം ആചരിക്ക" (1 കോറി. 5:7-8).

കുറെക്കൂടെ താമസിക്കണമെന്നു അവർ അപേക്ഷിച്ചിട്ട് അവൻ (പൌലൊസു) സമ്മതിക്കാതെ, എന്തായാലും യരുശലേമിൽ ഈ വരുന്ന പെരുനാൾ എനിക്കു ആചരിക്കണം. ദൈവഹിതമുണ്ടെങ്കിൽ ഞാൻ നിങ്ങളുടെ അടുക്കൽ മടങ്ങിവരും എന്നു പറഞ്ഞിട്ടു വിടവാങ്ങി എപ്പേസൂസിൽനിന്നു കപ്പൽ നീക്കി (അപ്പോ.പ്രവ. 18:18). "കഴിയുമെങ്കിൽ പെന്തിക്കോസ്തു നാളിലേക്കു യറുശലേമിൽ എത്തേണ്ടതിന് പൌലോസ് ബദ്ധപ്പെട്ടു" (അപ്പോ.പ്രവ. 20:21).

ആദ്യക്രിസ്തീയസഭയും അപ്പോസ്തലന്മാരും യഹൂദസഭാപെരുനാളുകളെ നിഷേധിക്കുന്നതിനുപകരം അവയെ ക്രിസ്തീയരൂപത്തിൽ ഭേദപ്പെടുത്തി ശുദ്ധീകരിച്ച് ആചരിക്കുന്നതിനാണു എളുപ്പം എന്ന് മുൻപു പ്രസ്താവിച്ചിട്ടുള്ളതുകൊണ്ട് അനുമാനിക്കാം കർത്താവു ഈ പെരുനാളുകളെ ഭക്തിപൂർവ്വം ആദരിച്ചു എന്നു തന്നെയല്ല, കർത്താവിന്റെ ജീവിതത്തിലെ സർവ്വപ്രധാനമായ സംഭവങ്ങളെ യഹൂദസഭാപെരുനാളുകളോടു സംഘടിപ്പിക്കയും ചെയ്തതു സ്മർത്തവ്യമാകുന്നു.

യഹൂദസഭയുടെ സ്ഥാനത്തുനിന്നുകൊണ്ടു നോക്കാതെ, ക്രിസ്തീയസഭയുടെ നിലയ്ക്കു അനുരൂപമായ വിധത്തിൽ ആ സഭയും അപ്പൊസ്തലന്മാരും പെരുനാളുകൾ ആചരിച്ചുവന്നതായി പുതിയനിയമത്തിൽ വല്ല സൂചനകളുമുണ്ടോ എന്നു പരിശോധിക്കാം.

1. പരിശുദ്ധാത്മാവ് അപ്പോസ്തലസഭയിൽ ഇറങ്ങി ഇരുപതു സംവത്സരം കഴിഞ്ഞിട്ടു വി: പൗലുസ് ശ്ലീഹാ എപ്പെസൂസു പട്ടണത്തിലെ

യഹൂദക്രിസ്ത്യാനികളോട് "എനിക്കു നിങ്ങളുടെകൂടെ താമസിക്കാൻ അശേഷം നിവൃത്തിയില്ല. എന്തായാലും യറുശലേമിൽ ഈ വരുന്ന (പെന്തിക്കുസ്തി) പെരുനാൾ എനിക്കു ആചരിക്കണം" (അപ്പോ. പ്രവ. 18:21) എന്നു നിർബ്ബന്ധമായി പറയുന്നു. അതു കഴിഞ്ഞു നാലു സംവത്സരം കഴിഞ്ഞപ്പോൾ വി. പൌലോസിനെപ്പറ്റി വി: ലൂക്കോസ് പറയുന്നതു: "കഴിയുമെങ്കിൽ പെന്തിക്കുസ്തിനാളേയ്ക്കു യരുശേലമിൽ എത്തേണ്ടതിനു പൌലോസു ബദ്ധപ്പെട്ടുപോയി" എന്നാകുന്നു. (അപ്പോ. പ്രവ. 20:16) എപ്പേസൂസിൽ ഞാൻ പെന്തിക്കുസ്തിവരെ പാർക്കും (1 കോരിന്തി. 16:8) എന്നു വി: പൌലൊസുശ്ലീഹാ കോറിന്തിലെ ക്രിസ്ത്യാനികളോടു പറയുന്നു.

പെന്തിക്കുസ്തി പെരുനാൾ ആചരിക്കുന്നതിൽ വി. പൌലൊസിനെപ്പോലെയുള്ള ഒരു മനുഷ്യന്റെ മനസ്സിൽ ഉണ്ടായിരിക്കാവുന്ന പ്രധാന ചിന്ത എന്തായിരിക്കാം? യഹൂദസഭയിൽ ഈ പെരുനാൾ ആചരിച്ചുവന്നതും പഴയകാലത്തു ആചരിച്ചുവന്നതും എന്തുകാര്യത്തിനാണെന്നു വി. പൌലൊസിനു-''എബ്രായരിൽ എബ്രായനായ'' പൌലോസിനു-അറിയാം (ഫിലിപ്പി. 3:5). എന്നാൽ അതിനെക്കാൾ പ്രധാനമായ ഒരു പുതിയ കാരണം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. ഇരുപതു സംവത്സരത്തിനുമുമ്പ് അത്ഭുതകരമായി പരിശുദ്ധ റൂഹാ നല്കപ്പെട്ടു. സീനായിമലയിൽവച്ച് കല്പനകൾ കല്പലകകളിൽ എഴുതപ്പെട്ടതിനെ പഴയസഭ പെന്തിക്കുസ്തിയിൽ ഓർത്തുവന്നു എങ്കിൽ, പുതിയ കാതോലികസഭയിലെ അംഗങ്ങളായ ആദ്യക്രിസ്ത്യാനികളുടെ "ഹൃദയത്തിൽ പുതിയ ന്യായപ്രമാണം" എഴുതപ്പെട്ട പെരുനാളായി പുതിയസഭ പുതിയ പെന്തിക്കുസ്തിയെ ആചരിച്ചുവന്നു (എബ്രായ. 8:10). "കോതമ്പു കൊയിത്തിലെ ആദ്യഫലോത്സവമായ വാരോത്സവം" (പുറപ്പാട് 26:22) ആയി പഴയസഭ പെന്തിക്കുസ്തി ആചരിച്ചു എങ്കിൽ, പുതിയ കാതോലി കസഭ, കർത്താവു തന്നത്താൻ വിതച്ചതായ കൃഷിയിലെ ആദ്യഫലമായി ആദ്യസഭയെ ശേഖരിച്ചതിന്റെ ഓർമ്മയെ പുതിയ പെന്തിക്കുസ്തിയിൽ ആചരിച്ചുവന്നു. പുതിയ യിസ്രായേലും പുതിയ യരുശലേമും ആകുന്ന വിശുദ്ധ കാതോലികസഭയുടെ ജനനദിവസം പുതിയ പെന്തിക്കുസ്തിയാണെന്ന് വിശുദ്ധ പൌലോസിനും അപ്പോസ്തലന്മാർക്കും അറിയാമായിരുന്നു. ഈ വിചാരങ്ങളോടും ഉദ്ദേശങ്ങളോടുംകൂടി വിശുദ്ധ പൌലൊസ് പെന്തിക്കുസ്തി പെരുനാൾ ആചരിച്ചു എന്നു വിചാരിപ്പാനെ തരമുള്ളൂ.

2. യഹൂദ സഭയുടെ പെസഹാക്കാലത്തായിരുന്നു കർത്താവിന്റെ ക്രൂശാരോഹണം, മരണം, ഉയർത്തെഴുനേല്പു മുതലായതു സംഭവിച്ചത്. യഹൂദപെസഹാ വിട്ടിട്ടു പുതിയ പെസഹാ ആചരിക്കണമെന്നു പൌലോസു ശ്ലീഹാ ഉപദേശിക്കുന്നതായി കാണുന്നു. കോറിന്തിലെ സഭയിൽ ക്രിസ്തീയ പെസഹാ സംബന്ധിച്ചുള്ള ആചാരങ്ങളിൽ കുഴപ്പങ്ങൾ ഉണ്ടായതിനെ ദൂരീകരിക്കാൻ വി. പൌലോസു താഴെക്കാണുന്ന പ്രകാരം എഴുതി എന്നാണു വിചാരിക്കേണ്ടത്:- "നമ്മുടെ പെസഹാ കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു. ആകയാൽ നാം പഴയ പുളിമാവു കൊണ്ടല്ല, തിന്മയും ദുഷ്ടതയും ആകുന്ന പുളിമാവു കൊണ്ടുമല്ല, സ്വച്ഛതയും സത്യവും ആകുന്ന പുളിപ്പില്ലായ്മ കൊണ്ടുതന്നെ ഉത്സവം ആചരിക്കണം" (1 കോറി. 5:7-8) എന്നു തന്നെയുമല്ല, ആദ്യകാലം മുതൽക്കേ ക്രിസ്തീയസഭയിൽ എല്ലാ സ്ഥലങ്ങളിലും കർത്താവിന്റെ ക്രൂശുമരണവും ഉയർത്തെഴുനേല്പും ഓർക്കുന്നതിനായി പെരുനാളാഘോഷിച്ചു വന്നു. സഭയിൽ ആദ്യമുണ്ടായ ഭിന്നത ഇതുസംബന്ധിച്ചുണ്ടായിരുന്നു. ഉയിർപ്പു പെരുനാൾ (ക്യംതാ) പെസഹാ ആഴ്ചയിൽ ഏതെങ്കിലും ദിവസം ആചരിച്ചാൽ മതിയെന്നു ചില പൗരസ്ത്യ ക്രിസ്ത്യാനികൾ വാദിച്ചു. കർത്താവിന്റെ ഉയർത്തെഴുനേല്പു ഞായറാഴ്ചയായിരുന്നതുകൊണ്ട് അതിന്റെ പെരുനാൾ എല്ലാ ആണ്ടിലും ഞായറാഴ്ച തന്നെ ആചരിക്കണമെന്നു വേറെ ചിലരും വാദിച്ചു (വി. മർക്കോ. 16:2). ഈ വാദം സംബന്ധിച്ചു പറയാനുള്ളതു പിന്നാലെ പ്രസ്താവിക്കുന്നതാണ്.

3. ആദ്യസഭ ക്രിസ്തീയ പെന്തിക്കുസ്തി ആചരിച്ചു വന്നു എന്നും (ക്യംതാ) ഉയർത്തെഴുനേല്പു പെരുനാൾ ആചരിച്ചുവന്നു എന്നും മേൽ പ്രസ്താവിച്ചു. ഈ പെരുനാൾ ക്രിസ്തീയസഭയുടെ പെരുനാളുകളായി ഏർപ്പെടുത്തിയ വിശുദ്ധ കാതോലിക്കാസഭ "ഞായറാഴ്ച"യും പെരുനാളാക്കിത്തീർത്തു. യഹൂദന്മാർ ആഴ്ചയിൽ ഏഴാംദിവസമായ ശനിയാഴ്ചയെ "ശാബത്ത്" ആയി ആചരിച്ചുവന്നു. ആദ്യസഭ ശാബത്തിനെ നീക്കി ആഴ്ചയിൽ ഒന്നാംദിവസമായ ഞായറാഴ്ചയെ വിശുദ്ധ ദിവസമായി നിശ്ചയിച്ചു. ശാബത്തു നീക്കി ഞായറാഴ്ച ആചരിക്കണമെന്നു നമ്മുടെ കർത്താവു കല്പിച്ചതായി യാതൊരു തെളിവും ഇല്ല. "ദൈവരാജ്യത്തെക്കുറിച്ചു" അതായതു വിശുദ്ധ സഭയെക്കുറിച്ചു വേണ്ട കാര്യങ്ങൾ ഉയർത്തെഴുനേല്പിന്റെ ശേഷം നാല്പതു ദിവസം അപ്പോസ്ത

ലന്മാരോടു കല്പിച്ച കൂട്ടത്തിൽ (അപ്പൊ.പ്രവ. 1) ഇതും ഉൾപ്പെട്ടിരിക്കാം. കേവലം പള്ളി ആരാധന സംബന്ധിക്കുന്ന ഒരു നിയമം മാത്രമല്ലായിരുന്നു ശാബ്ബത്തു ആചരിക്കണമെന്നുള്ള ചട്ടം. സന്മാർഗ്ഗിക പ്രമാണമായി സീനായിമലയിൽവച്ചു കല്പിച്ച പ്രധാന കല്പനകളിൽ ഉൾപ്പെട്ട നാലാമത്തെ കല്പനയായിരുന്നു (പുറപ്പാടു 20:8). അന്നുമുതൽ ആയിരത്തഞ്ഞൂറു സംവത്സരത്തിലധികം ഇസ്രായേല്യർ ഈ കല്പനയനുസരിച്ചു ശാബത്തു ആചരിച്ചുവന്നു. "ഏഴാംദിവസം"-എന്നുവച്ചാൽ "ശാബത്ത്" എന്നർത്ഥം എന്നുകൂടി യഹൂദർ ധരിച്ചുപോയി. ആ സ്ഥിതിക്ക് അതിനെ മാറ്റി വേറൊരു "ഏഴാംദിവസം"-വേറൊരു സ്വസ്ഥദിവസം-ഏർപ്പെടുത്തുക എന്നതു സന്മാർഗ്ഗികപ്രമാണം കൂടെ മാറ്റുക ആയിരുന്നു. എന്നാൽ വിശുദ്ധ ക്രിസ്തീയ കാതോലികസഭയ്ക്കു ഈ ഭേദം വരുത്തുവാൻ യാതൊരു മടിയും ഉണ്ടായില്ല. ആഴ്ചയിൽ ഒന്നാം ദിവസത്തെ- ഞായറാഴ്ചയെ-വിശുദ്ധ ദിവസമായി നിശ്ചയിച്ചു. അന്നുമുതൽ ആയിരത്തഞ്ഞൂറു സംവത്സരത്തേക്കു എല്ലാ ക്രിസ്ത്യാനികളും ഞായറാഴ്ച ആചരിച്ചുവന്നു. എന്നാൽ ക്രിസ്താബ്ദം 1600-ാമാണ്ടടുത്തു "ശാബത്തു ആചരിക്കുന്ന മുങ്ങുകാർ" എന്നു പേരായി ഒരു വർഗ്ഗം പ്രൊട്ടസ്റ്റന്റു വകുപ്പു ഉത്ഭവിച്ചു. കർത്താവു ഉയർത്തെഴുന്നേറ്റതിനെ സാക്ഷിപ്പാനും രക്ഷാകരമായ ആ സംഭവത്തെ ബഹുമാനിപ്പാനും സംവത്സരത്തിൽ ഒരു ദിവസം നിശ്ചയിച്ചിട്ടുള്ളതു കൂടാതെ, ആഴ്ചയിൽ ഒരു ദിവസംകൂടെ നിശ്ചയിച്ച് കാതോലികസഭ ഇന്നും ആചരിച്ചു വരുന്നു.

ക്രിസ്ത്യാനികളായിതീർന്ന യഹൂദന്മാർ ഞായറാഴ്ച കൂടാതെ ശനിയാഴ്ച കൂടെ ആചരിച്ചുവന്നു. ക്രിസ്തീയസഭയുടെ ആചാരങ്ങൾക്കും പുറമെ യഹൂദസഭയുടെ ആചാരങ്ങളും അനുഷ്ഠിച്ചുവന്നു. എന്നാൽ യഹൂദസഭയിലെ ആചാരങ്ങളെ നിർബ്ബന്ധവിഷയങ്ങളായി സഭ ഗണിച്ചില്ല. ചേലാകർമ്മം, ശുദ്ധവും അശുദ്ധവുമായ ഭക്ഷണസാധനങ്ങൾ, യരുശലേം ദൈവാലയം നശിക്കുന്നതിനുമുമ്പ് ദൈവാലയത്തിൽ യാഗം കഴിക്കുക-മുതലായ കാര്യങ്ങളെ സംബന്ധിച്ച് ക്രിസ്തീയസഭയുടെ നിശ്ചയങ്ങൾ ഇതിനു ദൃഷ്ടാന്തങ്ങളാകുന്നു. കാതോലികസഭയിൽ "യവനനും യഹൂദനും എന്നില്ല, പരിഛേദനവും അഗ്രചർമ്മവും എന്നില്ല ബർബ്ബാൻ, ശകൻ, ദാസൻ, സ്വതന്ത്രൻ എന്നുമില്ല. ക്രിസ്തുവത്രേ എല്ലാവരിലും എല്ലാം ആകുന്നു" (കോലോസി 3:11).

“വിഗ്രഹാർപ്പിതം, രക്തം, ശ്വാസംമുട്ടിച്ചത്തത്, പരസംഗം എന്നിവ വർജ്ജിക്കുന്നത് ആവശ്യം എന്നല്ലാതെ അധികമായ ഭാരം ഒന്നും നിങ്ങളുടെ മേൽ ചുമത്തരുത് എന്നു പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നിയിരിക്കുന്നു. ഇവ വർജ്ജിച്ചു സൂക്ഷിച്ചുകൊണ്ടാൽ നന്ന്. ശുഭമായിരിപ്പീൻ” (അപ്പോ. പ്രവ. 15:28-19).

ഒരിക്കൽ വി. പൌലൊസു ശേഷം യഹൂദക്രിസ്ത്യാനികളോടും, കൂടി യരുശലേം ദൈവാലയത്തിൽ ചെന്നു വഴിപാടു കഴിക്കുന്നതായി നാം കാണുന്നു. (അപ്പോ. പ്രവ. 21:17-26) തീമോഥിയോസ് ക്രിസ്ത്യാനിയായിത്തീർന്നശേഷം അദ്ദേഹത്തെ വി. പൌലോസ് പരിഛേദന ഏല്പിക്കുന്നതായി നാം കാണുന്നു. ഇതു യഹൂദക്രിസ്ത്യാനികളുടെ മുൻവിധിക്കു ശമനം വരുത്തുന്നതിനായി ചെയ്തതാണ്. തിമോഥിയോസിന്റെ അപ്പൻ പുറജാതിയും അമ്മ യഹൂദസ്ത്രീയും ആയിരുന്നു. യഹൂദസഭയിലെ ആചാരങ്ങൾ പ്രധാനങ്ങളെന്നോ നിർബന്ധമായി ആചരിക്കേണ്ടതാണെന്നോ ക്രിസ്തീയസഭ പഠിപ്പിച്ചിട്ടില്ല. അവയെ ആചരിച്ചുവന്ന യഹൂദക്രിസ്ത്യാനികൾക്കു ആ വിഷയത്തിൽ സ്വാതന്ത്ര്യം അനുവദിച്ചു എന്നെയുള്ളൂ.

ശനിയാഴ്ചയ്ക്കു (ശാബത്തിന്നു) പകരം വി. ദിവസമായി ആദ്യസഭ “ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസവും” (ഞായറാഴ്ച) ആചരിച്ചു വന്നു എന്നും അന്നു വി: കുർബാന ചൊല്ലുക പതിവായിരുന്നു എന്നും കാണുന്നു.

ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻകൂടി വന്നപ്പോൾ പൌലോസ് പിറ്റെന്നാൾ പുറെപ്പടുവാൻ ഭാവിച്ചതുകൊണ്ടു അവരോടു സംഭാഷിച്ചു പാതിരാവരെയും പ്രസംഗം നീട്ടി (അപ്പോ. പ്രവ. 20:7).

ഞായറാഴ്ച വി: കുർബാന പതിവായിരുന്നു എന്നു തന്നെയല്ല, ധർമ്മശേഖരവും ഞായറാഴ്ച എടുക്കുക പതിവായിരുന്നു. “ഞാൻ വന്ന ശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിനു ആഴ്ചവട്ടത്തിൽ ഒന്നാം നാൾതോറും നിങ്ങളിൽ ഓരോരുത്തൻ തനിക്കു കഴിവുള്ളതു ശേഖരിച്ചു തന്റെ പക്കൽ വച്ചുകൊള്ളണം. ഞാൻ എത്തിയശേഷം നിങ്ങളുടെ ധർമ്മം യറുശലേമിലേക്കു കൊണ്ടു പോകുവാൻ നിങ്ങൾക്കു സമ്മതമുള്ളവരെ ഞാൻ എഴുത്തോടുകൂടെ അയക്കും” (1 കോറിന്തി.

16:2-3) ഞായറാഴ്ച വിശ്വാസികൾക്കു പ്രത്യേകം ദൈവസംസർഗ്ഗത്തിനുള്ള ദിവസമായിരുന്നു. "കർത്താവിന്റെ ദിവസത്തിൽ ഞാൻ ആത്മവിവശനായി" എന്നു വിശുദ്ധ യോഹന്നാൻ പറയുന്നു (വെളിപാടു 1:20).

ആദ്യകാലത്തു ക്രിസ്ത്യാനികളായിതീർന്ന യഹൂദന്മാർ യഹൂദസഭയുടെ ആചാരങ്ങളിലും മറ്റും വളരെ ഭക്തിയുള്ളവരും അവയെ ആചരിക്കണമെന്നു നിഷ്ഠയുള്ളവരും ആയിരുന്നു. അതിനാൽ ആദ്യസഭയിൽ കുറേക്കാലത്തേക്കു യഹൂദസഭയിലെ ആചാരങ്ങൾ അനുഷ്ഠിച്ചുപോന്നു. യഹൂദസഭയിലെ ആചാരങ്ങൾ "ബലഹീനവും ദരിദ്രവുമായ ആദിപാഠങ്ങൾ" (ഗലാത്തി 4:9) മാത്രമാണെന്നും, അവ കേവലം "നിഴലാ"ണെന്നും അസൽ-ആയവ ക്രിസ്തീയസഭയിലുണ്ടെന്നും ആദ്യത്തെ യഹൂദക്രിസ്ത്യാനികൾക്കു ബോധ്യപ്പെടുവാൻ കാലതാമസം വേണ്ടിവന്നു. അതിനാൽ സാവകാശത്തിലായിരിക്കണം ശാബത്താചാരം നീങ്ങി ഞായറാഴ്ച ആചാരം ആദ്യസഭയിൽ നടപ്പായത്. കുറെനാളത്തേക്കു-കുറെ ശതവർഷക്കാലത്തേക്കു ശനിയാഴ്ചയും വിശേഷ ദിവസങ്ങളായി ആചരിച്ചുവന്നു. ക്രൈസ്തവാബ്ദം നാലാം ശതവർഷത്തിൽ ജീവിച്ചിരുന്ന നിസ്സായിലെ എപ്പിസ്കോപ്പയായ ഗ്രീഗോറിയോസു ഈ ദിവസങ്ങളെ "സോദരീദിനങ്ങൾ" എന്നു വിളിക്കുന്നു. അപ്പോസ്തോലിക വ്യവസ്ഥകൾ എന്ന പുസ്തകം നാലാം ശതാബ്ദത്തിനു മുമ്പു എഴുതപ്പെട്ടതാണ്. അതിൽ താഴെ കാണുന്നപ്രകാരം എഴുതിയിരിക്കുന്നു. "ക്രിസ്ത്യാനികൾ പ്രത്യേകിച്ചു ശാബത്തിലും, ഉയർത്തെഴുനേല്പിൻ ദിവസമായ കർത്താവിന്റെ ദിവസത്തിലും ഒരുമിച്ചു കൂടണം." വീണ്ടും അതിൽ കാണുന്നതു:- ശാബത്തും കർത്താവിന്റെ ദിവസവും പെരുനാളുകളായി ആചരിപ്പാൻ ഒന്നു സൃഷ്ടിയുടെ ഓർമ്മയും മറ്റേതു ഉയർത്തെഴുനേല്പിന്റെ ഓർമ്മയും ആകുന്നു.

ആദ്യസഭയിലെ ഞായറാഴ്ച ആചാരം സംബന്ധിച്ചു വേറൊരു സംഗതി ഓർത്തിരിക്കേണ്ടതാണ്. ആദ്യത്തെ മൂന്നു ശതവർഷങ്ങളിലും റോമാസാമ്രാജ്യത്തിൽ ക്രിസ്തുമതം നിയമവിരോധമായ ഒരു മതം ആയിരുന്നു. പലപ്പോഴും ഗവർമ്മെന്റു ക്രിസ്ത്യാനികളെ പീഡിപ്പിച്ചുവന്നു. നേരെമറിച്ചു യഹൂദമതം നിയമത്താൽ സ്വീകരിക്കപ്പെട്ട ഒരു മതമായിരുന്നു. ശാബത്തു സാമ്രാജ്യ നിയമദൃഷ്ട്യാ യഹൂദന്മാർക്കു വിശുദ്ധ ദിവസമായിരുന്നു. യഹൂദന്മാരല്ലാത്ത ജാതികൾക്കു വിശുദ്ധ ദിവസ

മായി ഗണിക്കപ്പെട്ട ഒരു ദിവസവും ആഴ്ചവട്ടത്തിൽ ഉള്ളതായി റോമാ സാമ്രാജ്യനിയമം സ്വീകരിച്ചിരുന്നില്ല. അതിനാൽ ജാതികളിൽനിന്നു ക്രിസ്തുമതം സ്വീകരിച്ച ആളുകൾക്കു ഞായറാഴ്ചയെ വിശ്രമത്തിനും ദൈവരാധനയ്ക്കും വേർപെടുത്തിയ പ്രത്യേകദിവസമായി ആചരിപ്പാൻ വളരെ പ്രയാസമായിരുന്നു. സാമ്രാജ്യത്തിന്റെ മിക്കഭാഗങ്ങളിലൂടെ ഭൂരി പക്ഷം ജനങ്ങൾ അടിമകളായിരുന്നു. അവർക്കും കൂലി വേലക്കാർക്കും ഞായറാഴ്ച ആചരിപ്പാൻ വളരെ പ്രയാസമായിരുന്നു. വിശുദ്ധ കുർബാനയും ശുശ്രൂഷയും ആദ്യസഭയിൽ നടത്തിവന്നതു രാത്രിയായിരുന്നതു ഈ കാരണത്താലും കൂടെയായിരുന്നു (അപ്പോ. പ്രവ. 20:11) റോമാ ചക്രവർത്തിയായ കുസ്തന്തീൻ നാലാം ശതവർഷത്തിൽ ക്രിസ്ത്യാനിയായിതീർന്നു. ക്രിസ്തുമതം രാജകീയ മതമാണെന്നും ഞായറാഴ്ച സ്വസ്ഥദിവസമായിരിക്കണമെന്നും അദ്ദേഹം വിളംബരം പ്രസിദ്ധപ്പെടുത്തി. ക്രിസ്താബ്ദം 321-ൽ പട്ടാളത്തിലുള്ള, ക്രിസ്ത്യാനിഭടന്മാർ ഞായറാഴ്ച പ്രവൃത്തി ചെയ്യണ്ടാ എന്നും ദൈവാരാധനയിൽ സംബന്ധിക്കാമെന്നും അദ്ദേഹം അനുവദിച്ചു. ഞായറാഴ്ച നീതിന്യായക്കോടതി കൂടിക്കൂടാ എന്നും അദ്ദേഹം വ്യവസ്ഥ ചെയ്തു.

യഹൂദസഭയിലെ ആചാരങ്ങളെയും പാരമ്പര്യങ്ങളേയും സർവ്വ പ്രധാനമായി ഗണിക്കയും, എല്ലാ ക്രിസ്ത്യാനികളും അവയെ ആചരിക്കണമെന്നു ശഠിക്കയും ചെയ്ത യഹൂദക്രിസ്ത്യാനികളെ വി. പൌലോസ് നിഷ്ക്കർഷമായി ശാസിക്കുന്നു. വിശുദ്ധ കാത്തോലിക്കാ സഭയിലെ ജീവിതക്രമം അറിഞ്ഞിട്ടോ അതിന്റെ മാധുര്യം രുചിച്ചിട്ടോ ഇല്ലാത്ത ആളുകൾ വിശുദ്ധ പൌലോസിന്റെ ലേഖനങ്ങൾ വായിച്ച് "ആചാരങ്ങൾ" "പാരമ്പര്യങ്ങൾ" എന്നു കാണുന്നതെല്ലാം ക്രിസ്തീയ സഭയിലെ വിശുദ്ധമായ ആചാരങ്ങളെയും പാരമ്പര്യങ്ങളെയും സംബന്ധിച്ചാണെന്നു തെറ്റിദ്ധരിച്ചുകൊണ്ടു തിരുസഭയ്ക്കെതിരായി നില്ക്കുന്നുണ്ട്. നമ്മുടെ കർത്താവിന്റെ മരണത്തിന്റെയും ഉയർത്തെഴുന്നേല്പിന്റെയും ശേഷം യഹൂദസഭയിലെ ആചാരങ്ങൾക്കു സഭാജീവിതത്തിലും ക്രിസ്ത്യാനിയുടെ ജീവിതത്തിലും പ്രാധാന്യമില്ലാതെ തീർന്നിട്ടുണ്ട്. ആ കഥ ധരിക്കാത്തവരോടൊണു വി. പൌലോസ് ഗുണദോഷിക്കുന്നത്. വിശുദ്ധ ക്രിസ്തീയസഭയിലെ ആചാരങ്ങളെയും ക്രൈസ്തവ പാരമ്പര്യങ്ങളെയും വി. പൌലോസ് ഹസിക്കുന്നില്ല; നിഷേധിക്കുന്നുമില്ല. "പാരമ്പര്യം" "ആചാരം" "മാർഗ്ഗം"-ഈ പദങ്ങൾ പുതിയ നിയമ

ത്തിൽ എവിടെയെല്ലാം ഉണ്ടെന്നു നോക്കേണ്ടതാണ്. ക്രിസ്തീയസഭ യെക്കുറിച്ചു "മാർഗ്ഗം" എന്ന പദം ഉപയോഗിച്ചു കാണുന്നു. (അപ്പോ. പ്രവ. 19:9-23) കോറിന്തി സഭയിലുണ്ടായിരുന്ന ചില നടപടികളെ പരിഹരി പ്പാൻ വിശുദ്ധ പൌലോസ് തിമോഥെയൊസിനെ അവിടേക്കയച്ചപ്പോൾ അവരോടു പറയുന്നതു:- "ഞാൻ എങ്ങും ഏതു സഭയിലും ഉപദേശി ക്കുന്നതുപോലെ ക്രിസ്തുവിലുള്ള എന്റെ വഴികൾ അവൻ നിങ്ങളെ ഓർപ്പിക്കും"(കൊറി. 4:17) സഭയിൽ വാദപ്രതിവാദങ്ങളുണ്ടാക്കുന്നതിനെ ക്കുറിച്ചു വി. പൌലോസ് പറയുന്നതു:- "ഒരുത്തൻ തർക്കിപ്പാൻ ഭാവി ച്ചാൽ അങ്ങിനെയുള്ള മര്യാദ (ആചാരം) ഞങ്ങൾക്കില്ല. ദൈവസഭകൾ ക്കുമില്ല എന്നു ഓർക്കട്ടെ" (1 കൊറിന്തി. 11:6) "നിങ്ങൾ സകലത്തിലും എന്നെ ഓർക്കയും ഞാൻ നിങ്ങളെ ഏല്പിച്ച കല്പനകളെ പ്രമാണി ക്കയും ചെയ്കയാൽ നിങ്ങളെ പുകഴ്ത്തുന്നു" (1 കൊന്തി. 1:12) തെസ ലോന്യസഭയോടു വിശുദ്ധ പൌലോസു ആജ്ഞാപിക്കുന്നതു:- "ആക യാൽ സഹോദരന്മാരെ നിങ്ങൾ ഉറച്ചുനിന്നു ഞങ്ങൾ വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചുതന്ന പ്രമാണങ്ങളെ (പാരമ്പര്യങ്ങളെ) മുറുകെ പിടിച്ചു കൊൾവിൻ" (2 തെസ്സലോനി 2:15) "സഹോദരന്മാരെ, ഞങ്ങളോടു പ്രാപിച്ച പ്രമാണം (ആചാരം) വിട്ടു ക്രമംകെട്ടു നടക്കുന്ന ഏതു സഹോദരനോടും അകന്നു കൊള്ളണം എന്നു നമ്മുടെ കർത്താ വായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോടു ആജ്ഞാ പിക്കുന്നു" (2 തെസ്സ. 3:4).

പാരമ്പര്യം വഴിയായി നമുക്കു കിട്ടിയിട്ടുള്ളതും നാം മറ്റുള്ള വർക്കു കൊടുക്കുന്നതുമായ ആചാരമര്യാദകൾ നിമിത്തം നമ്മുടെ സാധാരണ ജീവിതത്തിനു എത്രമാത്രം പൂർണ്ണതയും സമൃദ്ധിയും ഉണ്ടാ കുന്നു എന്നു അധികമാളുകൾ ധരിച്ചിട്ടില്ല. ഈ വക ആചാരമര്യാദകളിൽ അധികപക്ഷവും എഴുതപ്പെടാത്ത നടപടികളാകുന്നു. ഓരോ കുടുംബ ങ്ങളിലും ജനസമുദായങ്ങളിലും ഏറ്റം വിശേഷവിധിയായുള്ള ആചാര മര്യാദകൾ പുസ്തകങ്ങളിൽ എഴുതപ്പെട്ടിട്ടുള്ളവയല്ല, ഒരു തലമുറയിൽ ഉൾപ്പെട്ടവർ നിർമ്മിച്ചവയുമല്ല, പൂർവ്വകാലം മുതൽക്കേ തലമുറതലമുറ യായി പൂർവ്വന്മാരിൽ നിന്നു ലഭിച്ചവയും പൂർവ്വകാലംമുതൽക്കേ ആചരി ച്ചുവരുന്നവയാണ്. ഒരു ജനസമുദായത്തിന്റെ ആചാരമര്യാദകളിൽ അധികഭാഗവും,-ആ ജനസമുദായത്തിന്റെ സ്വഭാവവിശേഷ തെളിയി ക്കുന്നതും കേന്ദ്രസ്ഥാനത്തിരിക്കുന്നവയും ആയ ആചാരങ്ങൾ- അതിന്റെ

ചരിത്രത്തിലോ സാഹിത്യത്തിലോ തപ്പിയാൽ കാണുകയില്ല. വാക്കു കൊണ്ടു മാത്രം അവയെ വിവരിച്ചാൽ മതിയാകയില്ല. കേവലം പുസ്തക ങ്ങൾ വഴിയായി മറ്റൊരു സമുദായത്തിന്നു അതു ഉപദേശിച്ചു കൊടു പ്പാൻ സാധിക്കയില്ല. വേറൊരു സമുദായം അവയെ അഭ്യസിക്കുകയും ശരിയാവണ്ണം പ്രയോഗിക്കയും ചെയ്യണമെങ്കിൽ ആദ്യസമുദായ ത്തോടു അടുത്തുള്ള സംസർഗ്ഗംകൊണ്ടും ഉറ്റമൈത്രിയും ബന്ധവും കൊണ്ടും ആണു സാധിക്കേണ്ടത്.

ക്രിസ്തീയസഭയുടെ ജീവിതത്തിലും ഈ പ്രമാണം കാണുന്നു. മനുഷ്യപ്രകൃതി എല്ലായിടത്തും ഒരുപോലെയാകുന്നു. ക്രിസ്തീയസഭ യിൽ അപ്പൊസ്തലന്മാരിൽനിന്നും അപ്പോസ്തലപിതാക്കന്മാരിൽനിന്നും കണ്ടും കേട്ടും അഭ്യസിച്ചിട്ടുള്ളവയും എഴുതപ്പെട്ട പുസ്തകങ്ങളിൽ വിവരിച്ചിട്ടില്ലാത്തവയും ആയ അനേകം ആചാരങ്ങളുണ്ട്. പഴയകാലത്തു ഗ്രീക്കന്മാരുടെ ഇടയിൽ പന്തംകൊളുത്തിക്കൊണ്ടു ഓടുന്ന ഒരുതരം കളിയുണ്ടായിരുന്നു. ഒരുവൻ കത്തിച്ച പന്തവുംകൊണ്ടു ഓടുന്നു. അവൻ ക്ലിപ്ത സ്ഥലംവരെ പന്തംകെടാതെ ഓടിയിട്ട് വേറൊരാളെ ഏല്പിക്കുന്നു. ഇദ്ദേഹം ഓടി മൂന്നാമതൊരാളെ ഏല്പിക്കുന്നു. ഇങ്ങനെ പലർ പന്തവുംകൊണ്ട് ഓടി അവസാനം ക്ലിപ്തസ്ഥലത്തു എത്തു മ്പോൾ കളി അവസാനിക്കുന്നു. ക്രിസ്തീയപാരമ്പര്യം ഈ കത്തിച്ച പന്തംപോലെ ആകുന്നു. ഒരു തലമുറ അടുത്ത തലമുറയ്ക്ക് അതിനെ ഭരമേല്പിക്കുന്നു.

എന്നാൽ എല്ലാ പാരമ്പര്യങ്ങളും ഒരുപോലെ സ്വീകാര്യങ്ങളല്ല, കർത്താവിന്റെയും വിശുദ്ധ അപ്പോസ്തലന്മാരുടെയും വിശുദ്ധ സഭ യുടേയും ആന്തരത്തിനും ഉദ്ദേശത്തിനും അനുസരണമായ ആചാര ങ്ങളെ മാത്രമെ സ്വീകരിക്കേണ്ടതായിട്ടുള്ളൂ. അങ്ങിനെ തന്നെയാണോ എന്നു പരിശോധിച്ചുനോക്കാൻ നമുക്കവകാശമുണ്ട്. ആദിമുതൽ വിഘ്നം കൂടാതെ എല്ലാകാലത്തും വിശുദ്ധ സഭയിൽ അവ നടപ്പിലിരു ന്നിട്ടുണ്ടോ എന്നു പരിശോധിക്കണം. വിശുദ്ധ യോഹന്നാൻ ശ്ലീഹാ വാർദ്ധക്യകാലത്തു ഈ മാനദണ്ഡം സ്വീകരിച്ചു ഉപദേശിക്കുന്നതായി നാം കാണുന്നു. അപ്പോസ്തലകാലം അവസാനിച്ചും തന്റെ ചെറുപ്പ ത്തിൽ കൂട്ടുകാരും സഹായികളും സ്നേഹിതന്മാരും ആയിരുന്ന ദൈവ വേലക്കാരെല്ലാം മരിച്ചും കഴിഞ്ഞ് വൃദ്ധനായ താൻ തനിച്ചു ശേഷിച്ചു.

"യേശു സ്നേഹിച്ചിരുന്ന ഈ ശിഷ്യൻ"-യേശുവിന്റെ മാർവ്വിടത്തിൽ ചാരിക്കിടക്കുന്ന ഈ ശിഷ്യൻ പറയുന്നതെന്താണ്. ഒരു ഉപദേശമോ ആചാരമോ സത്യമാണെന്നും ശരിയാണെന്നും വേണ്ടതാണെന്നും ഉള്ള തിലേക്കു ഒരു തെളിവാണു അദ്ദേഹം പറയുന്നതു-അതു ആദ്യസഭ യുടെ ആചാരമാണെന്നുള്ള തെളിവുതന്നെ. അദ്ദേഹം പറയുന്നതു നോക്കുക:- "നിങ്ങൾ ആദിമുതൽ കേട്ടതു നിങ്ങളിൽ വസിക്കട്ടെ. ആദി മുതൽ കേട്ടതു നിങ്ങളിൽ വസിക്കുന്നു എങ്കിൽ നിങ്ങൾ പുത്രനിലും പിതാവിലും വസിക്കും" (1 യോഹ. 2:24).

"നിങ്ങൾ ആദിമുതൽ കേട്ട ദൂത്:- നിങ്ങൾ അന്യോന്യം സ്നേഹി ക്കണം എന്നല്ലൊ ആകുന്നു" (1 യോഹ. 1:13).

"നിങ്ങൾ ആദിമുതൽ കേട്ടതു പോലെ അനുസരിച്ചു നടപ്പാനുള്ള കല്പന ഇതത്രെ" (2 യോഹ. 6).

ക്രിസ്തീയസഭ പെരുനാളുകൾ മുതലായ കാര്യങ്ങൾ മാത്രമല്ല, വേറെയും അനേകം പ്രധാന സംഗതികൾ സഭയിൽ ആവശ്യമാണോ എന്നു നിശ്ചയിക്കുന്നത് "പൂർവ്വാചാരം" എന്തു എന്നു പരിശോധിച്ചി ട്ടാകുന്നു. പൊതുസൂന്നഹദോസുകളിൽ ഒന്നാമത്തേതും പ്രധാനപ്പെട്ട തും ആയ നിഖ്യാസുന്നഹദോസിൽ നിശ്ചയിച്ചത് "പുരാതനമായ ആചാ രങ്ങൾ നിലനിർത്തണം" എന്നായിരുന്നു. ക്രിസ്തീയസഭ പഴയനിയമ ത്തെയും പുതിയനിയമത്തെയും വേദപുസ്തകമായി സ്വീകരിക്കുന്നതു സഭയുടെ പാരമ്പര്യത്തെ അടിസ്ഥാനമാക്കിയാകുന്നു. ഇന്നയിന്ന പുസ്തകമാണു വേദപുസ്തകമെന്നു വേറെ യാതൊരു തെളിവുമില്ല. സഭയിലെ പട്ടത്വവും പട്ടത്വത്തിലുള്ള മൂന്നുസ്ഥാനികളും-എപ്പിസ്കോപ്പാ, കശ്ശീശ്ശാ, ശെമ്മാശൻ-സഭയുടെ പാരമ്പര്യത്തെ ആശ്രയിച്ചിരിക്കുന്നു. വിശുദ്ധ കുർബ്ബാന അണയ്ക്കുന്നതിനെ സംബന്ധിച്ചുള്ള കർമ്മങ്ങൾ പ്രാർത്ഥനകൾ മുതലായി കുർബ്ബാന തക്സായിലെ കാര്യങ്ങൾ തിരുസഭ യുടെ പാരമ്പര്യത്തെ ആശ്രയിച്ചിരിക്കുന്നു. പുതിയനിയമത്തിലെ പുസ്തകങ്ങൾ ഓരോന്നും എഴുതപ്പെടുന്നതിനുമുമ്പ് ക്രിസ്തീയസഭ ഉണ്ടായിരുന്നു. സഭയിലെ പാരമ്പര്യങ്ങളും ഉണ്ടായിരുന്നു. സഭയിലെ പട്ടത്വവും വിശുദ്ധ കുർബ്ബാനയും മററു വിശുദ്ധ കൂദാശകളും ഉണ്ടായി രുന്നു. അങ്ങനെ സഭ ജീവിച്ചുവരുന്ന കാലത്താണു പുതിയനിയമത്തി ലുള്ള ഓരോ പുസ്തകങ്ങളും എഴുതപ്പെട്ടത്. വേദപുസ്തകം- ക്രിസ്തീ

യസഭ സ്വീകരിക്കേണ്ടതു ഏതെല്ലാം പുസ്തകങ്ങളാണെന്നു തീർച്ചപ്പെടുത്തിയതു തന്നെ ക്രിസ്താബ്ദം 387-ൽ കാർത്തജിനാ (കർത്തേജ്) യിലെ മൂന്നാമത്തെ സുന്നഹദോസിൽ കൂടിയിരുന്ന എപ്പിസ്കോപ്പന്മാരായിരുന്നു. വിശ്വാസപ്രമാണം രൂപീകരിച്ചതു ക്രിസ്താബ്ദം 352-ൽ നിഖ്യ സുന്നഹദോസിൽ കൂടിയ എപ്പിസ്ക്കോപ്പന്മാരായിരുന്നു. ഇവയെല്ലാം ഉണ്ടാകുന്നതിനുമുമ്പ്-പുതിയ നിയമം എഴുതപ്പെട്ടതിനുപോലും മുമ്പ്- വിശുദ്ധസഭയും സഭയാൽ പട്ടത്വം പട്ടക്കാരായി എപ്പിസ്കോപ്പ, കശ്ശീശ്ശാ, ശെമ്മാശ്ശൻ എന്ന സ്ഥാനികളും വിശുദ്ധ കൂദാശകളും ഉണ്ടായിരുന്നു. പൂർവ്വചരിത്രം എന്തുപറയുന്നു എന്നു ഇപ്പോഴത്തെ ശാസ്ത്രജ്ഞന്മാർ ചോദിക്കുന്നതു പോലെയാണു സഭയുടെ പൂർവ്വാചാരം എന്തെന്നു വി. വേദവും ചോദിക്കുന്നത്.

പുതിയനിയമത്തിന്നും പട്ടത്വത്തിനും അടിസ്ഥാനം സഭയുടെ പാരമ്പര്യമാണെന്നു പറഞ്ഞുവല്ലോ. ഇതുപോലെ പാരമ്പര്യത്തെ ആശ്രയിച്ചു മാത്രം സഭയിൽ നിലനില്ക്കുന്ന പല സംഗതികൾ ഉണ്ട്. ശിശുക്കളെ മാമോദീസാ മുക്കുന്നതു-സ്ത്രീകൾ വിശുദ്ധ കുർബാന കൊടുക്കുന്നതു-മാമോദീസായുടെ ശേഷം പരിശുദ്ധാത്മദാനത്തിന്നായി മേല്പട്ടക്കാരൻ സ്നാനമേറ്റയാളിന്റെ തലയിൽ കൈവച്ച് വിശുദ്ധാത്മാവിനെ കൊടുത്തുവന്ന ആചാരം-(ഇപ്പോൾ മേല്പട്ടക്കാരൻ-പ്രധാന മേല്പട്ടക്കാരൻ-ശുദ്ധീകരിക്കുന്ന മൂറോൻ തൈലം കൊണ്ടു അഭിഷേകം ചെയ്തു വിശുദ്ധാത്മാദാനം കൊടുക്കുന്നു). ഇവയോരോന്നും പാരമ്പര്യത്തെ ആശ്രയിച്ചു നില്ക്കുന്നു. ഇവയ്ക്കു വേദത്തിൽ തെളിവില്ല. വേദപുസ്തകം തിരുസഭയുടെ ആചാരങ്ങളെയും ഉപദേശങ്ങളെയും സ്ഥാപിക്കുന്നതിനു ആധാരമായി എഴുതപ്പെട്ട നിയമപ്പുസ്തകമല്ല. സഭയുടെ പാരമ്പര്യത്തിൽ മാത്രം അടിസ്ഥാനമിട്ടിട്ടുള്ള വേറെയും പലതു പറയാനുണ്ട്. ക്രിസ്തീയ ദേവാലയങ്ങൾ പഴയകാലം മുതൽക്കു പണിതുവന്നിട്ടുള്ളതു യരുശലേം ദേവാലയത്തിന്റെ മാതൃകയനുസരിച്ചു "യാഗപീഠ"ത്തോടുകൂടിയാകുന്നു. യഹൂദന്മാരുടെ പ്രാർത്ഥനാലയങ്ങളായി വേറെ പള്ളികൾ ഉണ്ടായിരുന്നു. അവയിൽ യാഗപീഠമില്ല. യാഗങ്ങൾ അർപ്പിച്ചുവന്നതു യരുശലേം ദേവാലയത്തിൽ മാത്രമായിരുന്നു. പ്രാർത്ഥനാലയങ്ങൾക്കു "സിന്നഗോഗു" എന്നു പറഞ്ഞുവന്നു. സിന്നഗോഗിന്റെ മാതൃകയനുസരിച്ചല്ല ക്രിസ്തീയദേവാലയങ്ങൾ ആദ്യം മുതൽക്കു പണിയപ്പെട്ടത്. പരസ്യമായ ആരാധന സമയത്തു വിശ്വാസം ഏറ്റുപറ

യാനായും പൊതു പ്രാർത്ഥനയ്ക്കായും വിശ്വാസപ്രമാണം ആയി മാതൃകയായ ഒരു "പഥ്യവചനം" ക്രിസ്ത്യാനികൾ പഠിച്ചും പഠിപ്പിച്ചും ഉപയോഗിച്ചും വന്നു. "എന്നോടു കേട്ട പഥ്യവചനം നീ ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും മാതൃകയാക്കിക്കൊൾക" (2 തിമോത്തി 1:13) "കർത്താവിന്റെ ദിവസ"മായ ഞായറാഴ്ചയെ ക്രിസ്ത്യാനിയുടെ ദൈവാരാധനയിൽ സർവ്വപ്രധാനമായ കർമ്മം വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുന്നതായിരുന്നു. പട്ടക്കാർ ദൈവശുശ്രൂഷയ്ക്കു ഉചിതമായ വിശുദ്ധ വസ്ത്രങ്ങൾ ധരിച്ചുവന്നു. ക്രിസ്തീയ സംവത്സരം ആചരിക്കയും പെരുനാളുകളും നോമ്പുകളും ഇടകലർന്നിട്ടുള്ള ആചാരങ്ങളാലും അനുഷ്ഠാനങ്ങളാലും ലോകത്തിനു നമ്മുടെ കർത്താവിന്റെ രക്ഷാകരമായ മനുഷ്യാവതാര ജീവിതത്തെ ആണ്ടുതോറും ആദ്യസഭ പ്രത്യക്ഷപ്പെടുത്തിക്കൊണ്ടുമിരിക്കുന്നു. സഭയുടെ ഉപദേശസത്യങ്ങളെ ഈ ആചാരങ്ങൾ, വിശ്വാസികളോടും സർവ്വലോകത്തോടും പ്രസംഗിച്ചുവന്നു.

ഇവയോരാന്നും പുതിയനിയമത്തിൽ എഴുതണമെന്നു ആഗ്രഹിപ്പാൻ നമുക്കു അർഹതയില്ല. പുതിയനിയമം ഇതിലേക്കായി എഴുതിയതല്ല. പുതിയനിയമം ഉണ്ടാകുന്നതിനുമുമ്പ് ഇവയെല്ലാം ഉണ്ടായിരുന്നു. പുതിയനിയമം ഒരിക്കലും എഴുതപ്പെടാതെ ഇരുന്നുവെങ്കിലും ഈ ആചാരങ്ങൾ വിശുദ്ധ സഭയിൽ നിലനില്ക്കയും ലോകത്തിനു ക്രിസ്തുവിനെ കാണിച്ചു കൊടുക്കയും ചെയ്യുമായിരുന്നു. ഇങ്ങനെയുള്ള ആചാരമര്യാദകളെക്കുറിച്ചു വിശുദ്ധ പൌലോസു കോരിന്തിലും തെസ്സലോനിക്കയിലും ഉള്ള സഭയ്ക്കു എഴുതി. കാതോലികവും അപ്പോസ്തലികവും ആയ വിശുദ്ധ സഭയെ കർത്താവു നിർമ്മിച്ചയുടനെ തന്നെ അതിൽ അസ്പഷ്ടവും അന്തർഭൂതവും ആയ നിലയിലോ പ്രത്യക്ഷവും പ്രസ്പഷ്ടവും ആയ വിധത്തിലോ അടങ്ങിയിരുന്ന എല്ലാ കാര്യങ്ങളെയും ഒരുപോലെ സർവ്വക്രിസ്ത്യാനികളും അംഗീകരിച്ചും ബഹുമാനിച്ചും ആചരിച്ചു വന്നു. "അവർ (ആദ്യക്രിസ്ത്യാനികൾ) അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും, പ്രാർത്ഥന കഴിച്ചും പോന്നു" (അപ്പോ.പ്രവ. 2:42) എന്നു വിശുദ്ധ ലൂക്കോസ് പറയുന്നതു ആദ്യസഭ കാതോലികവും അപ്പോസ്തോലികവും ആയിരുന്നു എന്നും തിരുസഭയുടെ ലക്ഷണം ഇന്നയിന്നവയെന്നും കുറിക്കുന്നതാണ്. നമ്മുടെ ആത്മീയ ഐശ്വര്യത്തിനുവേണ്ടി ദൈവം തന്നി

ട്ടുള്ള അത്യുത്തമദാനങ്ങളായ വിശുദ്ധ സഭയുടെ ആചാരങ്ങളെയും നടപടികളെയും "മുറുകെ പിടിച്ചു കൊള്ളുവാൻ" നമുക്കും ചുമതല യുണ്ട് (2 തെസ്സലോനി 2:15), "വേദപുസ്തകം മതി. അതാണ് ഞങ്ങളുടെ വിശ്വാസം" എന്നു പ്രോട്ടസ്റ്റന്റുകാർ ഉപദേശിക്കുന്നു. ഈ ഉപദേശം തിരുസഭയുടെ വിശിഷ്ട പാരമ്പര്യങ്ങളെ നിഷേധിക്കുന്നതിനുള്ള മാർഗ്ഗമായിട്ടാണു അവർ പറയുന്നത്. വേദപുസ്തകം തന്നെയും തിരു സഭയുടെ അതിശ്രേഷ്ഠമായ ഒരു പാരമ്പര്യം ആകുന്നു, "ആദിമുതലെ" ഉള്ള വിശുദ്ധ ആചാരങ്ങൾ ക്രിസ്ത്യാനിക്ക് എത്രമാത്രം പ്രധാനമാ കുന്നു.

വിശുദ്ധ പാരമ്പര്യത്തിനു ഇത്ര വളരെ പ്രാധാന്യമുണ്ടെങ്കിൽ വിശുദ്ധ വേദപുസ്തകത്തിന്റെ ആവശ്യം എന്തു എന്നു ചോദിക്കും. ക്രിസ്തുവിനെക്കുറിച്ചു നമുക്കു കിട്ടിയ ഒന്നാമത്തെ അറിവു വേദപുസ്ത കത്തിൽ നിന്നല്ല. ആദ്യസഭയ്ക്കു കിട്ടിയതും വേദപുസ്തകത്തിൽ നിന്നല്ല. അതു വേദപുസ്തകത്തിൽ നിന്നായിരിക്കണമെന്നു നമ്മുടെ കർത്താവോ അപ്പോസ്തോലന്മാരോ നിരൂപിച്ചിട്ടുപോലും ഇല്ല. നിരൂപി ച്ചിരുന്നു എങ്കിൽ സഭയെ സ്ഥാപിക്കുന്നതിനു മുമ്പു-അപ്പോസ്തലന്മാരെ തെരഞ്ഞെടുക്കുന്നതിനുമുമ്പു-വേദപുസ്തകം എഴുതി തയാറാക്കി തരു മായിരുന്നു.

വിശുദ്ധ സഭ ആദ്യകാലത്തു പുസ്തകങ്ങൾ എഴുതുന്ന വിഷയ ത്തിൽ ഒട്ടും ഉത്സാഹം കാണിച്ചിട്ടില്ല, കർത്താവിന്റെ സദ്വർത്തമാനം നിലനിർത്തുന്നതിനു ആദ്യസഭ പ്രയോഗിച്ച മാർഗ്ഗം പുസ്തകമെഴുതുക യല്ലായിരുന്നു. യോഹന്നാൻ 8-ാം അദ്ധ്യായം 6-ാം വാക്യത്തിൽ പറയു ന്നതു കർത്താവു നിലത്തു എന്തോ എഴുതി എന്നാണ്. അതു ഉടനെ തന്നെ മാഞ്ഞു പോയിക്കാണണം. അതല്ലാതെ കർത്താവു ഒരക്ഷരം പോലും എഴുതിയതായി രേഖയില്ല. മനുഷ്യഹൃദയത്തിൽ എഴുതപ്പെട്ട സത്യങ്ങളെ ജീവനുള്ള മനുഷ്യർ തമ്മിൽതമ്മിൽ പറഞ്ഞു വിശുദ്ധ സഭയിൽ പാരമ്പര്യമായും വിശുദ്ധകർമ്മാചാരങ്ങളായും ഉപദേശങ്ങ ളായും നിലനില്ക്കണമെന്നു കർത്താവു കരുതിയിരുന്നു എന്നുള്ളതു നിസ്തർക്കമാണ്. സഭ വളർന്നുവന്നപ്പോൾ ഓരോ സ്ഥലത്തെ കുഴപ്പ ങ്ങളും അത്യാവശ്യങ്ങളും നിമിത്തം ഓരോ ചരിത്രങ്ങളും ലേഖനങ്ങളും എഴുതാൻ നിർബ്ബന്ധിതരായതു കൊണ്ടു, അതെ സാഹചര്യങ്ങളുടെ

പ്രേരണയാൽ പുതിയനിയമം എഴുതപ്പെടുകയാണുണ്ടായത്. വിശുദ്ധ യോഹന്നാൻശ്ലീഹാ തന്നെയും മരിക്കാറായപ്പോഴാണു അദ്ദേഹത്തിന്റെ സാക്ഷ്യത്തെ രേഖപ്പെടുത്താൻ സാധിച്ചത്. വിശുദ്ധ ലൂക്കോസുതന്നെയും ഏവൻഗേലി (സുവിശേഷം) എഴുതിയതു "നമ്മുടെ ഇടയിൽ പൂർണ്ണമായി പ്രമാണിച്ചു വരുന്ന കാര്യങ്ങളുടെ ഒരു ചരിത്രം ചമെപ്പാൻ പലരും തുനിഞ്ഞിരിക്കുന്നതുകൊണ്ടു ആദിമുതൽ കണ്ട സാക്ഷികളും വചനത്തിന്റെ ശുശ്രൂഷകന്മാരുമായവർ നമ്മെ ഭരമേല്പിച്ചതുപോലെ" എഴുതാനാകുന്നു. തെയോഫിലോസിനു* ഉപദേശം ലഭിച്ചിരിക്കുന്ന വാർത്തയുടെ നിശ്ചയം അറിയേണ്ടതിനു ആകുന്നു (വിശുദ്ധ ലൂക്കോ. 1:1–4).

*ഇവിടെ "ഉപദേശം ലഭിച്ചു" എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന പദത്തിനു "ചോദ്യോത്തരരൂപത്തിൽ പഠിച്ചു" എന്നാണു അർത്ഥം. ക്രിസ്തീയസഭയിൽ ആദ്യകാലംമുതൽക്കേ ചോദ്യോത്തരരൂപത്തിൽ സഭയുടെ ഉപദേശം പഠിപ്പിക്ക പതിവായിരുന്നു.

# അദ്ധ്യായം-6

ലോകത്തിന്റെ നാനാഭാഗങ്ങളിലും ചിതറിക്കിടക്കുന്ന പുരാതന സഭകളുടെ സഭാപഞ്ചാംഗങ്ങൾ (കലണ്ടർ) പരിശോധിക്കുന്നതായാൽ ചില സംഗതികൾ വെളിപ്പെടുന്നതാണ്. റോമൻ കത്തോലിക്കസഭ, ഗ്രീക്കുസഭ, റഷ്യാസഭ, അർമ്മീനിയസഭ, കോപ്റ്റിക്ക (ഈഗുപ്തായാസഭ, സുറിയാനിസഭ മുതലായ എല്ലാ സഭകളുടേയും പഞ്ചാംഗങ്ങളിൽനിന്നു കാണുന്നതു നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരജീവിതത്തെ സഭാംഗങ്ങളുടെ ദൃഷ്ടിയിൽ ആണ്ടുതോറും യഥാക്രമം പെരുനാളുകളും ശുശ്രൂഷകളുംമൂലം പ്രത്യക്ഷപ്പെടുത്തുവാൻ-സഭയിൽ അധിവസിക്കുന്ന വിശുദ്ധറൂഹാ-സഭയെ നടത്തിച്ചു എന്നാണ്. കർത്താവിന്റെ ജനനം, മാമോദീസാ, രൂപാന്തരം, കഷ്ടാനുഭവം, ക്രൂശുമരണം, ഉയർത്തെഴുനേല്പു, സ്വർഗ്ഗാരോഹണം, പെന്തിക്കുസ്തിയിലെ വിശുദ്ധാത്മദാനം ആദിയായ സംഭവങ്ങൾ സഭയുടേയും സഭാംഗങ്ങളുടേയും ദൃഷ്ടിയിലും അനുഭവത്തിലും എന്നും ഇരിപ്പാൻ തക്കവണ്ണം തിരുസഭ പെരുനാളുകളേയും ആരാധനാക്രമങ്ങളേയും ക്രമപ്പെടുത്തിയിരിക്കുന്നു. മേല്പറഞ്ഞ എല്ലാ പൂർവ്വീകസഭകളുടെയും പഞ്ചാംഗത്തിൽ പൊതുവേ കാണുന്ന സംഗതികൾ സഭകൾ തമ്മിൽ പിരിഞ്ഞുപോകുന്നതിനുമുമ്പു, ഒരു സഭയായി നിലനിന്നുവന്ന കാലത്തു എല്ലായിടത്തും ഒരുപോലെ ആചരിച്ചും അനുഷ്ഠിച്ചും വന്നവയാണെന്നുള്ളതിനു സംശയമില്ല.

സഭ ആചരിക്കുന്ന പെരുനാളുകൾ രണ്ടു തരമുണ്ട്. (1) നമ്മുടെ കർത്താവിന്റെ രക്ഷാകരമായ ജീവിതത്തെയും നടപടികളെയും സംബന്ധിക്കുന്ന പെരുനാളുകൾ. (2) തിരുസഭയിലെ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ജീവിതത്തിൽ കർത്താവിന്റെ മനുഷ്യാവതാര ജീവിതവും തന്നിമിത്തമുള്ള വിശുദ്ധിയും ഫലപ്പെടുകയും "ഞാൻ ക്രിസ്തുവിലും ക്രിസ്തു എന്നിലും പാർക്കുന്നു" എന്നു വി. പൌലോസ് പറയുന്നതുപോലെ അവരിൽക്കൂടി ക്രിസ്തു പ്രത്യക്ഷപ്പെടുകയും ചെയ്തിട്ടുള്ളതിനെ സംബന്ധിക്കുന്ന പെരുനാളുകൾ.

1-ാം വകുപ്പിൽപ്പെട്ട പെരുനാളുകളെ വീണ്ടും മൂന്നായി വിഭജിക്കാം. (എ) കർത്താവിന്റെ ജനനവും വളർച്ചയും സംബന്ധിച്ചുള്ള പെരുനാളുകൾ. (ബി) കർത്താവിന്റെ കഷ്ടാനുഭവവും മരണവും ഉയർത്തെഴുനേല്പും സംബന്ധിച്ചുള്ള വിശേഷദിവസങ്ങൾ. (സി) പരിശുദ്ധാത്മദാനവും തിരുസഭയുടെ സ്ഥാപനവും വളർച്ചയും സംബന്ധിച്ചുള്ള പെരുനാളുകൾ. (തിരുസഭ ജനിച്ചതു പെന്തിക്കുസ്തിയിലാണ്.)

(എ) വകുപ്പിൽ ഉൾപ്പെട്ട പെരുനാളുകളിൽ പ്രധാനപ്പെട്ടതു കർത്താവിന്റെ ജനനവും (യൽദാ ക്രിസ്തുമസ്).

(ബി) വകുപ്പിൽ ഉൾപ്പെട്ട പെരുനാളുകളിൽ പ്രധാനപ്പെട്ടതു കർത്താവിന്റെ ഉയർത്തെഴുനേല്പും (ക്യംതാ).

(സി) വകുപ്പിൽ ഉൾപ്പെട്ട പെരുനാളുകളിൽ പ്രധാനപ്പെട്ടതു പെന്തിക്കുസ്തിയും ആകുന്നു.

സഭാസംവത്സരത്തിൽ പ്രധാനമായ പെരുനാളുകൾ ഇവ മൂന്നും ആകുന്നു. ശേഷമുള്ള സകലപെരുനാളുകളും ഇവയെ സംഘടിച്ചുള്ളവ മാത്രമാണ്.

"യൽദാ" "ക്യംതാ" "പെന്തിക്കുസ്തി" എന്നു പേരോടുകൂടി ക്രിസ്തീയസഭ ആചരിക്കുന്ന മൂന്നു പ്രധാന പെരുനാളുകൾ യഹൂദസഭയിലെ പ്രധാനപ്പെട്ട മൂന്നു പെരുനാളുകൾക്കു അനുരൂപമാകുന്നു. യഹൂദസഭയിലെ "കൂടാരപ്പെരുനാൾ" ക്രിസ്തീയസഭയിലെ "യൽദാ" (ജനനം) പെരുനാളിന്നും, യഹൂദസഭയിലെ പെസഹാപെരുനാൾ ക്രിസ്തീയസഭയിലെ "ക്യംതാ" (ഉയിർപ്പ്) പെരുനാളിന്നും, യഹൂദസഭയിലെ പെന്തിക്കുസ്തി ക്രിസ്തീയസഭയിലെ പെന്തിക്കുസ്തിക്കും അനുരൂപമാകുന്നു. രണ്ടു സഭയിലെയും പെരുനാളുകളുടെ ആത്മീയമായ ഉദ്ദേശവും ഒന്നു തന്നെയാണ്. യഹൂദസഭയിലെ പെരുനാൾ ക്രിസ്തീയസഭയിലെ പെരുനാളിന്റെ "നിഴൽ" ആയിരുന്നു. യഹൂദസഭയിലെ പെരുനാൾ ക്രിസ്തീയസഭയിലെ പെരുനാളിന്നുവേണ്ടി മുൻകൂട്ടി ദൈവം ചെയ്ത ഒരുക്കമായിരുന്നു. "അതുകൊണ്ട് ഭക്ഷണപാനങ്ങൾ സംബന്ധിച്ചോ പെരുനാൾ, വാവ്, ശാബത്ത് എന്നീ കാര്യത്തിലൊ ആരും നിങ്ങളെ വിധിക്കരുത്. ഇവ വരുവാനിരുന്നവയുടെ നിഴലത്രെ. ദേഹം എന്നതൊ, ക്രിസ്തുവിനുള്ളത്" (കൊലോസി 2:16-17) ന്യായപ്രമാണം

വരുവാനുള്ള നന്മകളുടെ നിഴൽ അല്ലാതെ കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപമല്ലായ്കകൊണ്ട് ആണ്ടുതോറും ഇടവിടാതെ കഴിച്ചുവരുന്ന അതെ യാഗങ്ങളാൽ അടുത്തുവരുന്നവർക്കു സൽഗുണപൂർത്തി വരുത്തുവാൻ ഒരുനാളും കഴിവുള്ളതല്ല (എബ്രായ. 10:1).

യൽദാ (ജനന) പ്പെരുനാളിനെക്കുറിച്ചു ഇപ്പോൾ പഠിക്കാം. യൽദാപ്പെരുനാൾ ധനു 25-ാം തീയതി ആചരിക്കുന്നു. ധനു 1-ാം തീയതി മുതൽ ക്രിസ്ത്യാനികൾ "ഇരുപത്തഞ്ചുനോമ്പ്" അനുഷ്ഠിക്കുന്നു. കർത്താവിന്റെ ജനനത്തിൽ അന്തർഭൂതങ്ങളായ ആത്മീയമതങ്ങളെ ധരിക്കുന്നതിനും ആത്മീയകൃപകൾ പ്രാപിക്കുന്നതിനുംവേണ്ടി സഭ മുമ്പുകൂട്ടി ഒരുങ്ങുന്നതിനുവേണ്ടിയാണു ഈ നോമ്പ് അനുഷ്ഠിക്കുന്നത്. ഏതു ആത്മീയസത്യവും ധരിക്കുന്നതിനു മുൻകൂട്ടി ഒരുക്കം ആവശ്യമാണ്. ആത്മീയകൃപ സമ്പാദിക്കുന്നതിനും മുൻകൂട്ടി ഒരുക്കം ആവശ്യമാണ്. ഈ തത്വം മനുഷ്യപ്രകൃതിയിൽ അന്തർലീനമായ തത്വമാണ്, കാത്തോലികസഭയ്ക്കു മാത്രമുള്ളതല്ല.

("റോമാ പട്ടണത്തിനു സമീപമുള്ള പോർത്തുസിലെ എപ്പിസ്ക്കോപ്പാ ആയ ഹിപ്പോലിറ്റസ്, ക്രിസ്താബ്ദം മൂന്നാം ശതവർഷത്തിന്റെ ആരംഭത്തിൽ ദാനിയേലിന്റെ (ദാനിയേൽ ദീർഘദർശിയുടെ പുസ്തകത്തിന്റെ) വ്യാഖ്യാനം എഴുതി. അതിൽ ആഗസ്തുസ് കൈസറിന്റെ വാഴ്ചക്കാലം നാല്പത്തിരണ്ടാം ആണ്ടിൽ ധനുമാസം 25-ാം തീയതി ബുധനാഴ്ച നമ്മുടെ കർത്താവു ജനിച്ചതായി പറഞ്ഞിരിക്കുന്നു." വിശുദ്ധ യോഹന്നാൻ ശ്ലീഹാ മരിച്ച് ഏകദേശം നൂറു സംവത്സരക്കാലം കഴിഞ്ഞു മരിച്ച അലക്സാന്ത്രിയായിലെ ക്ലീമ്മീസ് "യൽദാ" (ജനന) പ്പെരുനാളിനെ സംബന്ധിച്ചു പറയുന്നുണ്ട്. നാലാം ശതവർഷത്തിൽ ജീവിച്ചിരുന്നയാളും കുസ്തന്തീനോപോലീസിലെ എപ്പിസ്കോപ്പായും ആയിരുന്ന വിശുദ്ധ ക്രിസോസ്തം (സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസ്) പറയുന്നതു യൽദാ (ജനന) പ്പെരുനാളാചാരം വളരെ പുരാതനമായ ആചാരമാണെന്നാകുന്നു. ക്രിസ്താബ്ദം 337 മുതൽ 352 വരെ റോമാപട്ടണത്തിലെ എപ്പിസ്കോപ്പായായിരുന്ന യൂലിയോസു പ്രഥമൻ നമ്മുടെ കർത്താവിന്റെ ജനനകാലത്തു ജനസംഖ്യ എടുത്തതു സംബന്ധിച്ചുള്ള റിക്കാർട്ടുകൾ സൂക്ഷ്മമായി പരിശോധിപ്പിച്ചു എന്നും (ലൂക്കോ. 2:1) കർത്താവിന്റെ ജനനദിവസം ധനു 25-ാം തീയതി

ആചരിച്ചുവന്നതു എത്രയും ശരിയാണെന്നു തീർച്ചപ്പെടുത്തി എന്നും ക്രിസോസ്തം പറയുന്നു.

ആദ്യകാലത്തു എല്ലാ സ്ഥലങ്ങളിലും ഒരുപോലെ ജനനപ്പെരുനാൾ ധനു 25-ാം തീയതി തന്നെ ആചരിച്ചുവന്നു. ചില സ്ഥലങ്ങളിൽ ധനു 25-ാം തീയതിയും മറ്റു ചില സ്ഥലങ്ങളിൽ കർത്താവിന്റെ ജനനവും, മ്ഗൂശേന്മാരുടെ ആരാധനയും കർത്താവിന്റെ മാമോദീസായുംകൂടി ഒന്നായി മകരം 6-ാം തീയതിയും ആചരിച്ചുവന്നു. അർമ്മീനിയസഭ ഇന്നും ഇങ്ങനെയാണ് ആചരിക്കുന്നത്. മറ്റു സഭകളിൽ ജനനം ധനു 2-ാം തീയതിയും ദനഹാ മകരം 6-ാം തീയതിയും ആചരിക്കുന്നു.

യഹൂദസഭയിലെ കൂടാരപ്പെരുനാളിന്നു സമമായി ക്രിസ്തീയ സഭയിൽ കർത്താവിന്റെ ജനനപ്പെരുനാളിനെ വിചാരിക്കാം. (ലേവ്യ. 23:33,44).

“വചനം ജഡം ധരിച്ചു നമ്മുടെയിടയിൽ പാർത്തു (കൂടാരമടിച്ചു പാർത്തു) (യോഹന്നാൻ 1:14) എന്നു വി. വേദം പറയുന്നു. വചനമായ ദൈവം നമ്മുടെയിടയിൽ കൂടാരമടിച്ചു പാർത്തതായി പ്രത്യക്ഷപ്പെട്ടതു കർത്താവു ജനിച്ചപ്പോൾ ആയിരുന്നു. ജനനത്തെ ഓർക്കയും ബഹുമാനിക്കയും ചെയ്യാനുള്ള പെരുനാൾ ധനു 25-ാം തീയതി (യൽദാ ക്രിസ്തുമസ്) ആകുന്നു. സഭാസംവത്സരത്തിൽ ജനനപ്പെരുനാളിന്നു മുമ്പുള്ള ഞായറാഴ്ചകളുടെ പേരുകൾ താഴെ ചേർക്കുന്നു:-

കൂദോശ ഈത്തൊ (സഭയുടെ ശുദ്ധീകരണം)

ഹൂദൊസ്സ ഈത്തൊ (സഭയുടെ പുതുക്കം)

സ്കറിയൊ (സ്കറിയായോടു ദൈവദൂതന്റെ പ്രസ്താവന)

സൂബൊറോ (വിശുദ്ധ കന്യകമറിയാമ്മിനോടുള്ള ദൈവദൂതന്റെ പ്രസ്താവന)

മേസൽത്തൊ (ഏലിശുബായുടെ അടുക്കൽ ദൈവമാതാവു (പോയത്)

മൗലൊദൊദ് യൂഹാനോൻ (യോഹന്നാൻ മാംദാനയുടെ ജനനം)

ഹെലിയോനൊദ് യൗസെപ്പ് (യൗസേപ്പിനുണ്ടായ വെളിപാട്)

ക്ദോംയൽദൊ (ജനനത്തിനുമുമ്പുള്ള ഞായറാഴ്ച)

ഇത്രയും ഞായറാഴ്ചകൾ കഴിഞ്ഞിട്ടു-ധനു 25-ാം തീയതി കർത്താവിന്റെ ജനനപ്പെരുനാൾ ആചരിക്കുന്നു.

ദൈവമാതാവും വിശുദ്ധ യൌസേപ്പും മാലാഖമാരും ആട്ടിടയന്മാരും സർവ്വസൃഷ്ടികളും കർത്താവിന്റെ ജനനത്തെ ബഹുമാനിക്കയും കല്ലടാവിൽ ജനിച്ചവനും പുൽക്കൂട്ടിൽ കിടന്നവനും ആയ കർത്താവിനെ പൂജിച്ചു നമസ്കരിക്കുകയും ചെയ്യുന്നു. ആ കൂട്ടത്തിൽ സഭയും നമസ്ക്കരിക്കുന്നതിനെ കാണിക്കുന്ന ശുശ്രൂഷകളും കുർബാനയും ആ ദിവസം ദൈവാലയത്തിൽ നടത്തുന്നു. യേശുതമ്പുരാൻ ലോകത്തിലെ തൽക്കാലവാസക്കാലം മുഴുവനും ദൈവേഷ്ടം നിറവേറ്റി. ഈ ലോകം തൽക്കാലത്തേക്കു മാത്രമുള്ള വാസസ്ഥലമാണെന്നും ദൈവേഷ്ടം നിറവേറ്റുന്ന ഒരു കാര്യമാണ്, ആയുസ്സിൽ സാധിക്കേണ്ടതെന്നും ക്രിസ്ത്യാനിയുടെ കൂടാരപ്പെരുനാൾ പഠിപ്പിക്കുന്നു.

# അദ്ധ്യായം-7

ക്രിസ്തീയസംവത്സരം എന്നാൽ എന്തെന്നു മേലെഴുതിയ പ്രസംഗങ്ങളിൽനിന്നു വ്യക്തമാകുന്നു. നമ്മുടെ രഹസ്യപ്രാർത്ഥന പുസ്തകത്തിന്റെ ഒടുവിൽ സഭാപഞ്ചാംഗവും ചില പട്ടികകളും ചേർത്തു കാണുന്നു. ഇവയെ സാധാരണക്കാർ വായിക്കുക തന്നെയില്ല. എന്നാൽ ഇവയിൽ പ്രധാനവും രസാവഹവുമായ പല കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. ക്രിസ്തീയസംവത്സരം എന്തെന്നു ശരിയായി മനസ്സിലാകണമെങ്കിൽ ആദ്യക്രിസ്ത്യാനികൾ അറിഞ്ഞിരുന്നതും അക്കാലത്തു ഉപയോഗിച്ചു വന്നതും ആയ പഞ്ചാംഗരീതി മനസ്സിലാക്കണം. നമ്മുടെ കർത്താവു ജനിച്ചു വളർന്ന ദേശം ഫലസ്തീൻ ദേശമാണ്. ഫലസ്തീൻ ദേശവും അതിൽ പാർത്തിരുന്ന ജനസമുദായവും റോമാസാമ്രാജ്യത്തിന്റെ അധീനത്തിൽ അക്കാലത്തു പാർക്കയായിരുന്നു. റോമാസാമ്രാജ്യം മദ്ധ്യധരണിയുടെ നാലുചുറ്റും ഉള്ള രാജ്യങ്ങളെ ഒന്നായി അടക്കി ഭരിച്ചിരുന്നു. ഈ സാമ്രാജ്യത്തെ ഭരിച്ചു വന്നതു "കൈസർ" എന്നറിയപ്പെട്ടുവന്ന ചക്രവർത്തികളായിരുന്നു. രാജ്യത്തെ പല ഭാഗങ്ങളായി വിഭജിച്ചു ഓരോന്നിലും ചക്രവർത്തിയുടെ പ്രതിനിധികളായ നാടുവാഴികൾ ഭരിച്ചിരുന്നു, ഫലസ്തീൻ ഇങ്ങനെയുള്ള ഒരു രാജ്യമായിരുന്നു. കർത്താവിന്റെ മരണകാലത്തു ഹെരോദേസു ഏതദ്ദേശ്യരാജാവും, "പീലാത്തോസ്" റോമാചക്രവർത്തിയുടെ പ്രതിനിധിയും ആയിരുന്നു. റോമാസാമ്രാജ്യത്തിൽ പഠിപ്പും ബുദ്ധിപ്രാപ്തിയുമുള്ള ജനങ്ങൾ ഗ്രീക്കരും ഭരണനൈപുണ്യവും കാര്യപ്പിടിപ്പുമുള്ളവർ റോമരും ആയിരുന്നു. റോമൻ ഭാഷയായ ലത്തീൻ ഗവർമ്മെന്റു ഭാഷയും, ഗ്രീക്കു വിദ്വൽ ഭാഷയും ആയിരുന്നു. ഗ്രീക്കന്മാർക്കും റോമന്മാർക്കും പ്രത്യേകം പ്രത്യേകം ആണ്ടു കണക്കും പഞ്ചാംഗവും ഉണ്ടായിരുന്നു. ഗ്രീക്കന്മാർ "ഓളിംപിക്ക് ഗേസു" എന്നു പറഞ്ഞു വന്ന കലാവിനോദങ്ങൾ മുറയ്ക്കു നടത്തിവന്നു. ഒരു വിനോദാവസരം മുതൽ അടുത്ത വിനോദാവസരം

വരെയുള്ള കാലത്തിന്നു "ഒളിംപിയഡ്" എന്നു പറഞ്ഞുവരുന്നു. ഒരു ഒളിംപിയഡ് നാലു സംവത്സരക്കാലം ആയിരുന്നു. നമ്മുടെ കണക്കനു സരിച്ചു ക്രിസ്താബ്ദം ആരംഭിക്കുന്നതിനു 776 സംവത്സരം മുമ്പു മുതലാണു "ഒളിംപിയഡ്" കണക്കാക്കിവന്നത്.

റോമക്കാർ കാലം കണക്കാക്കി വന്നതു റോമാപട്ടണത്തിന്റെ സ്ഥാപനകാലം തുടങ്ങിയായിരുന്നു. നമ്മുടെ കണക്കനുസരിച്ചു ക്രിസ്താബ്ദം ആരംഭിക്കുന്നതിനു 743 വർഷം മുമ്പാണു റോമൻ വർഷം ആരംഭിച്ചത്.

ക്രിസ്തീയസംവത്സരം കണക്കാക്കുന്നതു കർത്താവിന്റെ ജനന കാലം മുതല്ക്കാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഇതു സംബ ന്ധിച്ചു ചില സംഗതികൾ ഓർത്തിരിക്കേണ്ടതുണ്ടു. ക്രിസ്തീയസഭ ആരംഭിച്ച കാലംമുതൽ "ക്രിസ്താബ്ദം" കണക്കാക്കി ക്രിസ്ത്യാനികൾ ഉപയോഗിച്ചുവന്നു എന്നു വിചാരിക്കരുത്. അങ്ങനെ സംഭവിച്ചിട്ടില്ല. അക്കാലത്തു അതു സാദ്ധ്യമല്ലായിരുന്നു; സാമൂഹ്യമായും കച്ചവട സം ബന്ധമായും ഗവൺമെന്റു സംബന്ധമായും ഉള്ള എടപാടുകളിൽ നൂത നമായ ഒരു ആണ്ടു കണക്കു ഉപയോഗിക്കുന്നതിൽ പലർക്കും പല വിധത്തിൽ ആവശ്യമില്ലാത്ത കുഴപ്പങ്ങളും അസൗകര്യങ്ങളും ഉണ്ടാ കും എന്നു തന്നെയല്ലാ അന്നത്തെ റോമൻ ഗവൺമെന്റു അതിനെ അംഗീകരിക്കയും ഇല്ല. നാം കണക്കാക്കുന്ന രീതിയനുസരിച്ചു ക്രിസ്താ ബ്ദം 313 എന്നു എണ്ണാവുന്ന സംവത്സരത്തിലാണ്, അന്നത്തെ റോമൻ ചക്രവർത്തിയായിരുന്ന കുസ്തന്തീൻ ക്രിസ്ത്യാനിയായി തീർന്നത്. അന്നുമുതൽ സാമ്രാജ്യം പേരിനു ക്രിസ്തീയ സാമ്രാജ്യമായിതീർന്നു. അതു കഴിഞ്ഞ രണ്ടു ശതവർഷം കൂടിക്കഴിഞ്ഞതിന്റെ ശേഷം മാത്രമെ "ക്രിസ്താബ്ദം" സംവത്സരക്കണക്കായി ആളുകൾ ഉപയോഗിപ്പാൻ തുടങ്ങിയുള്ളൂ. ചെറിയ ദീവന്നാസ്യോസു അഥവാ, "ദീവന്നാസ്യോസ് എക്സിഗൂവൂസ്സ്" എന്നു പേരുള്ള ഒരു ദയറാക്കാരൻ (സന്യാസി) ആണു ക്രിസ്താബ്ദക്കണക്കുണ്ടാക്കിയത്. അദ്ദേഹം പഠിപ്പുള്ളവനും ദൈവ ഭക്തനും ആയിരുന്നു. സിതിയിൽ ജാതിയിൽ പെട്ടവനായിരുന്നു. ഇദ്ദേ ഹം റോമാപട്ടണത്തിൽ താമസിച്ചിരുന്നു. ക്രിസ്താബ്ദം 541-ൽ ആണു ഇദ്ദേഹം കണ്ടുപിടിച്ച ആണ്ടുകണക്കു ഉപയോഗിച്ചു തുടങ്ങിയത്. ഇദ്ദേ ഹം ആണ്ടു കണക്കാക്കിയതിൽ ഒരു തെറ്റു വന്നുപോയി. ക്രിസ്താ ബ്ദം 541 മകരം 1-ാം തീയതി എന്ന് അദ്ദേഹം നിശ്ചയിച്ച ദിവസം വാസ്തവത്തിൽ കർത്താവു ജനിച്ചിട്ട് 545 സംവത്സരം കഴിഞ്ഞു വരുന്ന

മകരം 1-ാം തീയതിയായിരുന്നു. ഇങ്ങനെ വന്നുകൂടിയ തെറ്റിനെ ഇതേ വരെ ആരും തിരുത്തി ഉപയോഗിക്കുന്നുമില്ല. ഈ കണക്കനുസരിച്ചുള്ള ക്രിസ്താബ്ദം ആരംഭിക്കുന്നതിനു നാലു വർഷം മുമ്പാണ് യഥാർത്ഥ ത്തിൽ ക്രിസ്തു ജനിച്ചത്. കലണ്ടറും കാലവിവരപ്പട്ടികയും പഞ്ചാംഗവും രണ്ടാണ്, സാമൂഹ്യമായൊ മതസംബന്ധമായൊ ഉള്ള ആവശ്യത്തിനു കാലത്തെ സ്ഥിരമായി വിഭജിച്ചുണ്ടാക്കിയിട്ടുള്ള കണക്കിന് കലണ്ടർ എന്നു പറയാം. ഇതു ആണ്ടുതോറും ഭേദപ്പെടുകയില്ല. എല്ലാ ആണ്ടിലും ഒന്നു തന്നെയാണ്. എന്നാൽ പഞ്ചാംഗം ആണ്ടുതോറും ഭേദപ്പെടും. പഞ്ചാംഗത്തിൽ മകരം 1-ാം തീയതി തിങ്കളാഴ്ച കുംഭം 1-ാം തീയതി വ്യാഴാഴ്ച മുതലായി അമാവാസി എപ്പോൾ പൗർണ്ണമാസി എപ്പോൾ ആദിയായ കണക്കുകൾ കാണുന്നു.

നമ്മുടെ കർത്താവു ജനിച്ചതു റോമാസാമ്രാജ്യത്തിൽ ആഗസ്തു സുകൈസർ ചക്രവർത്തിയായിരുന്ന കാലത്താകുന്നു. ആഗസ്തുസിന്റെ മുൻപു ഭരിച്ചിരുന്നതു "ജൂലിയസു കൈസർ" ആയിരിക്കുന്നു. ജൂലി യസു കൈസറിന്റെ കാലത്തു സംവത്സരം കണക്കാക്കി വന്നതു സൂര്യ ന്റെ ചുറ്റും ഭൂമി പ്രദിക്ഷണം ചെയ്യുന്നതിനെ അടിസ്ഥാനമാക്കിയല്ലാ യിരുന്നു. (അക്കാലത്തുള്ളവർ ഭൂമിയുടെ ചുറ്റും സൂര്യൻ പ്രദിക്ഷണം ചെയ്യുന്നു എന്നു വിചാരിച്ചു പോന്നു. കാലം കണക്കാക്കുന്ന വിഷയ ത്തിൽ രണ്ടും ഒരുപോലെയാണ്.) ഭൂമിയുടെ ചുറ്റും ചന്ദ്രൻ പ്രദിക്ഷണം ചെയ്യുന്നതിനെ കണക്കാക്കി ആണ്ടും മാസവും കണക്കാക്കി വന്നു. കാലഭേദങ്ങൾക്കനുസരിച്ചു മാസങ്ങളുടെ കണക്കു ശരിപ്പെടുന്നില്ലെന്നു കാണുമ്പോൾ ഇടയ്ക്കിടെ വിശേഷാൽ ദിവസങ്ങൾ സംവത്സത്തോടു ചേർത്തു ശരിപ്പെടുത്താൻ ശ്രമിച്ചു വന്നു. "സോസിഗെനെസ്" എന്നു പേരുള്ള ഒരു വിദ്വാന്റെ സഹായത്തോടുകൂടി ജൂലിയസ്സ് കൈസർ ഈ സമ്പ്രദായം ഭേദപ്പെടുത്തി അന്നു വിശ്വസിച്ചിരുന്ന പ്രകാരം-ഭൂമി യുടെ ചുറ്റും സൂര്യൻ പ്രദക്ഷിണം ചെയ്യുന്നതിനു വേണ്ട കാലം ഏക ദേശം മുന്നൂറ്ററുപത്തഞ്ചേകാൽ ദിവസം എന്നു തീർച്ചപ്പെടുത്തി. (യഥാർത്ഥത്തിൽ സൂര്യന്റെ ചുറ്റും ഭൂമി പ്രദക്ഷിണം ചെയ്യുന്നതു മുന്നൂ റ്ററുപത്തഞ്ചേകാൽ ദിവസം കൊണ്ടാണ്) കാൽദിവസം ആണ്ടുതോറും കണക്കാക്കുന്നതു അസൗകര്യമാകയാൽ ഓരോ സംവത്സരത്തിനും 365-ദിവസവും നാലാം സംവത്സരത്തിനു 366 ദിവസവും കണക്കാക്കണ മെന്നും നിശ്ചയിച്ചു.

മാസങ്ങൾക്കു പേരു നിർണ്ണയിച്ചതു കൂടാതെ ഇന്നയിന്ന മാസ ങ്ങൾക്കു ഇത്ര ദിവസങ്ങൾ എന്നും നിർണ്ണയിച്ചു. രണ്ടു മാസം കണക്കിൽ നിന്നു കുറിച്ചിട്ടു പുതിയ സംവത്സരം ആരംഭിച്ചു.

ക്രിസ്തുവിനുമുമ്പ് (ബി.സി.) 45 വൃശ്ചികം 1-ാം തീയതിയായി പഴയകണക്കനുസരിച്ചു പറയാവുന്ന ദിവസത്തെ ക്രി.മു. 44 മകരം 1-ാം തീയതി എന്നു വിളിച്ചു. ജൂലിയസു കൈസർ ഉണ്ടാക്കിയ കലണ്ടറിനു ജൂലിയൻ കലണ്ടർ എന്നു സാധാരണ പറഞ്ഞു വരുന്നു. ആ കണക്കു ക്രിസ്താബ്ദം ആരംഭിച്ചതു മുതൽ പതിനാറു ശതവർഷക്കാലത്തേക്കു കിഴക്കും പടിഞ്ഞാറും ഉള്ള സകല ക്രിസ്തീയസഭയും ഒരുപോലെ സ്വീകരിച്ചും ഉപയോഗിച്ചും വന്നു. ദീവന്നാസ്യോസ് എക്സിഗൂവൂസു ക്രിസ്താബ്ദം കണ്ടുപിടിക്കയും സഭ അതിനെ സ്വീകരിക്കയും ചെയ്തപ്പോൾ സഭ ജൂലിയൻ കലണ്ടർ ഭേദപ്പെടുത്തിയില്ല. ഒരു സംവത്സരത്തിന്നു 365 ദിവസവും ഓരോ നാലാം സംവത്സരത്തിന്നു ലിപ്പിയർ 366 ദിവസവും ആണ്ടിൽ പന്ത്രണ്ടു മാസങ്ങളും ഇന്നയിന്ന മാസങ്ങൾക്കു ഇത്രയിത്ര ദിവസവും ഉണ്ടായിരിക്കണമെന്നുള്ള വ്യവസ്ഥയാണ് ജൂലിയൻ കലൻഡറിലെ സാരാശം. റോമാപട്ടണം സ്ഥാപിച്ചിട്ടു ഇത്രാം സംവത്സരം എന്നു കണക്കാക്കി വന്നതിനെ മാറ്റി ക്രിസ്തു ജനിച്ചിട്ടു ഇത്രാം സംവത്സരം എന്നു ദീവന്നാസ്യോസ് എക്സിഗൂവൂസിന്റെ കാലംമുതൽ കണക്കാക്കി വന്നു. ഇതിനു ക്രിസ്താബ്ദം എന്നു പേരും പറഞ്ഞുവന്നു. ഇങ്ങനെ നടന്നു വരവെ 16-ാം ശതവർഷത്തിൽ ജോതിശാസ്ത്രജ്ഞന്മാർ കലണ്ടറിൽ ഒരുതെറ്റു കണ്ടുപിടിച്ചു. ഭൂപര്യത്തിന്റെ (സൂര്യന്റെ ചുറ്റും ഭൂമിയുടെ പ്രദക്ഷിണം) യഥാർത്ഥ സ്ഥിതി നോക്കുമ്പോൾ ഉണ്ടായിരിക്കേണ്ട തീയതിയും ജൂലിയൻ കലണ്ടർ അനുസരിച്ചു കണക്കാക്കിയിരിക്കുന്ന തീയതിയും തമ്മിൽ പത്തു ദിവസത്തെ ഭേദമുണ്ടെന്നു ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചു. 1582 മീനം 11-ാം തീയതി, 21-ാം തീയതിയാണെന്നു സങ്കല്പിക്കാത്ത പക്ഷം കലണ്ടറിലുള്ള തെറ്റു പരിഹരിപ്പാൻ സാധിക്കയില്ലെന്നു ശാസ്ത്രജ്ഞന്മാർ അന്നത്തെ റോമാപാപ്പായായിരുന്ന ഗ്രീഗോറി മാർപ്പാപ്പായെ ബോധ്യപ്പെടുത്തി. റോമൻ കാതോലിക്കസഭയിൽ 1582 തുലാമാസം 5-ാം തീയതി 15-ാം തീയതിയായി എണ്ണിക്കൊള്ളണമെന്നു അദ്ദേഹം തീർച്ചപ്പെടുത്തി. ഈ പുതിയ കലണ്ടറിന്നു ഗ്രീഗോറിയൻ കലണ്ടർ എന്നു പേരു പറയുന്നു. റഷ്യാസഭയും ഗ്രീക്കുസഭയും പൂർവ്വികസുറിയാനിസഭയും ജൂലിയൻ കലണ്ടറിനെ സ്വീകരിക്കുന്നു. റോമൻ കത്തോലിക്കസഭയും ആംഗ്ലിയാസഭയും ഗ്രീഗോറിയൻ കലണ്ടറിനെ സ്വീകരിക്കുന്നു. ശാസ്ത്രരീത്യാ നോക്കുമ്പോൾ ഗ്രിഗോറിയൻ കലണ്ടറാണു ശരിയായിട്ടുള്ളത്.

# അദ്ധ്യായം-8

ക്രിസ്തുസഭപഞ്ചാംഗത്തിലും അതുസംബന്ധിച്ചും പല സാങ്കേതിക പദങ്ങൾ ഉപയോഗിക്കാറുണ്ട്. അവയെ താഴെ വിവരിക്കുന്നു.

1. യുഗം. ആകാശമണ്ഡലത്തിൽ ഗ്രഹങ്ങൾ തമ്മിലുള്ള ചേർച്ച സംബന്ധിച്ചു ഏതെങ്കിലും സംഭവം ഉണ്ടാകുന്ന സമയം മുതൽ പിന്നീടു ആ സംഭവംതന്നെ അതെ ഗ്രഹങ്ങൾ തമ്മിലുണ്ടാകുന്നതിനുവേണ്ടി വരുന്ന കാലത്തിനു യുഗം എന്നു പറയാം.

2. ചന്ദ്രയുഗം. സൂര്യൻ ഒരു സ്ഥാനത്തു നില്ക്കുമ്പോൾ ചന്ദ്രൻ ഒരു പ്രത്യേക സ്ഥാനത്തു നില്ക്കുന്നു. അല്പസമയം കഴിയുമ്പോൾ ചന്ദ്രൻ ആ സ്ഥാനത്തുനിന്നു മാറുന്നു. കുറേശ്ശയായി മാറിമാറിപ്പോയിട്ടു പത്തൊൻപതു സംവത്സരം കഴിയുമ്പോൾ ആദ്യത്തെ സ്ഥാനത്തു തന്നെ പിന്നെയും വന്നെത്തുന്നു. സൂര്യനും ചന്ദ്രനും തമ്മിലുള്ള ചേർച്ച പത്തൊൻപതു സംവത്സരത്തിലൊരിക്കൽ പൂർവ്വാവസ്ഥയിലെത്തുന്നു എന്നും ഓരോ പത്തൊൻപതു സംവത്സരം കഴിയുമ്പോൾ വീണ്ടും പൂർവ്വാവസ്ഥയുണ്ടാകുന്നു എന്നും കണ്ടുപിടിച്ചത് "മൊറ്റൊൺ" എന്നു പേരായ ഒരു ഗ്രീക്കനായിരുന്നു. അദ്ദേഹം കണ്ടുപിടിച്ച യുഗത്തിനു ചന്ദ്രയുഗമെന്നും, "മെറ്റൊണിക യുഗ"മെന്നും പേരു പറഞ്ഞുവന്നു. ക്രിസ്താബ്ദം ആരംഭിക്കുന്നതിനു 432 സംവത്സരത്തിനുമുമ്പ് ഇദ്ദേഹം ജീവിച്ചിരുന്നു. 5200-ാം സംവത്സരക്കാലത്തിൽ ഒരു ദിവസത്തെ ഭേദം വരുവാൻ തക്കവണ്ണം, തുലോം ലഘുവായ ഒരു തെറ്റു മേറ്റൊന്റെ കണക്കിൽ വന്നുപോയിട്ടുണ്ട്. എന്നാൽ സാധാരണയായി കണക്കു കൂട്ടുന്ന വിഷയത്തിൽ ഈ തെറ്റു വക വെയ്ക്കാനില്ല.

3. സ്വർണ്ണസംഖ്യ ചന്ദ്രയുഗം പത്തൊൻപതു സംവത്സരക്കാലമാണെന്നു മേൽ പറഞ്ഞുവല്ലോ. ഇതിൽ ഓരോ സംവത്സരത്തിനും ഓരോ സംഖ്യ പേരായി കൊടുത്തിരിക്കുന്നു. ഈ സംഖ്യയ്ക്ക് 'സ്വർണ്ണ

സംഖ്യ' എന്നു പേരു പറയുന്നു. 1 മുതൽ 19 വരെയുള്ള സംഖ്യകളാണു സ്വർണ്ണസംഖ്യകൾ, മീറ്റൊൺ, ചന്ദ്രയുഗം കണ്ടുപിടിച്ചതിൽവച്ച് അഥേനർക്കുണ്ടായ സന്തോഷത്തെ പ്രദർശിപ്പിക്കുവാൻ അവർ ചന്ദ്രയുഗത്തിന്റെ വിവരണം ഒരു പിത്തളത്തകിടിൽ എഴുതിവെക്കയും അതിൽ സംഖ്യകൾ സ്വർണ്ണംകൊണ്ടുള്ള അക്ഷരങ്ങളായി രേഖപ്പെടുത്തുകയും ചെയ്തു എന്നും അതുകൊണ്ടാണ് "സ്വർണ്ണസംഖ്യ" എന്ന പേരുണ്ടായതെന്നും ഐതിഹ്യമുണ്ട്.

4. എപ്പകത്തി. ഇതു മകരമാസം ഒന്നാംതീയതി ചന്ദ്രന്റെ പ്രായം (വൃദ്ധിക്ഷയം) എത്രത്തോളം ഉണ്ടെന്നു കാണിക്കുന്നതിനു ഉപയോഗിക്കുന്ന പദമാകുന്നു. ഈയാണ്ടിൽ മകരമാസം 1-ാം തീയതി അമാവാസി (കറുത്തവാവ്) ആണെങ്കിൽ അടുത്തയാണ്ടിൽ മകരം 1-ാം തീയതി അമാവാസി കഴിഞ്ഞു 11-ാം ദിവസം ആയിരിക്കും. ഇതിന്റെ കാരണം എന്തു? പന്ത്രണ്ടു 'ചന്ദ്രമാസ'ങ്ങൾ അടങ്ങിയ 'ചന്ദ്രവർഷത്തിനു 355 ദിവസങ്ങൾ മാത്രമെയുള്ളു. സൂര്യവർഷത്തിനൊ $364^{1}/_{4}$ ദിവസങ്ങളുണ്ട്. "എപ്പകത്തി" "സങ്കലനം" (add) എന്നർത്ഥമുള്ള ഒരു ഗ്രീക്കു പദത്തിൽ നിന്നുത്ഭവിച്ചതാണ്. ചന്ദ്രവർഷത്തോടു എത്ര ദിവസം കൂട്ടിയാൽ സൂര്യവർഷത്തോടു ഒത്ത തീയതിയാകുമോ അത്രയും ദിവസം (1 മുതൽ 11 വരെ) കാണിക്കുന്നതിന് "എപ്പകത്തി".

5. മാറാനായപ്പെരുനാൾ നമ്മുടെ കർത്താവിന്റെ മനുഷ്യവതാര ജീവിതത്തിൽ നടന്ന പ്രധാന സംഭവങ്ങളെ ഓർക്കയും ബഹുമാനിക്കയും ചെയ്യുന്ന പെരുനാളുകൾക്കു മാറാനായ (കർത്താവിനെ സംബന്ധിച്ചുള്ള) പെരുനാൾ എന്നു പറയുന്നു. കർത്താവിന്റെ ജനനം (യൽദാ) മാമോദീസാ (ദെനഹാ) രൂപാന്തരം (താബൊർ മല-തുർതോബ്ബൂർ) മുതലായ "മാറാനായ പെരുനാൾ" ആകുന്നു. "മാറാനായ" എന്ന പദത്തിനു വേറൊരു അർത്ഥമുണ്ട്. അതു "നായകത്വമുള്ളതു" "നിർബ്ബന്ധമായി ആചരിക്കേണ്ടത്" എന്നാകുന്നു. കർത്താവിനെ സംബന്ധിച്ചുള്ള പെരുനാൾപോലെ ആചരിക്കേണ്ടതായി വേറെയും ചില പെരുനാളുകളെ വിശുദ്ധസഭ ഏർപ്പെടുത്തിയിരിക്കുന്നു. ഇവ തിരുസഭയുടെ ജീവിതത്തെ സംബന്ധിക്കുന്ന പെരുനാളുകളാകുന്നു. ദൃഷ്ടാന്തം: മിഥുനം 29-ാം തീയതി വിശുദ്ധ പത്രോസിന്റെയും വി. പൌലോസിന്റെയും പെരുനാൾ. ചിങ്ങം 15-ാം തീയതി ദൈവമാതാവിന്റെ വിയോഗത്തെ ഓർക്കുന്ന പെരുനാൾ (ശൂനോയോ). സ്ലീബാപ്പെരുനാൾ.

6. മുദ്രാക്ഷരം, അഥവാ മാറാനായ അക്ഷരം. ഏതു മാസത്തിലും ഞായറാഴ്ച ഇത്രാം തീയതിയാണെന്നു ക്ലിപ്തപ്പെടുത്തുന്നതിനു ഈ അക്ഷരം ഉപയോഗിക്കുന്നു. ഏതു സംവത്സരത്തിലും മകരമാസം 1-ാം തീയതി ഏതു ദിവസം (തിങ്കളാഴ്ചയൊ മറ്റോ) ആണെന്നു അറിയുന്ന പക്ഷം അതു മുതലുള്ള ഓരോ മാസത്തിലും ഒന്നാം തീയതി ഏതു ദിവസമായിരിക്കുമെന്നു തീർച്ചയാക്കാൻ "മുദ്രാക്ഷരം" സഹായിക്കുന്നു.

താഴെ ഏഴു അക്ഷരങ്ങൾ എഴുതിയിരിക്കുന്നതു ആഴ്ചയിലുള്ള ഏഴു ദിവസങ്ങളുടെ സ്ഥാനത്താണ്.

ഗ ജ ഡ ദ ബ മ യ

'ഗ' തിങ്കളാഴ്ചയാണെങ്കിൽ 'ജ' ചൊവ്വാഴ്ചയും 'ഡ' ബുധനാഴ്ചയും 'ദ' വ്യാഴാഴ്ചയും അങ്ങനെ മുറയ്ക്കു 'യ' ഞായറാഴ്ചയും ആകുന്നു.

'ഗ' ചൊവ്വാഴ്ചയെ കുറിക്കുന്നുവെങ്കിൽ 'ഇ' ബുധനാഴ്ചയെയും 'ഡ' വ്യാഴാഴ്ചയെയും 'യ' തിങ്കളാഴ്ചയെയും കുറിക്കുന്നു. മകരമാസം 1-ാം തീയതി ഏതു ദിവസമൊ ആ ദിവസത്തെ കുറിക്കുന്നതിനും 'ഗ' ഉപയോഗിക്കുന്നു. 'ഗ' മുദ്രാക്ഷരമാകുന്നു. പന്ത്രണ്ടു മാസങ്ങളുടെ പേരുകൾ താഴെ ചേർത്തിരിക്കുന്നു. ഓരോന്നിന്റെയും വലത്തുവശത്തായി മേലെഴുതിയ ഏഴക്ഷരങ്ങളിൽ ഓരോന്നും ചേർത്തിരിക്കുന്നു.

| | | | | | |
|---|---|---|---|---|---|
| മകരം | — | ഗ | കർക്കടകം | — | യ |
| കുംഭം | — | ദ | ചിങ്ങം | — | ഡ |
| മീനം | — | ദ | കന്നി | — | മ |
| മേടം | — | യ | തുലാം | — | ഗ |
| ഇടവം | — | ഇ | വൃശ്ചികം | — | ദ |
| മിഥുനം | — | ബ | ധനു | — | മ |

വർഷാരംഭദിവസമായ മകരമാസം 1-ാം തീയതി 'ഗ' എന്താഴ്ചയാണെന്നു കണ്ടു പിടിക്കുക.

'ഗ' ഏതു ദിവസമെന്നു കണ്ടുപിടിച്ചാൽ പിന്നീടു ജ, ഡ, ദ, ബ മുതലായ ഓരോ അക്ഷരവും ഏതു ദിവസത്തെ കുറിക്കുന്നു എന്നറിവാൻ പ്രയാസമില്ല. ഓരോ മാസത്തിലെയും ഒന്നാം തീയതി അതതു മാസത്തിന്റെ എതിർഭാഗത്തു കാണുന്ന അക്ഷരം സൂചിപ്പിക്കുന്ന ദിവസം ആകുന്നു. 'ഗ' എന്നതു മാറാനായ അക്ഷരത്തിന്റെ പേരാണ്. ഈ

വിധത്തിൽ 'ഗ' മുതലുള്ള ഏഴു അക്ഷരങ്ങൾ ആഴ്ചയിലെ ഏഴു ദിവസങ്ങളെ കുറിക്കുന്നു. ഇന്നയക്ഷരം ഇന്ന ദിവസത്തെ കുറിക്കുന്നു എന്നു ക്ലിപ്തപ്പെടുത്തിക്കൊണ്ടു നോക്കുമ്പോൾ ഓരോ മാസത്തിലേയും ഒന്നാം തീയതി ഏതു ദിവസമാണെന്നു വെളിവാകുന്നു.

താഴെകാണുന്ന ശ്ലോകത്തിന്റെ ഓരോ വാക്കിന്റെയും ആദ്യത്തെ അക്ഷരം മകരം മുതൽ പന്ത്രണ്ടു മാസങ്ങളുടെ ഒന്നാം തീയതി വരുന്ന ദിവസത്തെ കുറിക്കുന്നു. 'ഗ ജ ഡ ദ ബ മ യ' ഇവ ഒഴിച്ചുള്ള ആദ്യാക്ഷരങ്ങളെ ഗണിക്കണ്ട.

ഗദയും ദണ്ഡും ദണ്ഡും കൊണ്ടു
യുദ്ധം ചെയ്താൽ ജയങ്കിട്ടാ
ബലം തരും യഹോവായെ
ഡംഭില്ലാതെ സേവിക്കും ഞാൻ
മല്ലും ഗദയും ദണ്ഡും വേണ്ടാ
മാനം പോലും ആശിക്കേണ്ടാ,
ക്രിസ്തുയേശു സ്നേഹപൂർവ്വം
എന്നും നിന്നെ നടത്തീടും.

യ ഡ മ ഗ ദ മ

ഏതെങ്കിലും ആണ്ടത്തെ "മാറാനായ അക്ഷരം" കിട്ടിയാൽ ആ ആണ്ടിൽ ഓരോ മാസത്തിലും ഒന്നാം തീയതി ഏതു ദിവസമാണെന്നും ഓരോ ഞായറാഴ്ചയും എത്രാം തീയ്യതിയെല്ലാമാണെന്നും പഞ്ചാംഗം നോക്കാതെ പറയാൻ മേലെഴുതിയ സൂത്രം സഹായിക്കുന്നു.

7. അസാധാരണദിവസം. ഒരു സംവത്സരത്തിനു $365^1/_4$ ദിവസം ഉണ്ടെന്നു വരികിലും 365 മാത്രമെ കണക്കാക്കുന്നുള്ളു. ബാക്കിയുള്ള $^1/_4$ ദിവസം നാലുകൊല്ലം കൂടുമ്പോൾ ഒരു ദിവസമായിതീരുന്നു. നാലാം വർഷംതോറും ഒരു സംവത്സരത്തിനു 366 ദിവസം കണക്കാക്കുന്നു. 366 ദിവസമുള്ള സംവത്സരത്തിനു അസാധാരണവർഷം, ലീപ്പ് ഈയർ എന്നു പറയുന്നു.

നാലുകൊണ്ടു ഹരിക്കാവുന്ന ഏതു വർഷവും അസാധാരണ വർഷം ആകുന്നു. നൂറുകൊണ്ടു ഹരിക്കാവുന്ന വർഷം അസാധാരണ വർഷം അല്ല. നാനൂറുകൊണ്ടു ഹരിക്കാവുന്ന അസാധാരണവർഷം

ആകുന്നു. ദൃഷ്ടാന്തമായി ക്രിസ്താബ്ദം 1900 അസാധാരണ വർഷം അല്ലായിരുന്നു. ക്രിസ്താബ്ദം 2000 അസാധാരണ വർഷം ആയിരിക്കും.

8. അഷ്ടദിനോത്സവം. ഏതെങ്കിലും പെരുനാൾ സംബന്ധിച്ചു എട്ടു ദിവസത്തെ ആചാരങ്ങളോ അനുഷ്ഠാനങ്ങളോ യഹൂദസഭയിൽ ആചരിച്ചുവന്നതുപോലെ പല സ്ഥലങ്ങളിലും ക്രിസ്തീയസഭയും ആചരിച്ചുവന്നു. ദൃഷ്ടാന്തം ലേവി. 23:36; സംഖ്യ. 29:35; 1 രാജാ. 8:65, 66; 2 നാളാ. 29:17; 20:22; യോഹ. 7:37.

ഈ രീതിയനുസരിച്ചു ഈ നാട്ടിലും ചില ആചാരങ്ങൾ ഉണ്ടായിരുന്നു. കന്യാസ്ത്രീകൾ ദൈവമാതാവിന്റെ ജനനദിവസത്തെ (കന്നി 8-ാം തീയതി) ബഹുമാനിപ്പാൻ അതിനുമുമ്പു എട്ടു ദിവസം നോമ്പും ഭജനവും ആചരിച്ചുവന്നതു ഇതിന്റെ ദൃഷ്ടാന്തമായിരിക്കാം. വേറൊരു ദൃഷ്ടാന്തം സഭയുടെ നമസ്ക്കാരക്രമങ്ങളിൽ കാണുന്നു. ഓശാന ഞായറാഴ്ചയുടെ തലെ ഞായറാഴ്ച വൈകിട്ടു മുതൽ ദിവസം തോറും ഓശാന സംബന്ധിച്ചുള്ള പ്രാർത്ഥനകൾ നടത്തുകയും ഓശാനദിവസം അതു അവസാനിക്കയും ചെയ്യുന്നു. ഇങ്ങനെ പ്രധാനപ്പെട്ട ഓരോ പെരുനാളിന്നും ചെയ്യാവുന്നതാണ്.

9. പാശ്ചാത്യസഭയിൽ ഇതു ആചരിക്കുന്നതു പെരുനാൾ കഴിഞ്ഞ് ഒരാഴ്ചവട്ടത്തേക്കാണ്. പൌരസ്ത്യസഭയിൽ പെരുനാളിന്നു മുമ്പു ഒരാഴ്ചവട്ടത്തേക്കാണ്.

10. നിശ്ചിതോത്സവങ്ങൾ: ആണ്ടുതോറും ഇന്നമാസം ഇത്രാം തീയതി ആചരിക്കണമെന്നു ക്ലിപ്തപ്പെടുത്തിയിട്ടുള്ള പെരുനാളുകളുണ്ട്. അവയ്ക്കു നിശ്ചിതോത്സവങ്ങൾ (തീയതി നിശ്ചയിച്ചിട്ടുള്ള പെരുനാൾ എന്നു പറയാം. ദൃഷ്ടാന്തം നമ്മുടെ കർത്താവിന്റെ ജനനപ്പെരുനാൾ എല്ലാ ആണ്ടിലും ധനു മാസം 25-ാം തീയതി ആചരിക്കണമെന്നും തിരുസഭ ചട്ടപ്പെടുത്തിയിരിക്കുന്നു. മകരം 1-ാം തീയതി കർത്താവിന്റെ ചേലാകർമ്മം-മകരം 6-ാം തീയതി ദെനഹാ (മാമോദീസാ) മിഥുനം മുപ്പതാം തീയതി പന്ത്രണ്ടു ശ്ലീഹാന്മാരുടെ ഓർമ്മ.

11. അനിശ്ചിതോത്സവങ്ങൾ. ഇന്നമാസം ഇത്രാം തീയതി ആചരിക്കണമെന്നു വ്യവസ്ഥപ്പെടുത്തിട്ടില്ലാത്ത പെരുനാളുകൾക്കു അനിശ്ചിതോത്സവങ്ങൾ എന്നു പറയാം. ദൃഷ്ടാന്തം മീനം 21-ാം തീയതിയൊ

അതുകഴിഞ്ഞിട്ടൊ ഉണ്ടാകുന്ന പൗർണ്ണമാസി (രാത്രി മുഴുവൻ നിലാവുള്ള ദിവസം) കഴിഞ്ഞു ആദ്യം വരുന്ന ഞായറാഴ്ച, കർത്താവിന്റെ ഉയർത്തെഴുനേല്പു (ക്യംതാ) പെരുനാൾ ആചരിക്കണമെന്നു തിരുസഭ ചട്ടപ്പെടുത്തിയിരിക്കുന്നു. ക്യംതാപെരുനാൾ ഒരു അനിശ്ചിതോത്സവം ആകുന്നു. ക്യംതാ കഴിഞ്ഞു നാല്പതാം ദിവസം സ്വർഗ്ഗാരോഹണപ്പെരുനാൾ ആചരിക്കണമെന്നു സഭ കല്പിച്ചിരിക്കുന്നു. അതു ഒരു ആ നിശ്ചിതോത്സവം ആകുന്നു.

തുലാമാസം 30-ാം തീയതിയൊ 31-ാം തീയതിയൊ ഞായറാഴ്ച വന്നാൽ അന്നു "കൂദോശ് ഈത്തോ" (സഭയുടെ ശുദ്ധീകരണം) പെരുനാൾ. മേപ്പടി തീയതികളിൽ ഒന്നിൽ ഞായറാഴ്ച വരാത്തപക്ഷം വൃശ്ചികമാസം ആദ്യം വരുന്ന ഞായറാഴ്ച "കൂദാശ്ഈത്തൊ" ആകുന്നു. പിന്നത്തെ ഞായറാഴ്ച "ഹൂദോസ്സ് ഈത്തൊ" (സഭയുടെ പുതുക്കം-പുനസ്ഥാപനം) അടുത്ത ഞായറാഴ്ച "സക്കറിയായോടുള്ള അറിയിപ്പ്" ഇവയോരോന്നും അനിശ്ചിതോത്സവങ്ങളാകുന്നു.

12. സാമൂഹ്യസംവത്സരവും സഭാസംവത്സരവും. സാമൂഹ്യസംവത്സരം മകരമാസം ഒന്നാം തീയതി ആരംഭിക്കുന്നു. ധനുമാസം 31-ാം തീയതി അവസാനിക്കുന്നു. സഭാസംവത്സരമൊ "കൂദോശ്ഈത്തൊ" ഞായറാഴ്ച ആരംഭിക്കുന്നു. പിന്നത്തെ "കൂദോശ് ഈത്തൊ"യുടെ തലേദിവസം ശനിയാഴ്ച അവസാനിക്കുന്നു. യഹൂദന്മാർക്കു സംവത്സരം ആരംഭിച്ചുവന്നതു മേടമാസം (ആബീബ്) ഒന്നാം തീയതിയായിരുന്നു. മേടമാസം ഒന്നാം മാസമായി ഗണിക്കണമെന്നു ദൈവം കല്പിച്ചു. "ആബീബ് മാസത്തിലല്ലൊ മിസ്രയിമിൽനിന്നു പുറപ്പെട്ടുപോന്നത്" (പുറപ്പാട് 34:18; 23:4-15).

എന്നാൽ അതിനുമുമ്പു തുലാമാസം (തെശ്രി) ഒന്നാം മാസം ആയിരുന്നു.

# അദ്ധ്യായം-9

യൽദാ ഒരു നിശ്ചിതോത്സവം ആകുന്നു. ധനു 25-ാം തീയതി തന്നെ "യൽദാ"യെ ആശ്രയിച്ചു പെരുനാളുകളുണ്ട്.

1. യൽദായിക്ക് ഒമ്പതുമാസംമുമ്പ്-അതായതു മീനം 15-ാം തീയതി സൂബ്ബാറാ (വചനിപ്പു കന്യകമറിയാമ്മിനോടു മാലാഖ സുവിശേഷിച്ചത്) പെരുനാളാകുന്നു. കരുണയുള്ള കർത്താവു ഒമ്പതു മാസക്കാലം കന്യകയുടെ ഗർഭത്തിൽ പാർത്തു (ലൂക്കോ. 1:26-38).

2. യൽദാ കഴിഞ്ഞു എട്ടാം ദിവസം-അതായതു മകരം 1-ാം കർത്താവു ചേലാകർമ്മം സ്വീകരിച്ച പെരുനാൾ. ഇസ്രായേൽ സഭയിലെ അംഗമായി നമ്മുടെ കർത്താവു സ്വീകരിക്കപ്പെട്ടത് ഈ ദിവസം ചേലാകർമ്മം വഴിയായിട്ടായിരുന്നു. ദൈവത്തിന്റെ പഴയ കാതോലികാസഭയിലെ കല്പനകളെ ഏറ്റം വിശ്വസ്തതയോടെ പാലിച്ചു ദൈവേഷ്ടം നിറവേറ്റാൻ ചുമതലയുള്ള പുത്രനും, ദൈവം ഇസ്രായേൽ സഭയ്ക്കു വാഗ്ദാനം ചെയ്തിട്ടുള്ള സകല അനുഗ്രഹങ്ങളുടെയും അവകാശിയും ആയി കർത്താവു സ്വീകരിക്കപ്പെട്ടു. ലോകത്തിന്നുവേണ്ടി സ്വന്തരക്തം ചൊരിഞ്ഞു കഷ്ടമനുഭവിപ്പാൻ എഴുന്നള്ളി വന്ന കർത്താവു ആദ്യമായി രക്തം ചൊരിഞ്ഞതും ഈ ദിവസത്തിലാണ്. മാലാഖാ ഉപദേശിച്ചിരുന്ന പ്രകാരം യേശു-അതായതു രക്ഷിതാവ് എന്നുള്ള പേരു കർത്താവിനു ഇട്ടതും ഈ ദിവസമാണ്. (ലൂക്കോ. 2:21) "നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ എടുക്കരുത്" എന്നുള്ള ദൈവകല്പനയെ അനുസരിക്കയും കർത്താവിന്റെ തിരുനാമത്തെ ബഹുമാനിക്കയും ചെയ്യുന്നതിനു ഈ ദിവസത്തിൽ വിശ്വാസികൾ പഠിക്കുന്നു. ഇക്കാലത്തു പലരും "യേശു" എന്നു മാത്രം ഉച്ചരിക്കാറുണ്ട്. നമ്മുടെ പൂർവ്വന്മാർ "ഈശോതമ്പുരാൻ" എന്ന് ആയിരുന്നു പറഞ്ഞു വന്നത്. "യൽദാ"യെ ആശ്രയിച്ചുള്ള അടുത്ത പെരുനാൾ "ദെനഹാ"-മകരം 6-ാം തീയതി-

ആകുന്നു. ദെനഹാ എന്ന പദത്തിന്റെ അർത്ഥം "ഉദയം" എന്നാകുന്നു. "ദെനഹാ" സുറിയാനി പദമാണ്. ഗ്രീക്കുപദം "എപ്പിഫനി" എന്നാകുന്നു. ഈ പേരിനു "തെയോഫനി"-ദൈവത്തിന്റെ ഉദയം എന്നുകൂടെ ഒരു പേരുണ്ട്. "യേശു തന്റെ വിശുദ്ധ മഹത്വം വെളിപ്പെടുത്തി" എന്നു വിശുദ്ധ യോഹന്നാൻ പറയുന്നു. (യോഹ. 2:11) യേശു തമ്പുരാൻ മഹത്വത്തെ വെളിപ്പടുത്തിയതായ മൂന്നു സന്ദർഭങ്ങൾ പ്രത്യേകം പറയാനുണ്ട്.

1. പുറജാതികൾക്കു ഉദിച്ചു:- മ്ഗൂശേന്മാരായ വിദ്വാന്മാരെ തന്റെ (സ്വന്ത) "നക്ഷത്രം" (മത്താ. 2:2) വഴിയായി പുൽകൂട്ടിലേക്കു നടത്തിച്ചു, അവർ വന്നു തന്നെ "നമസ്ക്കരിച്ചു" (മത്താ. 2:11).

2. യഹൂദന്മാർക്കു ഉദിച്ചു:- യോർദ്ദാൻ നദിയിൽ വച്ചു കർത്താവു മാമോദീസാ പ്രാപിച്ചപ്പോൾ "നീ എന്റെ പ്രിയപുത്രൻ ആകുന്നു. നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മർക്കോ. 1:11) എന്നു പിതാവായ ദൈവം സ്വർഗ്ഗത്തിൽനിന്നു സാക്ഷിക്കയും "ദൈവാത്മാവ് പ്രാവെന്ന പോലെ ഇറങ്ങി തന്റെമേൽ ആവസിക്കയും" ചെയ്തു. (വി. മത്താ. 4:16-17) ഈ വിധത്തിൽ യേശു ദൈവപുത്രനാണെന്നു യഹൂദന്മാർക്കും-സർവ്വലോ കത്തിനും-വെളിപ്പെട്ടു. കർത്താവിന്റെ ദൈവത്വം വെളിപ്പെട്ടതും പരി ശുദ്ധ ത്രിത്വം വെളിപ്പെട്ടതും ആയ പെരുനാളായി ഈ ദിവസത്തെ കിഴക്കെ സഭ ആചരിക്കുന്നു. മ്ഗൂശേന്മാർക്കു വെളിപ്പെട്ട ദിവസമായി പടിഞ്ഞാറെ സഭ ഈ പെരുനാൾ ആചരിക്കുന്നു.

3. കർത്താവു സ്വന്തകുടുംബത്തിലെ അംഗങ്ങൾക്കും ശിഷ്യന്മാർ ക്കും ഉദിച്ചു: ഇതു കാനായിലെ വിവാഹവിരുന്നിൽ ഒന്നാമത്തെ അത്ഭു തം പ്രവർത്തിച്ചപ്പോൾ ആയിരുന്നു (വി. യോഹ. 2:1-12).

ദെനഹാപ്പെരുനാളിൽ രാത്രി ദീപക്കാഴ്ച നടത്തുന്ന പതിവ് പൗര സ്ത്യസഭയിൽ പലടത്തും നടപ്പുണ്ട്. അതിനാൽ "വിളക്കു പെരുനാൾ" "ദീപാവലിപ്പെരുനാൾ"-എന്നും പേരുണ്ട്. കർത്താവിന്റെ മാമോദീസാ യെ ബഹുമാനിപ്പാനായി പ്രാർത്ഥനയും ശുശ്രൂഷയും നടത്തിക്കൊണ്ടു വിശ്വാസികൾ ദനഹാദിവസം രാത്രിയിൽ കുളിച്ചു വന്നതുകൊണ്ടു "രാ ക്കുളിപ്പെരുനാൾ" എന്നും പേരുണ്ട്.

4. യൽദാ കഴിഞ്ഞു നാല്പതാം ദിവസം "മായൽത്തോ" (പ്രവേശം) കർത്താവിനെ ദേവാലയത്തിൽ കാഴ്ചവെച്ച പെരുനാൾ-കുംഭം 2-ാം തീയതി ആകുന്നു. ഗ്രീക്കു ഭാഷയിൽ ഈ പെരുനാളിനു "ഹൈപ്പ

പ്പാൻടി" അതായതു "സന്ദർശനം" എന്നു പേരുണ്ട്. കർത്താവിന്റെ വി: മാതാവിനെയും മാർ യൗസേഫിനെയും ദൈവാലയത്തിൽവച്ചു വൃദ്ധ നായ ശിമോനും ഹന്നായും "സന്ദർശിച്ച" ദിവസം എന്നർത്ഥം. പഴയ കാതോലികാസഭയിൽ ജനിച്ച യേശുതമ്പുരാൻ ദൈവത്തിന്റെ ആ സഭ യുടെ സകല കല്പനകളെയും ആചാരങ്ങളെയും അനുഷ്ഠിക്കണമെ ന്നും, ഇങ്ങനെ ദൈവത്തിന്റെ തിരുവിഷ്ടത്തെ മുഴുവനായി നിറവേറ്റ ണമെന്നും വി: മാതാവിനും മാർ യൗസേഫിനും നിർബ്ബന്ധമുണ്ടായി രുന്നു. ന്യായപ്രമാണത്തിൽ കല്പിച്ചിരുന്ന പ്രകാരമുള്ള വിധികളെയെ ല്ലാം നിവർത്തിച്ചു യാഗങ്ങളും കഴിച്ചു യേശുതമ്പുരാനെ ദേവാലയ ത്തിൽ കാഴ്ചവെച്ചു (ലേവ്യ. 12:1-9). ഈ പെരുനാൾ ദൈവമാതാവിനെ ക്കുറിച്ചുള്ള പെരുനാളല്ല. കർത്താവിനെക്കുറിച്ചുള്ളതാണ്. ഈ ദിവസം കത്തിച്ച മെഴുകുതിരികളോടുകൂടി പ്രദിക്ഷണം ചെയ്യുന്ന പതിവു ചില സ്ഥലങ്ങളിലുണ്ടായിരുന്നതുകൊണ്ടു ഇതിനു "മെഴുകുതിരിപ്പെരുനാൾ" എന്നും പറഞ്ഞു വന്നു. "ജാതികൾക്കു വെളിപ്പെടാനുള്ള പ്രകാശം" എന്നു വൃദ്ധനായ ശീമോൻ പറഞ്ഞതിനെ അടിസ്ഥാനമാക്കിയായിരി ക്കാം ഈ ആചാരം ഉത്ഭവിച്ചതു (ലൂക്കോ. 2:30).

5. ''യൽദാ''യെ ആസ്പദമാക്കിയുള്ള അടുത്തപെരുനാൾ കർത്താവിന്റെ "രൂപാന്തര"പ്പെരുനാൾ (ചിങ്ങം 6-ാം തീയതി) ആകുന്നു. ഇതു "താബോർ മല"യിൽവച്ചു നടന്നതുകൊണ്ടു "തുർ തോബുർ" എന്നു പറയുന്നു. (തുർ-തൂണാ-മല തോബുർ-താബോർ) "കർത്താവേ, നാം ഇവിടെ ഇരിക്കുന്നതു നന്നു. നിനക്കു സമ്മതമുണ്ടെങ്കിൽ ഞാൻ ഇവിടെ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം" എന്നു പത്രോസ് കർത്താവി നോടു പറഞ്ഞതിനെ ആസ്പദമാക്കി (മത്തായി 16:4) ഈ പെരുനാളിന് "കൂടാരപ്പെരുനാൾ" (മത്ത്ലെ) എന്നും പറയാറുണ്ട്.

# അദ്ധ്യായം-10

"ക്യംതാ" (ഉയിർപ്പ്) പെരുനാളിന്റെ ഉത്ഭവവും ഉദ്ദേശ്യവും എന്താണെന്നു മേൽ 4-ഉം 5-ഉം അദ്ധ്യായങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. ഒന്നാമത്തെ "കഷ്ടാനുഭവ" ആഴ്ചയിൽ ദുഃഖവെള്ളിയാഴ്ച മുതൽ (ഉയർത്തെഴുനേല്പുൾപ്പടെ) ഉള്ള സംഭവങ്ങൾ യഹൂദസഭയിലെ പെസഹാ പ്പെരുനാളിന്റെ പരിപൂർണ്ണനിവൃത്തിയാകുന്നു, വെള്ളിയാഴ്ച പെസഹാ കുഞ്ഞാടിനെ കൊന്നു, യാഗമായി അർപ്പിച്ച്, ചുട്ട്, "ഒരു അസ്ഥിപോലും ഒടിക്കാതെ" കുരിശാകൃതിയിൽ ദേഹത്തു കയറ്റിയിട്ടുള്ള രണ്ടു മരക്കഷണങ്ങളിന്മേൽ തൂക്കിയിടുന്നു. യഹൂദന്മാർ പെസഹാ യിൽ ഇങ്ങനെ ചെയ്തു വന്നു. മിസ്രയിമിൽവച്ചു യഹൂദന്മാരുടെ ആദ്യ പെസഹായുടെ ശേഷം സംഹാരദൂതൻ അവരെ നശിപ്പിക്കാതെ ഇരുന്നു എന്നു തന്നെയല്ല, മിസ്രയിമിലെ അടിമയിൽനിന്നു അവർ ചെങ്കടലിലെ വെള്ളം കടന്നു രക്ഷപെടുകയും ചെയ്തു. ഇതെല്ലാം നിഴലായിരുന്നു. "ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവകുഞ്ഞാടിന്റെ" നിഴലായിരുന്നു. ഈ കുഞ്ഞാടു സ്ലീബാമരത്തിന്മേൽ യാഗമായി അർപ്പി ക്കപ്പെട്ടു. ഏറ്റം ഭയങ്കരമായ അതിവേദനകളും കലശലായ ദാഹവും മറ്റും ആകുന്ന അഗ്നിയിൽ ആ കുഞ്ഞാടിനെ ഗോഗുൽത്താമേൽ വച്ചു ചുട്ടു. "അവന്റെ അസ്ഥികൾ ഒന്നുപോലും ഒടിക്കപ്പെട്ടില്ല" യൗസേപ്പിന്റെ തോട്ടത്തിൽ വെട്ടിയിട്ടുള്ള കല്ലറയിൽകൂടി കടന്നു മരണമാകുന്ന അടിമ യിൽ നിന്നു ശക്തിയോടുകൂടി രക്ഷ പ്രാപിച്ചു.

യഹൂദന്മാർ കുഞ്ഞാടിനെ കൊന്നതും രക്തം വാതുക്കൽ പുരട്ടി യതും അല്ല പ്രധാന കാര്യം. അവർ അടിമയിൽനിന്നു രക്ഷ പ്രാപിച്ച താണ് പ്രധാന കാര്യം. അപ്രകാരം തന്നെ കർത്താവിന്റെ ഉയർത്തെഴു നേല്പാണ് പ്രധാന കാര്യം. കർത്താവിന്റെ കഷ്ടാനുഭവവും മരണവും ഉയർത്തെഴുനേല്പിനുള്ള ഒരുക്കമാണ്.

പ്രോട്ടസ്റ്റന്റുകാർ കാൽവറിവരെയുള്ള കാര്യങ്ങളെ മാത്രമേ കാണുന്നുള്ളൂ. കത്തോലിക്കാസഭയൊ കർത്താവിന്റെ മരണത്തെയും മരണത്തിന്റെ ശേഷമുണ്ടായ ഉയർത്തെഴുനേല്പിനെയും കാണുന്നു. പ്രോട്ടസ്റ്റന്റു ഉപദേശങ്ങൾ കാൽവരി വരെയുള്ള കാര്യങ്ങളിന്മേൽ സ്ഥാപിച്ചിരിക്കുന്നു. കത്തോലിക്കസഭയുടെ ഉപദേശമൊ, ഉയർത്തെഴു നേല്പ്, സ്വർഗ്ഗാരോഹണം, പെന്തിക്കുസ്തി-എന്നിവയെ സ്ഥാപിച്ചുള്ള താകുന്നു.

യഹൂദന്മാരുടെ പെസഹാ (കടന്നുപോക്കു)യും കർത്താവിന്റെ ഉയർത്തെഴുനേല്പും തമ്മിലുള്ള ബന്ധം എന്താണെന്നു മനസ്സിലാക്കണം. യഹൂദസഭയിലെ പെസഹാ നിഴലും കർത്താവിന്റെ കഷ്ടാനുഭവത്തിന്റെ ശേഷമുള്ള ഉയിർത്തെഴുനേല്പു അസലും (പെരുനാൾ) ആകുന്നു. അതുകൊണ്ട് "ക്യംതാ" (ഉയിർപ്പ്) പെരുനാൾ അനിശ്ചിതോത്സവമായി വിശുദ്ധസഭ ചട്ടപ്പെടുത്തിയിരിക്കുന്നു. "യൽദാ" (ജനനം) നിശ്ചിതോത്സവമാണ്. സൂര്യവർഷത്തിൽ ഇന്നമാസം ഇത്രാം തീയതി ജനനപ്പെരുനാൾ ആചരിക്കണമെന്നു തിരുസഭ കല്പിച്ചിരിക്കുന്നു. എന്നാൽ ഉയിർപ്പുപ്പെരുനാൾ സൂര്യവർഷത്തെ ആശ്രയിച്ചിട്ടില്ലാത്തതുകൊണ്ടു ഇന്നമാസം ഇത്രാംതീയതി എന്നു ക്ലിപ്തപ്പെടുത്താൻ പാടില്ല. അതു ചന്ദ്രന്റെ ഗതിയെ ആശ്രയിച്ചു ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ഒരു പ്രത്യേക പൗർണ്ണമാസി കഴിഞ്ഞു ആദ്യം വരുന്ന ഞായറാഴ്ച "ക്യംതാ" ആയിരിക്കണമെന്നു നിശ്ചയിച്ചിരിക്കുന്നു. സൂര്യൻ നേരെ കിഴക്കുദിക്കാതെ തെക്കോട്ടു ചാഞ്ഞു ഉദിക്കുന്ന കാലത്തിനു തെക്കൻചായ്‌വു കാലം. (ദക്ഷിണായനം) വടക്കോട്ടു ചാഞ്ഞു ഉദിക്കുന്ന കാലത്തിനു വടക്കൻ ചായ്‌വു കാലം (ഉത്തരായനം) എന്നും പറയുന്നു. ഏറ്റം വടക്കു മാറി സൂര്യൻ ഉദിക്കുന്നതു (ഗ്രീഗോറിയൻ കലണ്ടർ അനുസരിച്ചുള്ള) മാർച്ച് (മീനം) 21-ാം തീയതി ആകുന്നു. അതിനു (മകരരാശി) എന്നു പേരു പറയുന്നു. ഏറ്റം വടക്കടുത്ത് ഉദിക്കുന്നതു സെപ്തംബർ (കന്നി) 23-ാം തീയതിയാകുന്നു. ഇതിനു (കർക്കടകരാശി) എന്നു പറയുന്നു. ദക്ഷിണായനം കഴിഞ്ഞുണ്ടാകുന്ന പൗർണ്ണമാസി (പൂർണ്ണചന്ദ്രൻ) കഴിഞ്ഞിട്ടു ആദ്യം വരുന്ന ഞായറാഴ്ച "ക്യംതാ" (ഉയിർപ്പു) ഞായറാഴ്ചയായിരിക്കണമെന്നു തിരുസഭ ചട്ടപ്പെടുത്തിയിരിക്കുന്നു.

പൗരസ്ത്യസഭയിലും പാശ്ചാത്യസഭയിലും ചട്ടം ഇതു തന്നെ. ക്രിസ്താബ്ദം 32-ൽ കൂടിയ നിഖ്യാസുന്നഹദോസിൽ വി. പിതാക്കന്മാർ നിശ്ചയിച്ചതു ക്യംതാ യഹൂദന്മാരുടെ പെസഹാദിവസമൊ അതിനു മുമ്പൊ ആചരിച്ചുകൂടാ എന്നും എല്ലാ ആണ്ടിലും അതു കഴിഞ്ഞു

മാത്രം ആചരിക്കണം എന്നായിരുന്നു. അതിനാൽ (ജൂലിയൻ പഞ്ചാംഗം അനുസരിച്ചുള്ള) മീനം 23-ാം തീയതി മുമ്പു "ക്യംതാ" വരാൻ പാടില്ല. മേടം 25-ാം തീയതി കഴിഞ്ഞു "ക്യംതാ" വരാൻ പാടില്ല.*

ക്യംതാ നിശ്ചയിക്കുന്നതിനു പൗരസ്ത്യസഭ കണക്കാക്കുന്നതു ചന്ദ്രമാസത്തിലെ പതിനാലാം തീയതിയാകുന്നു. ആകാശമണ്ഡലത്തിൽ വാസ്തവത്തിൽ പൗർണ്ണമാസി ഉണ്ടാകുന്ന തീയതി നോക്കിയിട്ടല്ലാ പുരാതനമായ "എപ്പക്കത്തി" കണക്കനുസരിച്ചാകുന്നു പൗരസ്ത്യസഭയിൽ "ക്യംതാ" തീയതി നിശ്ചയിക്കുന്നത്.

ഇസ്രായേൽ ജനം മിസ്രയിമിൽ നിന്നു പുറപ്പെടുന്നതിനു ദൈവം നിശ്ചയിച്ചു കൊടുത്ത സമയം ദക്ഷിണായനം കഴിഞ്ഞുള്ള പൗർണ്ണമാസി (രാത്രി മുഴുവൻ നിലാവുള്ള ദിവസം) ആയിരുന്നു. യഹൂദന്മാരുടെ ആണ്ടു പിറപ്പു മേലാൽ ദക്ഷിണായനം ഉണ്ടായ ആബീബ് (നീസാൻ)-മേടമാസത്തിൽ ആയിരിക്കണമെന്നും, മുൻകാലത്തെപ്പോലെ ഉത്തരായനം ഉള്ള തെശ്രി (തുലാമാസത്തിൽ) ആയിരിക്കരുതെന്നും കൂടി ചിട്ടപ്പെടുത്തിയതായി കാണുന്നു.

യഹൂദപെസഹാ നിഴലും ക്രിസ്തീയ പെസഹാ (ക്യംതാ) പൊരുളും ആയിരിക്കുന്ന സ്ഥിതിക്കു ക്യംതാപെരുനാൾ ചന്ദ്രനെ ആശ്രയിച്ചുള്ള ഒരു പെരുനാളായി തിരുസഭ ചട്ടപ്പെടുത്തിയത് യഹൂദസഭ 3400 സംവത്സരം ആചരിച്ചുവന്ന രീതിയെ അനുകരിച്ചാകുന്നു.

"ക്യംതാ" പെരുനാൾ ഒരു ഞായാറാഴ്ച തന്നെ ആചരിക്കണമെന്നും തിരുസഭ ചട്ടപ്പെടുത്തി. ഇതെപ്പറ്റി ആദ്യകാലത്തു തർക്കമുണ്ടായിരുന്നു. നിസാൻ (മേടം) പതിനാലാം തീയതി ഏതു ദിവസമായിരുന്നാലും-ഞായറാഴ്ച അല്ലെങ്കിലും-അന്നുതന്നെ 'ക്യംതാ' ആചരിക്കണമെന്നും, യഹൂദന്മാർ നീസാൻ പതിനാലംതീയതി ആചരിച്ചുവന്നതു കൊണ്ടു (പുറപ്പാടു 12:3-10) ഇതു ന്യായാനുസൃതമാണെന്നും ചിലർ വാദിച്ചു. ഇങ്ങനെ വാദിച്ചവരെ "പതിനാലാംകാർ" എന്നു പറഞ്ഞുവന്നു. എപ്പെസൂസിലും ചുറ്റുമുള്ള സ്ഥലങ്ങളിലും ഇങ്ങനെയാണ് ആചരിച്ചു വന്നത്. വി. യോഹന്നാൻ ശ്ലീഹാ ഇങ്ങനെ ആചരിച്ചുവന്നു എന്ന് അവർ വാദിക്കുകയും ചെയ്തു. എന്നാൽ ശേഷമുള്ളവർ ഇതിനെ സമ്മതിച്ചില്ല.

*ജൂലിയൻ പഞ്ചാംഗവും ഗ്രീഗോറിയൻ പഞ്ചാംഗവും തമ്മിൽ ക്രിസ്താബ്ദം 1901 മുതൽ 13 ദിവസത്തെ ഭേദമുണ്ട്. പഴയതീയതിക്കു മകരം 1-ാം തീയതി ഗ്രീഗോറിയൻ പഞ്ചാംഗരീതിക്കു മകരം 14-ാം തീയതി ആകുന്നു. ഇംഗ്ലീഷ്, റോമാസഭക്കാർ ഗ്രീഗോറിയൻ പഞ്ചാംഗം ഉപയോഗിക്കുന്നു.

പൗർണ്ണമാസി കഴിഞ്ഞുവരുന്ന ഒന്നാമത്തെ ഞായറാഴ്ചയാണ് "ക്യംതാ" ആചരിക്കേണ്ടതെന്നും നമ്മുടെ കർത്താവു ഞായറാഴ്ച ഉയർത്തെഴു നേറ്റതുകൊണ്ടു ആ ദിവസത്തെ കർത്താവു ശുദ്ധീകരിച്ചിരിക്കുന്നു എന്നും വാദിച്ചു. ഈ വാദം ഉണ്ടായതു ക്രിസ്താബ്ദം 136-ാമാണ്ടിട യ്ക്കാണ്. കർത്താവിന്റെ രക്ഷാപദ്ധതിയിൽ ഉയർത്തെഴുനേല്പു എത്രയും പ്രധാന സംഗതിയാണെന്നും, സകല ക്രിസ്തീ യോപദേശ ങ്ങളും ഉയർത്തെഴുനേല്പിനെ ആശ്രയിച്ചിരിക്കുന്നു എന്നും (റോമാ. 1-4; 1 കോരിന്തി. 1:1-10) ക്രിസ്തീയസഭയ്ക്കുള്ള സകല പെരുനാളു കളിലും വച്ചു അതിശ്രേഷ്ഠമായത് "ക്യംതാ"യാകുന്നു. "പതിനാലാം കാർ" തർക്കം അവസാനിപ്പിച്ച് കാതോലികമായ ആചാരത്തെ സ്വീക രിച്ചു. ക്രിസ്താബ്ദം 325-ൽ നിഖ്യാസുന്നഹദോസു കൂടിയകാലത്തു എല്ലാ ക്രിസ്ത്യാനികളും "ക്യംതാ" ഞായറാഴ്ച ആചരിക്കുന്നവരാണ്.

"ക്യംതാ"യെ സംബന്ധിച്ചു വേറെയും തർക്കങ്ങൾ ആദ്യത്തെ മൂന്നു ശതവർഷങ്ങളിൽ ഉണ്ടായി. ഒരു തർക്കം "പെസഹാച്ചന്ദ്രൻ" (മീനം 21-ാം തീയതിയൊ അതു കഴിഞ്ഞിട്ടു ആദ്യമായൊ ഉണ്ടാകുന്ന പൗർണ്ണ മാസി) ഏതു ദിവസമാണെന്നു സൂക്ഷ്മമായി കണ്ടുപിടിക്കുന്നതിനെ സംബന്ധിച്ചുള്ളതായിരുന്നു, പല രാജ്യങ്ങൾ പല ചന്ദ്രയുഗങ്ങൾ കണ ക്കാക്കി വന്നു. യഹൂദന്മാർ 84 സംവത്സരക്കാലം ഒരു ചന്ദ്രയുഗമെന്നു കണക്കാക്കി. റോമൻ കത്തോലിക്കാസഭയും ഇതിനെ സ്വീകരിച്ചിരുന്നു. ഗ്രീക്കന്മാർ പത്തൊൻപതു സംവത്സരമുള്ള മെറ്റോൺ യുഗത്തെ ചന്ദ്രയുഗമായി സ്വീകരിച്ചിരുന്നു. ഈഗുപ്തായസഭ ഈ കണക്കു അംഗീകരിച്ചു. തന്നിമിത്തം 'ക്യംതാ' പെരുനാൾ ആചരിക്കേണ്ട ദിവസ ത്തെ സംബന്ധിച്ചു തർക്കമുണ്ടായി. ഈ തർക്കം ക്രിസ്താബ്ദം 325-ൽ നിഖ്യാസുന്നഹദോസിൽവച്ചു അവസാനമായി വിശുദ്ധ പിതാക്കന്മാർ തീർച്ചചെയ്തു. ക്യംതാ ആചരിക്കേണ്ടത് നമ്മുടെ കർത്താവു ഉയർത്തെ ഴുന്നേറ്റ ദിവസമായ ഞായറാഴ്ച ആചരിക്കണമെന്നും സഭ ആചരി ക്കേണ്ട പൗർണ്ണമാസി എന്നാണെന്നു തീർച്ചയാക്കേണ്ട ചുമതല അല ക്സാന്ത്രിയായിലെ എപ്പിസ്കോപ്പാ നിറവേറ്റണമെന്നും ആയിരുന്നു സുന്നഹദോസിന്റെ തീർച്ച. അക്കാലത്തു അലക്സന്ത്രിയായിലെ സർവ്വ കലാശാല ഏറ്റം ശ്രുതിപ്പെട്ടതായിരുന്നു. ഓരോ ആണ്ടിലും "ദനഹ" ക്കാലത്തു അലക്സന്ത്രിയായിലെ എപ്പിസ്കോപ്പാ അടുത്ത ക്യംതാ ഏതു തീയതിയിലായിരിക്കുമെന്നു റോമിലെ എപ്പിസ്കോപ്പായ്ക്കും സർവ്വ ലോകത്തിനും അറിയിച്ചു വന്നു. പത്തൊൻപതു സംവത്സരക്കാലമുള്ള

മീറ്റൊൺ യുഗത്തെയാണു ശാസ്ത്രരീത്യ ശരിയായ ചന്ദ്രയുഗമായി അലക്സന്ത്രിയായിൽ സ്വീകരിച്ചത്.

കർത്താവിന്റെ ഉയർത്തെഴുനേല്പു തിരുസഭയുടെ ഉപദേശത്തിന്റെ അടിസ്ഥാനക്കല്ല് ആയതുകൊണ്ടാണ് "ക്യംതാ" ഇത്ര പ്രധാനമായി തിരുസഭ ഗണിച്ചിട്ടുള്ളതെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ.

പ്രാക്ടീസ് 1:22, 4:2-23, 17:18, 13:6.

2. സ്വർഗ്ഗാരോഹണം (സൂലോക്കൊ)

ക്യംതാകഴിഞ്ഞു 40-ാം ദിവസം (വ്യാഴാഴ്ച) കർത്താവിന്റെ സ്വർഗ്ഗാരോഹണപ്പെരുനാൾ ആകുന്നു. (അപ്പോ.പ്രവ. 1-3) നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരജീവിതത്തെ സംബന്ധിച്ചു തിരുസഭ സാക്ഷിക്കുന്നതു സ്വർഗ്ഗാരോഹണം വരെയുള്ള കാര്യങ്ങളെയാകുന്നു.

"ആകയാൽ കർത്താവായ യേശു യോഹന്നാന്റെ സ്നാനം മുതൽ നമ്മെ വിട്ടു ആരോഹണം ചെയ്ത നാൾവരെ നമ്മുടെ ഇടയിൽ സഞ്ചരിച്ചുപോന്ന കാലത്തെല്ലാം ഞങ്ങളോടുകൂടെ നടന്ന പുരുഷന്മാരിൽ ഒരുത്തൻ അവന്റെ പുനരുത്ഥാനത്തിനു സാക്ഷിയായിത്തീരണം" (അപ്പോ. പ്രവ. 1:22).

ആദ്യസഭയിൽ ക്യംതായും പെന്തിക്കുസ്തിയും പോലെ സ്വർഗ്ഗാരോഹണവും വലിയ പെരുനാളായി ആചരിച്ചുവന്നു. ഈ ദിവസം ജനമെല്ലാം കത്തിച്ച മെഴുകുതിരികളോടും കൂടെ പ്രദിക്ഷണം വെയ്ക്കുക പതിവായിരുന്നു. സർവ്വ ക്രിസ്ത്യാനികളും ഈ പെരുനാൾ ആചരിച്ചു വന്നതായി വിശുദ്ധ അഗസ്തീനോസു (ക്രിസ്താബ്ദം 354-430) സാക്ഷിക്കുന്നു. ക്രിസ്താബ്ദം 1884-ൽ ഇറ്റലിയിൽ അറെസ്സൊ എന്ന സ്ഥലത്തു നിന്നു ഒരു പഴയ കയ്യെഴുത്തു ഗ്രന്ഥം കിട്ടി. "സിൽവിയായുടെ തീർത്ഥയാത്ര" എന്ന ആ ഗ്രന്ഥം ക്രിസ്താബ്ദം 384-ൽ എഴുതപ്പെട്ടതാണെന്നു ശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നു.

സിൽവിയാ എന്നു പേരുള്ള ഈ സ്ത്രീ ഗാൾ ദേശക്കാരിയാണ്. പൂർവ്വപിതാക്കളുടെ ഗ്രന്ഥങ്ങൾ-ഗ്രീക്കുഭാഷയിലുള്ള മൂലഗ്രന്ഥങ്ങൾ തന്നെ-വായിച്ചു പഠിച്ചിട്ടുണ്ട്. വേദപുസ്തകം നന്നായി നിശ്ചയമുണ്ട്. സൂക്ഷ്മദൃക്കാണ്. സ്വർഗ്ഗാരോഹണപ്പെരുനാളിൽ യരുശലേമിൽ ഒലിവുമലയിലേക്കു ഒരു ഘോഷയാത്ര പതിവുണ്ടെന്ന് സിൽവായാ പറഞ്ഞിരിക്കുന്നു.

# അദ്ധ്യായം-11

ക്രിസ്തീയസഭ ആദ്യകാലത്തു തന്നെ പെന്തിക്കുസ്തി പെരുനാളിനെ ഒരു ക്രിസ്തീയ പെരുനാളായി ആചരിപ്പാൻ തുടങ്ങി. മൂന്നാം ശതവർഷത്തിൽ എങ്ങനെ ആചരിച്ചുവന്നു എന്നു ഓറിജൻ പറയുന്നു. നാലാംശതവർഷത്തിൽ എങ്ങനെ ആചരിച്ചുവന്നു എന്നു വിശുദ്ധ ക്രിസോസ്തവും (സ്വർണ്ണനാവുള്ള മാർ ഈവാനിയോസു) വി: ഗ്രീഗോറിയോസു നാസിയാൻസനും പറയുന്നു. ക്യംതാമുതൽ പെന്തിക്കുസ്തി വരെയുള്ള ഒമ്പതു ദിവസങ്ങൾ സന്തോഷദിവസങ്ങ ളായി ആചരിച്ചുവരുന്നു. ഈ ദിവസങ്ങളിൽ ഭക്ഷണം സംബന്ധിച്ചു നോമ്പില്ല. കുമ്പിടീൽ ഇല്ല. പഴയ ഇസ്രായേൽ സഭയുടെ അംഗങ്ങളായി ജീവിച്ചും സഭാനിയമങ്ങൾ അനുസരിച്ചും അനുഷ്ഠിച്ചും വന്ന അപ്പോ സ്തലന്മാരും ആദ്യക്രിസ്ത്യാനികളും ക്രിസ്തീയപെന്തിക്കുസ്തി ആചരിക്കുകയെന്നതു സ്വാഭാവികമാണ്.

വിശുദ്ധ കുർബ്ബാനയിൽ പുറമെ അപ്പവും വീഞ്ഞും കാണുന്നു എങ്കിലും അതിന്റെ ഉള്ളിൽ കർത്താവേശുമ്ശിഹായുടെ ശരീരരക്തം ഇരിക്കുന്നു. വി: കുർബ്ബാന ഒരു കൂദാശയാണ്. പുറമെയുള്ള അപ്പവും അകമെയുള്ള തിരുശരീരവും കൂദാശയുടെ രണ്ടു വശങ്ങളാണ്. അതുപോലെ പെന്തിക്കുസ്തിയിലെ വിശുദ്ധാത്മനൽവരത്തിനും പുറമെയുള്ള അടയാളങ്ങൾ കാണപ്പെട്ടു. “കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്നു ഒരു മുഴക്കം ഉണ്ടായി.” അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി-ഇവ ഓരോന്നു.....പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തെ കാണിക്കുന്ന പുറമെയുള്ള അടയാളങ്ങളായിരുന്നു. (യേശുമ്ശിഹായുടെ ശരീരത്തെ പുറമെ കാണുന്ന സമയം അതിനുള്ളിൽ ത്രിത്വത്തിൽ രണ്ടാമത്തെ ക്നൂമ്മാ ആകുന്ന വചനമായ ദൈവത്തെ കാണുന്നു. പെന്തിക്കുസ്തി വിശുദ്ധ സഭയുടെ ജനനദിവസമാകുന്നു. യേശുക്രിസ്തുവിന്റെ പ്രകൃത്യായുള്ള ശരീരത്തിന്റെ ജനനദിവസം യൽദായാണ്. അപ്രകാരം തന്നെ യേശുമ്ശിഹായുടെ പ്രകൃത്യാ

തീത ശരീരം ആയ തിരുസഭയുടെ ജനനദിവസം പെന്തിക്കുസ്തിയാകുന്നു. രണ്ടാമത്തെ ആദാമിന്റെ "ചവളത്താൽ കുത്തിത്തുറക്കപ്പെട്ട" വിലാപ്പുറത്തു നിന്നു രണ്ടാം "ഹവ്വാ"യെ സൃഷ്ടിച്ചു. ഈ "ഹവ്വാ"യുടെ മൂക്കിൽ പെന്തിക്കുസ്തി ദിവസം ജീവശ്വാസം ഊതി!" അവൾ "ജീവനുള്ള ദേഹിയായിതീർന്നു" (ഉല്പത്തി 2:7) പഴയ യഹൂദസഭയിലെ പെന്തിക്കുസ്തി സംബന്ധിച്ചുള്ള ആദർശങ്ങളും ആചാരങ്ങളും ക്രിസ്തീയപെന്തിക്കുസ്തിയിലും ആവശ്യപ്പെട്ട ഭേദഗതികളോടു കൂടി സ്വീകരിക്കപ്പെട്ടു. യഹൂദസഭയിലെ പെന്തിക്കുസ്തി കൊയ്ത്തു സംബന്ധിച്ചുള്ള പെരുനാളായിരുന്നു. ക്രിസ്തീയസഭയിലെ പെന്തിക്കുസ്തിയിലും ആത്മീയ കൊയ്ത്തു ജയഘോഷത്തോടുകൂടി ആരംഭിച്ചു. 3000 ആത്മാക്കൾ അന്നു തന്നെ വിശ്വസിച്ചു. (അപ്പോ.പ്രവ. 2:41) ഒന്നാമത്തെ ക്രിസ്തീയ പെന്തിക്കുസ്തിയിൽ അപ്പൊസ്തലന്മാരുടെ ചിന്ത കർത്താവു വാഗ്ദാനം ചെയ്തിരുന്ന ആശ്വാസപ്രദനെ സംബന്ധിച്ചായിരുന്നു. (യോഹന്നാൻ 14:16–26; അപ്പോ.പ്രവ. 1; റോമാ 15:13).

പെന്തിക്കുസ്തി കഴിഞ്ഞു വരുന്ന ആദ്യത്തെ ബുധനാഴ്ച കർത്താവിന്റെ സഹോദരനായ യാക്കോബ് ഇദംപ്രഥമമായി വിശുദ്ധ കുർബ്ബാന അണച്ചു. ഇദ്ദേഹം ഊർശ്ലേമിന്റെ ഒന്നാമത്തെ എപ്പിസ്കോപ്പായാണ്.*

മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി നമ്മുടെ കർത്താവു ലോകത്തിൽ ചെയ്തിട്ടുള്ള കാര്യങ്ങളെ കൂദോശ്ഈത്തോ മുതൽ പെന്തിക്കുസ്തി വരെയുള്ള കാലത്തു വിശുദ്ധ സഭ ആചരിക്കുന്ന മഹോത്സവങ്ങൾ വഴിയായി നാം ഓർക്കയും ബഹുമാനിക്കയും അവയുടെ അനുഗ്രഹങ്ങളെ സമ്പാദിക്കയും ചെയ്യുന്നു. കർത്താവിന്റെ മനുഷ്യാവതാരം, ചേലാകർമ്മം, ദേവാലയപ്രതിഷ്ഠ, മാമോദീസാ, (നാല്പതു) ദിവസത്തെ ഉപവാസം, പരീക്ഷ, അതിവേദന, രക്തവിയർപ്പു, ക്രൂശാരോഹണം, കഷ്ടാനുഭവം, മരണം, കബറടക്കം മുതലായവ മാത്രമല്ല ജയത്തോടു കൂടിയ ഉയർത്തെഴുനേല്പ്, മഹത്വമുള്ള സ്വർഗ്ഗാരോഹണം, പെന്തിക്കുസ്തിയിലെ വിശുദ്ധാത്മദാനം ആദിയായ രക്ഷാകരങ്ങളായ ദൈവവ്യാപാരങ്ങൾ പിതൃപുത്ര പരിശുദ്ധാത്മാവായ ദൈവത്തിന്റെ സ്നേഹവും കരുണയും പ്രത്യക്ഷപ്പെടുത്തുന്നവയും അവയെ നാം

*പെന്തിക്കുസ്തി കഴിഞ്ഞു വരുന്ന ഒന്നാം ഞായറാഴ്ച സകല സഹദേന്മാരുടെയും ഓർമ്മയാണ്.

അനുഭവിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നമുക്കുണ്ടാക്കി തരുന്നവയും ആകുന്നു. വിശുദ്ധ സഭ ഇതിനാൽ മഹിമപ്പെടുകയും ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പുണ്യജീവിതവും സാക്ഷിമരണവും വഴിയായി ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തതിനെ ലക്ഷ്യപ്പെടുത്തുന്ന പെരുനാളുകൾ പെന്തിക്കുസ്തി മുതൽ ആണ്ടവസാനംവരെ വിശുദ്ധ സഭ ആഘോഷിക്കുന്നു. അതതു പെരുനാളുകളും അവയിലെ വേദവായനകളും ഈ സംഗതിക്കു ദൃഷ്ടാന്തമാകുന്നു.

# അദ്ധ്യായം-12

ദൈവം മനുഷ്യനായി തന്നത്താൻ ലോകത്തിൽ വെളിപ്പെട്ടു. മനുഷ്യരുടെ ഇടയിൽ മഹത്വപ്പെട്ടു. അതിനെ "മാറാനായ" പെരുനാളുകളിൽ നാം ആഘോഷിക്കുന്നു എന്നുതന്നെയല്ല, തന്റെ വിശുദ്ധ സഭയിലും വിശുദ്ധന്മാരിലും മഹത്വപ്പെടുത്തുന്നു. അതിനെ നാം ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പെരുനാളുകളിൽ ഓർക്കുന്നു.

വിശുദ്ധ സഭ ഏതെല്ലാം വിശുദ്ധന്മാരുടെ പെരുനാളുകൾ ആചരിക്കുന്നുവോ അവരെ രണ്ടു വകുപ്പായി വിഭജിക്കാം.

1. നമ്മുടെ കർത്താവിനെ ശരീരത്തിൽ കാണുകയും സ്നേഹിക്കയും ചെയ്തിട്ടുള്ള വിശുദ്ധന്മാർ.

(എ) ദൈവമാതാവായ കന്യകമർത്തമറിയം ("മർത്ത" എന്ന പദത്തിന്റെ അർത്ഥം 'പ്രഭ്വി' നാഥ എന്നാകുന്നു.)

(ബി) വി: യോഹന്നാൻ മാംദാനാ.

(സി) വി: ശ്ലീഹന്മാർ (അപ്പൊസ്തലന്മാർ)

(ഡി) നാലു ഏവൻഗേലിസ്തന്മാർ

(ഇ) എഴുപത്തിരണ്ടു ശിഷ്യന്മാർ (അറിയിപ്പുകാർ)

(എഫ്) കർത്താവിനെ സ്നേഹിച്ച സ്ത്രീകൾ

(2) നമ്മുടെ കർത്താവിനെ ജഡത്തിൽ കണ്ടിട്ടില്ലെങ്കിലും കർത്താവിനെ നിഷ്ക്കളങ്കമായി സ്നേഹിക്കയും സേവിക്കയും ചെയ്ത ശുദ്ധിമതികളും.

(എ) ഇഗ്നാത്തിയോസ് (കർത്താവു തൃക്കയ്യിൽ എടുത്തു അനുഗ്രഹിച്ച ബാലൻ) "തീയ്ക്കടുത്ത ഇഗ്നാത്യോസ്" ആണെന്നു ഒരു ഐതിഹ്യം ഉണ്ട്.

ക്ലിമ്മീസ് (ക്രിസ്താബ്ദം 100 റോമയിലെ എപ്പിസ്ക്കോപ്പായും രക്തസാക്ഷിയും)

ദീവന്നാസ്യോസ് (എപ്പിസ്ക്കോപ്പായും രക്തസാക്ഷിയും) ക്രിസ്താബ്ദം 96-ൽ മരിച്ചു. (അപ്പോ. പ്രവ. 17:34).

അത്താനാസ്യോസ്

ബസ്സേലിയോസ് (സന്യാസിയും എപ്പിസ്ക്കോപ്പായും)
ഗ്രീഗോറിയോസ് (എപ്പിസ്ക്കോപ്പാ)
മക്രീനാ (സന്യാസിനി)
അന്തൊനിയോസ് (സന്യാസി)
ശെമഊൻ ദെസ്തുനി
കാതെറീൻ (ക്രിസ്താബ്ദം 307, അലക്സാന്ത്രിയായിലെ കന്യകയും രക്തസാക്ഷിയും)
കുറിയാക്കോസ് (ബാലനായ രക്തസാക്ഷി)
യൂലിത്തി (മാതാവും രക്തസാക്ഷിയും)
സിസീലിയാ (റോമയിലെ കന്യകയും രക്തസാക്ഷിയും ക്രിസ്താബ്ദം 23).

വിശുദ്ധന്മാരുടെ പെരുനാളുകൾ ആചരിക്കുന്നതെന്തിന്? അവർ ഇപ്പോഴും ജഡത്തിൽ നമ്മോടുകൂടെ ഇല്ലെങ്കിലും ആത്മാവിൽ നമ്മോടുകൂടെയുണ്ട്. അവരോടുകൂടെ ആത്മാവിൽ നാം വിശുദ്ധ സംസർഗ്ഗത്തിൽ പാർക്കുന്നതിന് അവരുടെ പെരുനാളുകൾ നമ്മെ സഹായിക്കുന്നു. അവരുടെ ഉത്തമദൃഷ്ടാന്തം നമ്മെ ധൈര്യപ്പെടുത്തുന്നു. അവരുടെ സ്വാർത്ഥരാഹിത്യം, താഴ്മ, ദൈവസ്നേഹം, ധൈര്യം, ജീവൻ, മരണം ഇവയോരോന്നും നമുക്കു നല്ല ദൃഷ്ടാന്തമാകുന്നു. അവരോടുകൂടെ ആത്മാവിൽ പാർക്കുന്നതിനു നമുക്കു പെരുനാളുകൾ വഴിയായി സാധിക്കുന്നു. താബോർ മലയിൽവച്ചു വിശുദ്ധ പത്രോസു ആഗ്രഹിച്ചതു "മൂന്നു കൂടാരങ്ങൾ ഉണ്ടാക്കി ഒന്നു കർത്താവിനും ഒന്നു മോശയ്ക്കും ഒന്നു ഏലിയായ്ക്കും കൊടുത്തു" അവരോടു കൂടെ പാർക്കണമെന്നായിരുന്നു (മത്തായി 17:4). അന്നു പത്രോസിനു സാധിക്കാഞ്ഞതു- ഈ ലോകത്തിൽനിന്നും വാങ്ങിപ്പോയ വിശുദ്ധന്മാരോടുകൂടെയുള്ള സഹവാസം-ഇന്നു വിശുദ്ധസഭയിൽ നമുക്കു സാധിപ്പാൻ ദൈവം സംഗതിയാക്കിയിരിക്കുന്നു. അവരോടുള്ള സംസർഗ്ഗവും സഹവാസവുംകൊണ്ടു-നാം അവരുടെ വിശുദ്ധ വിശ്വാസത്തെ പഠിക്കയും സ്നേഹിക്കയും ചെയ്യുന്നു. അവരുടെ നിർമ്മല ജീവിതത്തെ ബഹുമാനിക്കയും അനുകരിക്കുകയും ചെയ്യുന്നു. അവരുടെ മധ്യസ്ഥപ്രാർത്ഥന നമുക്കുവേണ്ടി ഉണ്ടാവാൻ അവരോടു നാം അപേക്ഷിക്കയും അവരുടെ പ്രാർത്ഥന കൈക്കൊള്ളുന്ന ദൈവത്തിന്റെ സഹായത്തിലും കൃപയിലും അവരിൽക്കൂടി നാം ആശ്രയിക്കയും ചെയ്യുന്നു.

# അദ്ധ്യായം-13

ദൈവം ലോകത്തെ സൃഷ്ടിക്കുന്നതിനുമുമ്പ് മാലാഖമാരെ സൃഷ്ടിച്ചു. മാലാഖമാർ കേവലം ആത്മാക്കളാകുന്നു. ഒമ്പതു വർഗ്ഗം മാലാഖമാർ (ദൈവദൂതർ) ഉള്ളതായി വി. വേദപുസ്തകത്തിൽ കാണുന്നു. വി. സഭയിലെ വിശുദ്ധന്മാർ മാലാഖമാരോടു വി. സംസർഗ്ഗത്തിൽ പാർക്കുന്നു. "അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിന്നും"- അടുക്കൽ വി. സഭ വന്നിരിക്കുന്നു. (എബ്രായാ 12:22) ഇവർ "സാക്ഷികളുടെ വലിയൊരു സമൂഹം" ആകുന്നു. (എബ്രായാ 12:1) "അവർ ഒക്കെയും രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷയ്ക്കു അയക്കപ്പെടുന്ന സേവകാത്മാക്കൾ അല്ലയൊ?" (എബ്രായ 1:14) സ്വർഗ്ഗത്തിൽ മാലാഖമാർ മുഴുവനായി ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നു. "നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും ചെയ്യപ്പെടണമെ" എന്നു കർത്താവു പഠിപ്പിച്ച പ്രാർത്ഥന ഇത് സൂചിപ്പിക്കുന്നു. (വി: മത്താ. 6:9-13) ഓരോ മനുഷ്യനേയും കാത്തുസൂക്ഷിക്കുന്നതിനും സഹായിക്കുന്നതിനും ദൈവം കാവൽ ദൂതന്മാരെ നിയമിച്ചിരിക്കുന്നു. കാവൽ മാലാഖമാർ ആരെ കാക്കുന്നുവോ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ഈ ചെറിയവരിൽ ഒരുത്തനെ തുഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവീൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു. (മത്തായി 18:10-11; സങ്കീ. 91:11-12).

മാലാഖമാർ പല അവസരത്തിൽ മനുഷ്യർക്കു വെളിപ്പെട്ടിട്ടുണ്ട്.

ഒമ്പതു വർഗ്ഗം ദൈവദൂതന്മാരുണ്ട്. ഓരോ വർഗ്ഗത്തിലും അസംഖ്യം ആത്മാക്കളും ഉണ്ട്.

1. മാലാഖമാർ (റോമാ. 8:38; മത്തായി 4:11; മർക്കോ. 8:38; ലൂക്കോ. 16:22; യോഹ. 20:12).

2. എബ്രായ. 12:22-16; ലൂക്കോ. 15:10

(റീശന്വോസന്മാർ)

ശുൽത്തോനന്മാർ (റോമ. 8:38; എപ്പെസി. 1:12; എഫെസി 3:10; കൊലോസി 1:16, 2:10).

9. ഹൈലെന്മാർ (ഹൈലാവോസന്മാർ) (റോമ. 8:38; എഫെസി 1:21).

3. ക്രൂബേന്മാർ (ഉല്പത്തി 3:24; ഹസ്കിയേൽ 10:16,19)

4. സ്രോപ്പേന്മാർ (ഏശായാ 6:2,6)

അർക്ക്വോസേന്മാർ (എപ്പെസി 1:21; 3:10; കൊലേസി 2:10)

മോറാവോസേന്മാർ (എപ്പെസി 1:21; കൊലോസി 1:16)

5. മൌത്ത്ബേന്മാർ (കൊലൊസി 1:16)

മ്ലേഛാത്മാക്കൾ വീണുപോയ മാലാഖമാരാകുന്നു. (യൂദാ. 6) അവർ ദൈവത്തിനു വിരോധമായി യുദ്ധം ചെയ്യുന്നു. നമ്മെ പാപത്തിൽ നടത്തുവാൻ ശ്രമിക്കുന്നു. നാം അവരോടു യുദ്ധം ചെയ്യണം. നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല. വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രെ (എഫെസി 6:12).

വിശുദ്ധ വേദത്തിൽ ചില ദൂതന്മാരുടെ പേരുകൾ കാണുന്നു.

ഗബ്രിയേൽ (ദാനി. 9:16, 9:21; വി. ലൂക്കോ. 1:19,26)

മിഖായേൽ (ദാനി. 10:13, 21; 12:1; യൂദാ. 9; വെളിപാടു 12:7)

റഫായേൽ (തോവീദ് 8:2; 15:15)

ഊറിയേൽ (2 എസ്ദ്രാസു 5:29)

മിഖായേലിന്റെയും ഗബ്രിയേലിന്റെയും ബഹുമാനത്തിനായി സഭയിൽ പെരുനാൾ ആചരിക്കുന്നുണ്ട്. പൗരസ്ത്യസഭ വൃശ്ചികം 8-ാം തീയതിയും പാശ്ചാത്യസഭ കന്നി 29-ാം തീയതിയും മിഖായേലിന്റെ പെരുനാൾ ആചരിക്കുന്നു. യാക്കോബ് ദർശനത്തിൽ ഒരു “ഗോവേണി” കണ്ടു. അതു മനുഷ്യനായിത്തീർന്ന ദൈവമായ യേശു ആകുന്നു. ഈ ഗോവേണി ആകാശത്തിൽനിന്നു ഭൂമിയിലേക്കു വയ്ക്കപ്പെട്ടിരുന്നതിനാൽ ഈ ഗോവേണി വഴിയായി ദൈവത്തിന്റെ മാലാഖമാർ ഇറങ്ങുകയും കയറുകയും ചെയ്യും എന്നു കർത്താവു നഥാനിയേലിനോടു

കല്പിച്ചു. (വി. യോഹന്നാൻ 1:51) പഴയനിയമകാലത്തു വളരെ ചുരുക്കമായും അസാധാരണ സന്ദർഭങ്ങളിലും മാലാഖമാർ വന്നിട്ടുണ്ട്.

എന്നാൽ കർത്താവിന്റെ മനുഷ്യാവതാരം മൂലം അവർക്ക് എപ്പോഴും ഭൂമിയിൽ ഇറങ്ങുകയും ആകാശത്തിലേക്കു കയറുകയും ചെയ്യുവാൻ സാധിക്കുന്നു. കർത്താവു ജനിച്ചപ്പോൾ ഒരു മാലാഖ ആട്ടിടയരെ സുവിശേഷമറിയിച്ചു. (വി. ലൂക്കോ. 2:2-13) മാലാഖമാർ സ്തോത്രം പാടി ആ സ്തോത്രം എന്ത്? "അത്യുന്നതങ്ങളിൽ ദൈവത്തിന്നു മഹത്വം, ഭൂമിയിൽ സമാധാനം മനുഷ്യർക്കു സംപ്രീതി" (വി. ലൂക്കോ. 2:15).

കർത്താവു പരീക്ഷിക്കപ്പെട്ടപ്പോൾ മാലാഖമാർ അവനെ ശുശ്രൂഷിച്ചു. (വി. മത്താ. 4:11; വി. മർക്കോ. 1:13) കർത്താവു ഗത്സ്മെന തോട്ടത്തിൽ അതിവേദനപ്പെട്ടപ്പോൾ മാലാഖ അങ്ങെ ആശ്വസിപ്പിച്ചു. (ലൂക്കോ. 22:43) കർത്താവിന്റെ കബറിൽ തിരുശരീരത്തിനു മാലാഖമാർ കാവൽ കാത്തു. (വി. യോഹന്നാൻ 20:12) ഉയിർത്തെഴുനേല്പിനെ മാലാഖ സുവിശേഷിച്ചു. (മത്തായി 28:5) കർത്താവിന്റെ സ്വർഗ്ഗാരോഹണസമയത്തു അങ്ങെ മാലാഖമാർ നമസ്ക്കരിച്ചു. ശിഷ്യന്മാരെ ആശ്വസിപ്പിച്ചു. (അപ്പേ. പ്രവ. 1:10-11) പെന്തിക്കുസ്തിയിൽ വിശുദ്ധ സഭയെ സൃഷ്ടിച്ചു കഴിഞ്ഞതിന്റെ ശേഷം മാലാഖമാർ സഭയിലും സഭയ്ക്കു വേണ്ടിയും വേല ചെയ്യുന്നു. (അപ്പോ. പ്രവ. 10:7-22; 11:3; 12:8; 10 : 11-15) ഭക്തൻ മരിക്കുമ്പോൾ മാലാഖമാർ ആ ആത്മാവിനെ പറുദീസായിലേക്കു കൊണ്ടുപോകുന്നു. (വി. ലൂക്കോ. 16:22) കർത്താവിന്റെ രണ്ടാമത്തെ എഴുന്നള്ളത്തുങ്കൽ വിശുദ്ധ മാലാഖമാരോടു കൂടെ താൻ വരും (വി. മത്താ. 25:31).

ഇക്കാലത്തു മനുഷ്യർ കേവലം പ്രാപഞ്ചികവും സ്തൂലവും ആയ കാര്യങ്ങളിൽ അധികം ശ്രദ്ധ പതിക്കുന്നു. ആത്മീയവും സൂക്ഷ്മവും ആയ വിഷയത്തിൽ ശ്രദ്ധ പതിക്കുന്നില്ല. മാലാഖമാർ ഉണ്ടെന്നും ഓരോരുത്തനെയും കാക്കുന്നു എന്നും, മാലാഖമാർ നമ്മുടെ വളർച്ചയിൽ സന്തോഷിക്കുന്നു എന്നും, മാലാഖമാരുടെ പ്രാർത്ഥന നമ്മെ സഹായിക്കുന്നു എന്നും നമ്മുടെ കർത്താവു പഠിപ്പിച്ചിരിക്കുന്നു. വിശുദ്ധ സഭ അങ്ങനെ വിശ്വസിക്കുന്നു.

ദൈവദൂതന്മാർ ദൈവത്തെ സ്തുതിക്കുന്നതിനു സർവ്വസാധാരണമായി ഉപയോഗിക്കുന്ന മൂന്നു കീർത്തനങ്ങൾ വേദത്തിൽ കാണുന്നു.

1. മാലാഖമാരുടെ സ്തുതി. ഹാലേലുയ്യ ഹാലേലുയ്യാ ഹാലേലുയ്യാ (ദൈവമേ നിനക്കു വന്ദനം).

2. സ്രോപ്പേന്മാരുടെ സ്തുതി:-ആകാശവും ഭൂമിയും തന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, ഉയരങ്ങളിൽ സ്തുതി. (ഏശായ 6:2-4) ദൈവമേ നീ ശുദ്ധമുള്ളവനാകുന്നു ഇത്യാദി കൌമാ ഈ സ്തോത്ര വചനത്തിന്റെ വ്യാഖ്യാനം ആണെന്നു പറയാം. ഈ കൌമാ നമസ്കരിക്കുമ്പോൾ നാം സ്രോപ്പന്മാരുടെ സമൂഹത്തിൽ ചേർന്നു അവരോടൊരുമിച്ചു  നമസ്ക്കരിക്കണം.

3. ക്രോബേന്മാരുടെ സ്തുതി:-കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു (ഹസ്ക്കിയേൽ 3:12).

*തന്റെ ഇടത്തിൽ നിന്നു കർത്താവിന്റെ ബഹുമാനം ഇത്യാദി കൌമാ ചൊല്ലി നമസ്ക്കരിക്കുമ്പോൾ നാം ക്രോബേന്മാരൊടൊരുമിച്ചു ദൈവത്തെ  നമസ്ക്കരിക്കയാകുന്നു.

# അദ്ധ്യായം-14

വിശുദ്ധസഭ സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഓർമ്മയെ ഒന്നായി ആചരിക്കയും ബഹുമാനിക്കയും ചെയ്യുന്നത് വൃശ്ചികം 1-ാം തീയതി ആകുന്നു. സകല രക്തസാക്ഷികളുടെയും മൌദ്യാനന്മാരുടെയും (കർത്താവിനെപ്രതി പീഡയനുഭവിച്ചവർ) പേരിനാൽ മേടം 13-ാം തീയതിയും സകല പരിശുദ്ധന്മാരുടെ പെരുനാൾ മൂന്നുനോമ്പു കഴിഞ്ഞുവരുന്ന ഒന്നാമത്തെ ഞായറാഴ്ചയും, വിശ്വാസികളായ സകല പരേതന്മാരുടെയും പെരുനാൾ മൂന്നുനോമ്പ് കഴിഞ്ഞു വരുന്ന രണ്ടാമത്തെ ഞായറാഴ്ചയും ആചരിക്കുന്നു. മിഥുനം 30-ാം തീയതി പന്ത്രണ്ടു അപ്പോസ്തന്മാരുടെയും പെന്തിക്കുസ്തി കഴിഞ്ഞു വരുന്ന ആദ്യത്തെ വെള്ളിയാഴ്ച സകല ശ്ലീഹന്മാരുടെയും പെരുനാളാകുന്നു. പെന്തിക്കുസ്തി കഴിഞ്ഞു ആദ്യം വരുന്ന ബുധനാഴ്ച കർത്താവിന്റെ സഹോദരനും യരുശലേമിന്റെ ഒന്നാമത്തെ എപ്പിസ്ക്കോപ്പായും ആയ മാർ യാക്കോബ് ആദ്യം വിശുദ്ധ കുർബ്ബാന അണച്ച പെരുനാളാകുന്നു. സന്യാസാശ്രമപദങ്ങൾ സ്ഥാപിച്ചവരും സന്യാസിശ്രേഷ്ഠന്മാരും ആയ പിതാക്കന്മാരുടെ പെരുനാൾ കുംഭം 3-ാം തീയതിയാകുന്നു. വിശുദ്ധ സഭയിലെ സകല പരിശുദ്ധ മല്പാന്മാരുടെയും പെരുനാൾ മകരം 1-ാം തീയതിയാകുന്നു.

ദൈവമാതാവിന്റെ ബഹുമാനത്തിനായി അഞ്ചു പെരുനാളുകൾ ആചരിച്ചുവരുന്നു. (1) ദൈവമാതാവിന്റെ ജനനം-കന്നി 9-ാം തീയതിയും, (2) ദൈവമാതാവിന്റെ "പുകഴ്ച" മഹത്വീകരണം ധനു 26-ാം തീയതിയും, (3) ദൈവമാതാവിന്റെ "വാങ്ങിപ്പ്" ചിങ്ങം 15-ാം തീയതിയും ആചരിക്കുന്നു. (4) വിതകാലത്തു വിത്തുകൾ അനുഗ്രഹിക്കപ്പെടുന്നതിനായി ദൈവമാതാവിനോടു അപേക്ഷിക്കുന്നതിനായി മകരം 15-ാം തീയതിയും, (5) കൊയ്ത്തുകാലത്ത് കതിരുകൾ അനുഗ്രഹിക്കപ്പെടുന്നതിനു ഇടവം 15-ാം തീയതിയും ഇങ്ങനെ അഞ്ചുപെരുനാളുകൾ ഉണ്ട്.

ദൈവമാതാവിനോടു മലാഖാ കർത്താവിന്റെ ജനനത്തെപ്പറ്റി സുവിശേഷിച്ചതിനെക്കുറിച്ചുള്ള പെരുനാൾ ദൈവമാതാവിന്റെ ബഹുമാനത്തിന്നുള്ള പെരുനാളല്ല, കർത്താവിന്റെ മഹത്വത്തിനായുള്ള പെരുനാളാകുന്നു. ഈ പെരുനാൾ രണ്ടു തീയതികളിൽ ആചരിക്കുന്നുണ്ട്. കർത്താവിനെ കന്യകമറിയം പ്രസവിച്ച ദിവസമായ ധനു 25-ാം തീയതിക്കു മുമ്പു കർത്താവിന്റെ ഗർഭോല്പാദനദിവസമായ മീനം 25-ാം തീയതിയും കൂദോശ്ഈത്തോ മുതൽ ആരംഭിക്കുന്ന ക്രൈസ്തവസംവത്സരത്തിൽ നാലാം ഞായറാഴ്ചയും ആചരിക്കുന്നു. ദൈവമാതാവു ശിശുവായ യേശുതമ്പുരാനെ പ്രസവിച്ചശേഷം 40-ാം ദിവസം അങ്ങെ യരുശലേം ദേവാലയത്തിൽ കാഴ്ചവെച്ച പെരുനാൾ ദൈവമാതാവിന്റെ ബഹുമാനത്തിനായി കഴിക്കുന്നതല്ല, കർത്താവിന്റെ മഹത്വത്തിനായി ആചരിക്കുന്നതാണ്. യോഹന്നാൻ മാംദാനയുടെ ജനനദിവസമായി കൂദോശ് ഈത്തോ കഴിഞ്ഞു ആറാം ഞായറാഴ്ചയും, ശിരച്ഛേദനം കുംഭം 7-ാം തീയതിയും പെരുനാൾ ആചരിക്കുന്നു. രക്തസാക്ഷികൾ സഹദേന്മാർ ആദിയായ വിശുദ്ധന്മാരുടെ മരണദിവസം ദുഃഖസൂചകമായി നോമ്പു ദിവസമായി തിരുസഭ ഗണിക്കുന്നില്ല. അവർ ജയകിരീടം പ്രാപിച്ച സന്തോഷദിവസമായി പെരുനാളായി ആചരിക്കുന്നു.

# അദ്ധ്യായം-15

മകരം 1* എ. ക്രിസ്ത്യാനികളുടെ രാഷ്ട്രീയ സംവത്സരാരംഭം

ബി. കർത്താവിന്റെ ചേലാകർമ്മം (വിശുദ്ധ ലൂക്കൊസു 2:21)

സി.മാർ ബസ്സേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും സത്യവിശ്വാസികളായ സകല മല്പാന്മാരുടെയും ഓർമ്മ.

* * * 6. ദനഹാ (ഉദയം) കർത്താവിന്റെ മാമോദീസാ (മത്തായി 13:16)

7. മാർ യോഹന്നാൻ മാംദാനയുടെ ശിരഛേദനനാൾ (മത്തായി 14:10)

8. വിശുദ്ധസഭ സ്ഥാപിക്കപ്പെട്ടശേഷം ഒന്നാമത്തെ രക്തസാക്ഷിയും ശെമ്മാശന്മാരിൽ ഒന്നാമനും ആയ മാർ സ്തേപ്പാനോസിന്റെ ഓർമ്മ (അപ്പോ. പ്രവ. 7:58)

* 15. വിത്തുകളെ പ്രതി ദൈവമാതാവിന്റെ പെരുനാൾ.

18. കന്യകയും രക്തസാക്ഷിയുമായ പ്രിസ്കാ. ക്രിസ്താബ്ദം 275. മാർ അന്തൊനിയൊസ്.

കുംഭം***2. കർത്താവിനെ ദേവാലയത്തിൽ കാഴ്ചവെച്ച ദിവസം മായൽത്താ (വിശുദ്ധ ലൂക്കോ. 2:22-)

3. മാർ അന്തൊനിയൊസു, മാർ ശെമഊൻദെസ്തുനി മുതലായ സകല സന്യാസാശ്രമപദസ്ഥാപകന്മാരുടെയും സന്യാസി ശ്രേഷ്ഠന്മാരുടെയും ദിനം.

മീനം***25. മാലാഖ കന്യകമറിയാമ്മിനു കർത്താവിന്റെ ജനനത്തെപ്പറ്റി സുവിശേഷിച്ച ദിവസം. (സൂബാറാ-വചനിപ്പ്)

മേടം 13. സകല മൗദ്യാനന്മാരുടെയും (കർത്താവിനെ പ്രതി പീഡയനുഭവിച്ചവർ) ഓർമ്മ.

20. ഇൻഡ്യയിലെ ഒന്നാമത്തെ പൗരസ്ത്യ കാതോലിക്കാ മോറാൻ മാർ പൗലോസു ബെസേലിയോസ്.

23. മാർ ഗീവറുഗീസു സഹദായുടെ ഓർമ്മ (നാലാം ശത വർഷ ത്തിന്റെ ആദ്യകാലത്തു ഡയൊക്ലിഷൻകൈസർ ഭരിക്കു മ്പോൾ റോമാപട്ടാളത്തിൽ ഒരു ഭടനായിരുന്നു. ജന്മഭൂമി കപ്പദോക്യാ, രക്തസാക്ഷിയായി മരിച്ചു.)

25. വി. മർക്കോസ്. ഏവൻഗേലിസ്തായും രക്തസാക്ഷിയും.

ഇടവം 8. യോഹന്നാൻ ഏവൻഗേലിസ്താ. (ശ്ലീഹാ)

* 15. കതിരുകളെപ്രതി ദൈവമാതാവിന്റെ പെരുനാൾ.

മിഥുനം 1. മാർ പത്രോസും മാർ യോഹന്നാനും മുടന്തനെ സൗഖ്യമാക്കിയ പെരുനാൾ.

15. ദൈവമാതാവിന്റെ നാമത്തിൽ അന്ത്യോഖ്യായിൽ ആദ്യം പള്ളി പണിയിച്ച പെരുനാൾ.

16. ശ്ലീഹാനോമ്പു (13 ദിവസത്തേതു) ആരംഭം.

24. മാർ യോഹന്നാൻ മാംദാനയുടെ ജനനം.

25. പെബ്രൂനിയാ എന്ന രക്തസാക്ഷി സ്ത്രീയുടെ ഓർമ്മ.

** 29. മാർ പത്രോസിന്റെയും മാർ പൗലോസിന്റെയും ഓർമ്മ.

30. പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മ.

കർക്കടകം3. മാർതോമ്മാ ശ്ലീഹായുടെ ഓർമ്മ (തിരുശേഷിപ്പുകൾ ഉറഹായിലേക്കു കൊണ്ടുപോയത്.)

15. മാർ കുറിയാക്കോസു സഹദായുടെയും മാതാവായ യൂലിത്തിയുടെയും ഓർമ്മ.

20. എ. ഏലിയാ നിബിയാ മേഘത്തിൽ കരേറിയ പെരുനാൾ.

ബി. പിസിദ്യായിലെ അന്ത്യോഖ്യയിൽ രക്തസാക്ഷിയായി മരിച്ച കന്യക മാർഗറീത്തായുടെ ഓർമ്മ (ക്രിസ്താബ്ദം 278).

22. മറിയം മഗ്ദലൈത്തായുടെ ഓർമ്മ.

ചിങ്ങം 1. എ. മർത്തശ്മൂനിയുടെയും ഏഴു മക്കളുടെയും ആചാര്യനായ ഏലിയാസാറിന്റെയും ഓർമ്മ (മക്കാബി)

ബി. പതിനഞ്ചു നോമ്പാരംഭം

**6. താബൊർ മലയിൽവച്ചു കർത്താവിന്റെ രൂപാന്തരം. "തുർ തോബ്ബൂർ" എന്നും "കൂടാരപ്പെരുനാൾ" എന്നും (മത്താ. 17) ഇതിനു പേരു പറയാറുണ്ട്.

**15. ദൈവമാതാവിന്റെ "വാങ്ങിപ്പ്" (വിയോഗം-ശുനൊയൊ)

കന്നി 1. എട്ടുനോമ്പാരംഭം (കന്യകമാർ ഈ നോമ്പു ആചരിക്കുന്നു)

* 8. ദൈവമാതാവിന്റെ ജനനം.

** 14. സ്ലീബാപെരുനാൾ.

21. മാർ മത്തായി ശ്ലീഹാ ഏവൻഗേലിസ്തായും രക്തസാക്ഷി യും.

26. മാർ കുപ്രിയാനൊസു (കാർത്തജീനായിലെ റീശ് എപ്പി സ്കോപ്പായും രക്തസാക്ഷിയും ക്രിസ്താബ്ദം 258)

തുലാം 1. മാർ ആദായി ശ്ലീഹാ.

18. മാർ ലൂക്കോസു ഏവൻഗേലിസ്താ.

20. മാർ ഗ്രീഗോറിയോസു പെരുനാൾ.

വൃശ്ചികം 1. സകല വിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും ഓർമ്മ.

2. സകല മരിച്ചുപോയവരുടെയും ഓർമ്മ.

8. മാർ മീഖായേലിന്റെയും മാർ ഗബ്രിയേലിന്റെയും സകല ദൈവദൂതന്മാരുടെയും ഓർമ്മ.

23. മാർ ക്ലിമ്മിസിന്റെ ഓർമ്മ (റോമിലെ എപ്പിസ്കോപ്പായും രക്തസാക്ഷിയും. (ക്രിസ്താബ്ദം 100)

25. അലക്സാന്ത്രിയായിൽ രക്തസാക്ഷിയായി മരിച്ച കന്യക യായ കാതറിന്റെ ഓർമ്മ.

ധനു 1. ഇരുപഞ്ചു നോമ്പു ആരംഭം

6. നിഖ്യാസുന്നഹദോസിലെ 318 ബാവാന്മാരുടെ ഓർമ്മ.

21. മാർതോമ്മാ ശ്ലീഹായുടെ ഓർമ്മ (രക്തസാക്ഷിമരണം)

**** 25. കർത്താവിന്റെ ജനന (യൽദാ) പ്പെരുനാൾ.

26. ദൈവമാതാവിന്റെ പുകഴ്ച.

26. കർത്താവിനെപ്രതി കൊല്ലപ്പെട്ട ശിശുക്കളുടെ ഓർമ്മ.

# അദ്ധ്യായം-16

ക്രിസ്ത്യാനികൾക്കു രാഷ്ട്രീയ സംവത്സരം ആരംഭിക്കുന്നതു മകരം 1-ാം തീയതി ആകുന്നു. എന്നാൽ സഭാസംവത്സരം തുലാമാസത്തിലെ അഥവാ ശരദ്വിഷ്ഠു കഴിഞ്ഞുവരുന്ന ആദ്യത്തെ ഞായറാഴ്ച സഭാസംവത്സരം ആരംഭിക്കണമെന്നാണ് വിചാരിക്കുന്നത്. തുലാമാസം മുപ്പതാം തീയതിയോ മുപ്പത്തൊന്നാം തീയതിയോ ഞായറാഴ്ച വന്നാൽ അന്നും, അല്ലാത്തപക്ഷം വൃശ്ചികമാസത്തിൽ ആദ്യം വരുന്ന ഞായറാഴ്ച സഭാസംവത്സരത്തിന്റെ ആരംഭ ദിവസമായ "കൂദശ്ഈത്തൊ" (സഭയുടെ ശുദ്ധീകരണം) ഞായറാഴ്ച യായിരിക്കണമെന്നു ചട്ടപ്പെടുത്തിയിരിക്കുന്നു. യഹൂദന്മാർ മിസ്രയിമിൽ നിന്നു പുറപ്പെടുന്നതിനുമുമ്പു അവരും മറ്റു പുരാതന സമുദായങ്ങളും സംവത്സരം ആരംഭിച്ചുവന്നതു തുലാവിഷ്ഠവോടു കൂടിയായിരുന്നു. ആഴ്ചയിൽ ഒന്നാം ദിവസവും സഭാസംവത്സരത്തിൽ ഒന്നാം ദിവസവും ഞായറാഴ്ചയാണ്. സഭാസംവത്സരത്തിൽ ഒന്നാമത്തെ ഞായറാഴ്ച മുതൽ മനുഷ്യവർഗ്ഗത്തിന്റെ ഉദ്ധാരണാർത്ഥം ക്രിസ്തീയസഭയുടെ സ്ഥാപനവും രൂപീകരണവും സംബന്ധിച്ചു നമ്മുടെ കർത്താവു മനുഷ്യാവതാരത്തിൽ ചെയ്തിട്ടുള്ള രക്ഷാകരമായ നടപടികളുടെ വളർച്ചയെ ലക്ഷ്യപ്പെടുത്തുന്നു.

അനിശ്ചിതോത്സവങ്ങൾ എന്നാൽ എന്ത്? സൂര്യസംവത്സരത്തിന്റെ കണക്കനുസരിച്ചു ഇന്നമാസം ഇത്രാം തീയതി ഇന്ന പെരുനാളാചരിക്കണമെന്നു ക്ലിപ്തപ്പെടുത്തിയിട്ടുള്ള പെരുനാളുകൾക്കു നിശ്ചിതോത്സവങ്ങൾ എന്നു പറയുന്നു. ഈ വകുപ്പിൽ ഉൾപ്പെടാത്ത പെരുനാളുകൾക്കു അനിശ്ചിതോത്സവങ്ങൾ എന്നു പറയുന്നു.

കർത്താവിന്റെ ഗർഭോല്പാദനം, ജനനം, ചേലാകർമ്മം, ദേവാലയപ്രവേശം, മാമോദീസാ, രൂപാന്തരം ആദിയായ പെരുനാളുകൾ നിശ്ചിതോത്സവങ്ങളാകുന്നു. എന്നാൽ കർത്താവിന്റെ കഷ്ടാനുഭവം, മരണം, ഉയർത്തെഴുനേല്പു, സ്വർഗ്ഗാരോഹണം, പെന്തിക്കുസ്തി-മുതലായ പെരുനാളുകൾ അനിശ്ചിതോത്സവങ്ങളാകുന്നു. മേടമാസത്തിലെ വിഷ്ഠു കഴിഞ്ഞു ആദ്യംവരുന്ന പൗർണ്ണമാസി കഴിഞ്ഞുള്ള ഞായറാഴ്ച

നമ്മുടെ കർത്താവിന്റെ ഉയിർപ്പ് (ക്യംതാ) പെരുനാളായിരിക്കണമെന്നു സഭ കല്പിച്ചിരിക്കുന്നു. ഇതുകണ്ടുപിടിക്കുന്നതിനുള്ള കണക്കു “മിറ്റോൻ ചന്ദ്രയുഗം” അടിസ്ഥാനമാക്കി എവുസേബിയോസു എന്ന ശാസ്ത്രജ്ഞൻ ഉണ്ടാക്കിയിരിക്കുന്നു. അതിന്റെ പേരു “എവുസേബിയോസിന്റെ എപ്പകത്തി” എന്നാകുന്നു. ‘ക്യംതാ’ ഏതു ദിവസമാണെന്നു തീർച്ചപ്പെട്ടാൽ അതിനു 50 ദിവസം മുമ്പു “വലിയനോമ്പു” ആരംഭിക്കുന്നതും, അതിനു 21 ദിവസം മുമ്പു “മൂന്നുനോമ്പ്” ആരംഭിക്കുന്നതും ആകുന്നു. ക്യംതാ കഴിഞ്ഞു 40-ാം ദിവസം സ്വർഗ്ഗാരോഹണവും അതു കഴിഞ്ഞു പത്താം ദിവസം പെന്തിക്കുസ്തിയും ആകുന്നു. ഇവയ്ക്കും ഇവയെ സംബന്ധിച്ചുള്ള എല്ലാ പെരുനാളുകൾക്കും അനിശ്ചിതോത്സവങ്ങൾ എന്നു പറയുന്നു.

താഴെ കാണുന്ന അനിശ്ചിതോത്സവങ്ങളും സ്മരണീയങ്ങളാണ്.

1. മൂന്നു നോമ്പു വീടുന്ന വ്യാഴാഴ്ച സ്വർണ്ണനാവുള്ള മാർ ഈവാനിയോസിന്റെ ഓർമ്മ.

2. മൂന്നു നോമ്പു കഴിഞ്ഞു ആദ്യത്തെ ഞായറാഴ്ച സകല പട്ടക്കാരുടെയും ഓർമ്മ.

3. മൂന്നു നോമ്പു കഴിഞ്ഞു വരുന്ന രണ്ടാമത്തെ ഞായറാഴ്ച വിശ്വാസികളായ സകല പരിശുദ്ധന്മാരുടെയും ഓർമ്മ.

4. മൂന്നു നോമ്പു കഴിഞ്ഞു മൂന്നാം ഞായറാഴ്ച-വലിയ നോമ്പു ആരംഭിക്കുന്ന ഒന്നാം ഞായറാഴ്ചയാകുന്നു. കർത്താവു “കാനാ” (കൊത്തിനെ) നഗരത്തിൽവച്ചു വെള്ളം വീഞ്ഞാക്കി തീർത്തതിനെ ഓർക്കുന്നു. അതുകൊണ്ടു ഈ ദിവസത്തിനു “കൊത്തിനെ”-അഥവാ കൊത്തിനെ ഞായറാഴ്ച എന്നു പറയുന്നു (യോഹ. 2:1-11).

5. വലിയ നോമ്പു തുടങ്ങി ആദ്യം വരുന്ന ശനിയാഴ്ച മാർ അപ്രേമിന്റെ ഓർമ്മ.

6. വലിയ നോമ്പിൽ രണ്ടാം ഞായറാഴ്ച കർത്താവു രോഗിയെ സൗഖ്യമാക്കിയതിന്റെ ഓർമ്മ. ഈ ദിവസത്തിനു “ഗർബൊ” (കുഷ്ഠരോഗി) ഞായറാഴ്ച എന്നു പേർ (ലൂക്കോ. 5:12-16).

7. വലിയ നോമ്പിന്റെ മൂന്നാം ഞായറാഴ്ച കർത്താവു പക്ഷവാതക്കാരനെ സൗഖ്യമാക്കിയതിന്റെ ഓർമ്മ. ഈ ദിവസത്തിന്നു മ്ശറിയൊ (പക്ഷവാതക്കാരൻ) ഞായറാഴ്ച എന്നു പേർ (മർക്കോ. 2:1-12).

8. വലിയ നോമ്പിന്റെ നാലാമത്തെ ഞായറാഴ്ച കർത്താവു ക്നാനായക്കാരി സ്ത്രീയുടെ മകളുടെ ഭൂതോപദ്രവം നീക്കിയതിന്റെ ഓർമ്മ. ഈ ദിവസത്തിനു ക്നാനൈത്താ (ക്നാനായക്കാരി സ്ത്രീ) ഞായറാഴ്ച എന്നു പേർ (വി: മത്തായി 25:21-31).

9. വലിയ നോമ്പിന്റെ അഞ്ചാമത്തെ ഞായറാഴ്ച കർത്താവു കൂനിയായ സ്ത്രീയെ സൗഖ്യമാക്കിയതിന്റെ ഓർമ്മ. ഈ ദിവസത്തിന്നു "കാഫത്തൊ" (കൂനിയായ സ്ത്രീ) ഞായറാഴ്ച എന്നു പേർ (വി: ലൂക്കോ. 23:10-17).

10. വലിയ നോമ്പിൽ ആറാം ഞായറാഴ്ച കർത്താവു കുരുടനെ സൗഖ്യമാക്കിയതിന്റെ ഓർമ്മ. ഈ ദിവസത്തിന്നു "സമിയൊ" (കുരുടൻ) ഞായറാഴ്ച എന്നു പേർ.

11. വലിയ നോമ്പു തുടങ്ങി നാല്പതാം ദിവസം വെള്ളിയാഴ്ച കർത്താവിനെ സാത്താൻ പരീക്ഷിച്ചതിന്റെ ഓർമ്മ (വി: മത്തായി 4:1-11).

12. വലിയ നോമ്പിന്റെ നാല്പത്തൊന്നാം ദിവസം ശനിയാഴ്ച കർത്താവു ലാസറിനെ (ലൊാസാർ) ഉയിർപ്പിച്ചതിന്റെ ഓർമ്മ (യോഹ. 11:22-46).

13. വലിയ നോമ്പിൽ ഏഴാം ഞായറാഴ്ച കർത്താവിന്റെ ഊശാനാ. കുരുത്തോലകൾ പിടിച്ചുകൊണ്ടു പ്രദക്ഷിണം ചെയ്യുന്ന പതിവു നാലാം ശതവർഷത്തിലുണ്ടായിരുന്നതായി "സിൽവിയായുടെ തീർത്ഥയാത്ര" എന്ന പുസ്തകത്തിൽ കാണുന്നു. "ഊശാന"യുടെ ഓർമ്മ. (വി: ലൂക്കോ. 19:28-4; മത്തായി 21:1-22; മർക്കോ. 11:5-26; യോഹ. 12:12-19).

14. ഊശാന മുതലുള്ള ആറുദിവസങ്ങൾക്കു ഹാശാ (കഷ്ടാനുഭവം) ആഴ്ച എന്നും "ശാന്തിവാരം" "മൗനവാരം" എന്നും പറയുന്നു.

15. ഹാശാ തിങ്കളാഴ്ച യരുശലേമിലേക്കു പോകുംവഴി കർത്താവു അത്തിവൃക്ഷത്തെ ശപിച്ചു. രണ്ടാം പ്രാവശ്യവും ദൈവാലയത്തെ ശുദ്ധീകരിച്ചു, കച്ചവടക്കാരെ പുറത്താക്കി. കർത്താവിനെ കൊലപ്പെടുത്തുവാൻ പ്രധാനാചാര്യന്മാരും സപ്രെന്മാരും കൂടി ആലോചിച്ചു (വി. മർക്കോ. 11:12-20).

N.B.: സമിയൊ ഞായറാഴ്ച കഴിഞ്ഞുള്ള സന്ധ്യമുതൽ "ഊശാന"യുടെ ഒരുക്കം ആകുന്നു. ഈ ആഴ്ചയ്ക്കു "ഊശാനയാഴ്ച" എന്നു പേർ.

16. ഹാശാ ചൊവ്വാഴ്ച: കർത്താവു ദൈവാലയത്തിൽ പഠിപ്പിച്ചു ശത്രുക്കളുടെ ചോദ്യങ്ങൾക്കു ഉത്തരമരുളി. പല ഉപമകൾ അരുളി ച്ചെയ്തു. സപ്രെന്മാർക്കും പ്രീശെന്മാർക്കും "ഹാ കഷ്ടം" എന്നു പ്രസ്താ വിച്ചു. ശിഷ്യന്മാരോടൊരുമിച്ചു ഒലിവുമലമേൽ ഇരുന്നുകൊണ്ടു യരുശ ലേമിനെ നോക്കുകയും അതിന്റെ നാശത്തെക്കുറിച്ചു പ്രവചിക്കയും ചെയ്തു. (മർക്കോ. 11:20–33; 12:1–44; 13:1–37) പരസ്യശുശ്രൂഷയുടെ അവസാനദിവസം ഇന്നായിരുന്നു.

17. ഹാശാ ബുധനാഴ്ച: കർത്താവു സ്വസ്ഥതയെടുത്തു. കർത്താ വിനെ യൂദാസ്ക്കറിയൊത്ത് ഒറ്റിക്കൊടുക്കുമെന്നു പ്രവചിച്ചു. പ്രധാനാ ചാര്യന്മാരും യഹൂദായുംകൂടി മുപ്പതു വെള്ളിക്കാശു വില തീർച്ചയാക്കി.

18. പെസഹാ വ്യാഴാഴ്ച: കർത്താവു ശിഷ്യന്മാരോടുകൂടി പെസഹാ ഭക്ഷിപ്പാൻ ഒരുക്കണമെന്നു ശട്ടം കെട്ടി ഒരുക്കുന്നു. യഹൂദന്മാരും പൗര സ്ത്യസഭകളും ദിവസം ഗണിക്കുന്നതു സന്ധ്യമുതൽ സന്ധ്യവരെയാ കുന്നു. പെസഹാ വ്യാഴാഴ്ച അവസാനിച്ചു ദുഃഖവെള്ളിയാഴ്ച ആരം ഭിക്കുന്ന സന്ധ്യയിൽ കർത്താവു ശിഷ്യന്മാരോടുകൂടി പെസഹാ ഭക്ഷി ക്കയും വിശുദ്ധ കുർബ്ബാനയാകുന്ന "വലിയ പെസഹാ" സ്ഥാപിക്കയും ചെയ്തു. "എന്റെ ഓർമ്മയ്ക്കായി ഇതിനെ ചെയ്യണം" (യാഗം അർപ്പി ക്കണം) എന്നു കല്പിക്കയും ചെയ്തു. പെസഹാ വ്യാഴാഴ്ചയിൽ കുർബ്ബാന സ്ഥാപിച്ചപ്പോൾ കർത്താവു അപ്പത്തിലും വീഞ്ഞിലും തിരുശരീരരക്ത ങ്ങൾ അനുഭവിപ്പിച്ചു. "വിശ്വാസക്കണ്ണു"കൊണ്ടു ശിഷ്യന്മാർ കണ്ടു, വിശ്വസിച്ചു, ഭക്ഷിച്ചു, ആനന്ദിച്ചു. ഉയിർത്തെഴുനേല്പു കഴിഞ്ഞു നാല്താം ദിവസം വ്യാഴാഴ്ച (സ്വർഗ്ഗാരോഹണപ്പെരുനാൾ) കർത്താവു മനുഷ്യ ദൃഷ്ടിക്കു അദൃശ്യനായിതീർന്നു. സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തു ഭാഗത്തു എഴുന്നള്ളി എന്നു സമ്മതിക്കാൻ "വിശ്വാസം" വേണ്ടിവന്നു. സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തു ഭാഗത്തു എഴുന്നള്ളിയവൻ വിശുദ്ധ കുർബ്ബാനയിൽ അപ്പത്തിലും വീഞ്ഞിലും എഴുന്നള്ളിയിരിക്കുന്നു എന്നു സമ്മതിപ്പാനും 'വിശ്വാസം' വേണ്ടിവന്നു. "മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കയും രക്തം കുടിക്കയും ചെയ്യണം. എന്റെ ശരീരം സത്യമായ ഭക്ഷണം ആകുന്നു. എന്റെ രക്തം സത്യമായി പാനീയമാകുന്നു" എന്നുള്ള (യോഹ. 6:41–51) ഈ ഉപദേശം (ഇതു) നിങ്ങൾക്കു ഇടർച്ചയാകുന്നു വൊ? (മനുഷ്യപുത്രൻ മുമ്പെ ഇരുന്നേടത്തേക്കു കയറിപ്പോകുന്നതു

നിങ്ങൾ കണ്ടാലൊ? (യോഹ. 6:62) എന്നു കർത്താവു ശിഷ്യന്മാരോടു അരുളിച്ചെയ്തു. വി. കുർബ്ബാനയിൽ യേശുതമ്പുരാൻ യഥാർത്ഥത്തിൽ എഴുന്നള്ളുമെന്നും, വി. കുർബ്ബാന വഴിയായി തിരുശരീരവും തിരുരക്തവും അനുഭവിക്കണമെന്നും ഉള്ളതിലേക്കു തെളിവായി കർത്താവു കല്പിച്ചതു തന്റെ സ്വർഗ്ഗാരോഹണം ആകുന്നു.

പെസഹാ വ്യാഴാഴ്ച ദിവസം കർത്താവു ശിഷ്യന്മാരുടെ പാദങ്ങളെ കഴുകിയതിനെ അനുകരിച്ചു ഇപ്പോഴും ക്രിസ്തീയസഭയിൽ മേല്പട്ടക്കാർ പെസഹാദിവസം പന്ത്രണ്ടു ആളുകളുടെ പാദം കഴുകുന്ന ശുശ്രൂഷ നടത്തുന്നു. സന്യാസാശ്രമങ്ങളിൽ ആശ്രമാദ്ധ്യക്ഷന്മാർ നടത്തിത്തുടങ്ങിയതിനെ സഭയിൽ സ്വീകരിച്ചിട്ടുണ്ടായ നടപടിയാണ് ഇത്. സന്യാസാശ്രമങ്ങളിൽ മാത്രമല്ല ക്രിസ്ത്യാനി രാജാക്കന്മാരും ഇങ്ങനെ ചെയ്തുവന്നു. ഇപ്പോഴും പൗരസ്ത്യസഭയിലുള്ള ചില രാജാക്കന്മാർ പന്ത്രണ്ടു പുരുഷന്മാരുടെയും രാജ്ഞികൾ പന്ത്രണ്ടു സ്ത്രീകളുടെയും പാദങ്ങൾ കഴുകുന്ന ആചാരം നടപ്പുണ്ട്. കർത്താവിന്റെ ദൃഷ്ടാന്തത്തെ അനുകരിച്ച് സ്നേഹവും താഴ്മയും കാണിപ്പാനാണു ഇങ്ങനെ ചെയ്യുന്നത്.

1. പെസഹായുടെ പിറ്റേദിവസം ദുഃഖവെള്ളിയാഴ്ചയാണ്. ദുഃഖവെള്ളിയാഴ്ചത്തെ സംഭവങ്ങൾ ഏവ?

(എ) 1. ഗത്സമെൻ തോട്ടത്തിൽ.

ക്രൂശാരോഹണം സംബന്ധിച്ചുള്ള സംഭവങ്ങൾ ഏവ?

(ബി) 1. കർത്താവു ഗോഗുൽത്താമലയിൽ എത്തി (മത്താ. 27:32; മർക്കോ. 15:22; ലൂക്കോ. 23:13; യോഹ. 19:17).

2. കർത്താവിനു “കൈപ്പു കലക്കിയ വീഞ്ഞു” (മന്ദിപ്പിക്കാനുള്ളതു) കൊടുത്തു. താൻ അതു കുടിച്ചില്ല (മത്തായി 27:34; മർക്കോ. 15:23).

3. കർത്താവിനെ രണ്ടു കള്ളന്മാരുടെ മദ്ധ്യേ കുരിശിൽ തുറച്ചു (മത്താ. 27:35-38; മർക്കോ. 15:25-28; ലൂക്കോ. 23:33-38; യോഹ. 19:18-24).

4. ‘‘പിതാവെ......ഇവരോടു ക്ഷമിക്കണമെ’’ എന്നു ശബ്ദിച്ചു (ലൂക്കോ. 23:34).

5. പട്ടാളക്കാർ ചീട്ടിട്ടു കർത്താവിന്റെ വസ്ത്രം പകുത്തെടുത്തു (മത്താ. 27:35; മർക്കോ. 15:24; ലൂക്കോ. 23:34; യോഹ. 19:23).

6. യഹൂദന്മാർ കർത്താവിനെ പരിഹസിച്ചു (മത്താ. 27:39–44; മർക്കോ. 15:29–32; ലൂക്കോ. 23:35–38).

7. ഇരുവശവും ക്രൂശിക്കപ്പെട്ട കള്ളന്മാരും കർത്താവിനെ നിന്ദിച്ചു. ഒടുവിൽ അവരിൽ ഒരുവൻ (വലത്തുഭാഗത്തുള്ളവൻ) അനുതപിച്ചു (മത്താ. 25:44; മർക്കോ. 15:32; ലൂക്കോ. 23:39–43).

8. കുരിശിന്മേൽ കിടന്നുകൊണ്ടു രണ്ടാമത്തെ വചനം "നീ ഇന്നു എന്നോടുകൂടെ പറുദീസായിൽ ഇരിക്കും" (ലൂക്കോ. 23:43).

9. മൂന്നാമത്തെ വചനം "സ്ത്രീയെ ഇതാ നിന്റെ മകൻ" (യോഹ. 19:26–27).

10. അന്ധകാരം ഉണ്ടായി (മത്താ. 27:45; മർക്കോ. 15:33; ലൂക്കോ. 23:44).

11. നാലാമത്തെ വചനം "എന്റെ ദൈവമെ എന്റെ ദൈവമെ" (മത്താ. 27:46–47; മർക്കോ. 15:34–36).

12. അഞ്ചാമത്തെ വചനം "ഇനിക്കു ദാഹിക്കുന്നു" (യോഹ. 19:28).

13. ആറാമത്തെ വചനം "നിവൃത്തിയായി" (യോഹ. 19:30).

14. ഏഴാമത്തെ വചനം "പിതാവേ നിന്റെ തൃക്കയ്യിൽ ഞാൻ എന്റെ ജീവനെ ഭരമേല്പിക്കുന്നു" (ലൂക്കോ. 23:46).

15. കർത്താവു സ്വമനസ്സാലെ പ്രാണനെ വിട്ടു (മത്താ. 27:50; മർക്കോ. 15:37; ലൂക്കോ. 23:46; യോഹ. 19:30; യോഹ. 10:18).

16. ദൈവാലയത്തിലെ തിരശ്ശീല ചീന്തിപ്പോകയും വേറെ അത്ഭുതങ്ങൾ ഉണ്ടാകുയും ചെയ്തു (മത്താ. 27:51–56).

17. കർത്താവിന്റെ ശവസംസ്ക്കാരം (മത്താ. 27:57–60).

18. കർത്താവിനെ സ്നേഹിച്ച സ്ത്രീകൾ കബറുങ്കൽ കാത്തു നില്ക്കുന്നു (മത്താ. 27:61).

ദുഃഖവെള്ളിയാഴ്ച വി. കുർബ്ബാന ചൊല്ലുക പതിവില്ല.

19. ദുഃഖവെള്ളിയാഴ്ചയുടെ പിറ്റേദിവസം ദുഃഖശനിയാഴ്ചയാകുന്നു. ഈ ദിവസത്തിനു സ്വസ്ഥതയുള്ള ശനിയാഴ്ച (കർത്താവു പാതാളത്തിൽ സുവിശേഷിച്ചതുകൊണ്ട്) സുവിശേഷശാബത്തു, ശാന്തിശാബത്തു എന്നിങ്ങനെ പറയുന്നു.

ദുഃഖശനിയാഴ്ച  കർത്താവിന്റെ ശരീരം കബറിൽ ആയിരുന്നു. തന്റെ ആത്മാവു പാതാളത്തിൽ പോയി പ്രസംഗിച്ചു. പാതാളത്തിൽ ബന്ധിക്കപ്പെട്ടിരുന്ന ആത്മാക്കളെ പുറപ്പെടുവിച്ച്, പറുദീസായിലേക്കു കൊണ്ടുപോയി. അന്നുമുതൽ ഉയിർപ്പുവരെയും കർത്താവിന്റെ ആത്മാവു പറുദീസായിൽ ആയിരുന്നു. ഉയിർപ്പുമുതൽ സ്വർഗ്ഗാരോഹണംവരെയും കർത്താവു ശരീരത്തോടും ആത്മാവിനോടുംകൂടി പറുദീസായിൽ പാർത്തു. ഇങ്ങനെ പറുദീസായിൽ പാർക്കുന്ന കാലത്തു പല അവസരങ്ങളിലും ശിഷ്യന്മാർക്കും വിശ്വാസികൾക്കും കർത്താവു പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

20. ക്യംതാ ഉയിർപ്പ് ഞായറാഴ്ച കർത്താവു ഉയർത്തെഴുന്നേറ്റതിന്റെ ഓർമ്മ. ഉയിർത്തെഴുനേല്പിന്റെ ശേഷം കർത്താവു അനേക പ്രാവശ്യം കാണപ്പെട്ടിട്ടുണ്ട്. അവയിൽ ചിലതിനെ രേഖപ്പെടുത്തിയിട്ടുണ്ട്. അവ താഴെ കാണുന്ന പ്രകാരമാണ്.

(എ) ഉയിർത്തെഴുനേറ്റ ദിവസം

1. കർത്താവു മറിയം മഗ്ദലൈത്തായിക്കു കാണപ്പെട്ടു (യോഹ. 20:14-18).

2. മാലാഖയുടെ സന്ദേശവുംകൊണ്ട് കബറുങ്കൽനിന്നു മടങ്ങിവരുന്ന സ്ത്രീകൾക്കു കാണപ്പെട്ടു (മത്താ. 28:8-10).

3. പത്രോസുശ്ലീഹായിക്കു (ഉച്ച കഴിഞ്ഞായിരിക്കാം) കാണപ്പെട്ടു (ലൂക്കോ. 24:34; 1 കോറി. 1:5).

4. എമ്മാവുസിലേക്കു പോയ ശിഷ്യന്മാർക്കു- (സന്ധ്യയോടടുത്തായിരിക്കാം) (ലൂക്കോ. 24:34; 1 കോറി. 1:5).

5. തോമ്മാ ഒഴിച്ചുള്ള ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ടു (ലൂക്കോ. 24:36-13; യോഹ. 20:19-24).

(ബി) ഉയിർപ്പുകഴിഞ്ഞു എട്ടാംദിവസം പുതിയ ഞായറാഴ്ച തോമാ കൂടെയുള്ളപ്പോൾ ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ടു (യോഹ. 20:24-29).

(സി) ഗലീലിയായിൽവച്ചു.

1. തിബെറിയോസു കടലിങ്കൽ ഏഴുപേർക്കു കാണപ്പെട്ടു (യോഹ. 21:1-33).

2. ഒരു മലയിൽവച്ചു; അപ്പൊസ്തലന്മാർക്കും അഞ്ഞൂറു സഹോദരന്മാർക്കും കൂടി കാണപ്പെട്ടു (1 കോറി. 14:16).

(ഡി) യരുശലേമിലും ബഥനിയിലും വീണ്ടും.

1. യാക്കോബിനു കാണപ്പെട്ടു (1 കോറി. 15:7).

2. പതിനൊന്നു ശിഷ്യന്മാർക്കു (മത്താ. 28:16–20; മർക്കോ. 56:14–20; ലൂക്കോ. 25:33–53; അപ്പോ. പ്രവ. 13:12).

(ഇ) പൗലോസിനു കാണപ്പെട്ടു.

1. ദമസ്കൊസിനു സമീപെവച്ചു (അപ്പോ.പ്രവ. 9:3–6; 1 കൊറി. 15:8).

2. ദൈവാലയത്തിൽവച്ചു (അപ്പോ. പ്രവ. 22:17–21; 23:11)

(എഫ്) സ്തേപ്പാനോസിനു കാണപ്പെട്ടു. യരുശലേമിനു പുറത്തു വച്ചു (അപ്പോ.പ്രവ. 7:55).

(ജി) യോഹന്നാനു പത്തെമോസിൽവച്ചു കാണപ്പെട്ടു (വെളിപാടു 1:10–19).

21. ക്യംതാ കഴിഞ്ഞു ഒന്നാം ഞായറാഴ്ച വലിയ ഞായറാഴ്ച.

22. ക്യംതാ കഴിഞ്ഞു നാല്പതാം വ്യാഴാഴ്ച സ്വർഗ്ഗാരോഹണ പ്പെരുനാൾ.

23. സ്വർഗ്ഗാരോഹണം മുതൽ പത്തു ദിവസത്തേക്കു ശിഷ്യന്മാർ ഭജനം അനുഷ്ഠിച്ചു.

24. സ്വർഗ്ഗാരോഹണം കഴിഞ്ഞു പത്താംദിവസം ഞായറാഴ്ച പെന്തിക്കുസ്തി (അപ്പോ. പ്രവ. 2).

# അദ്ധ്യായം-17

പലെ ക്രിസ്ത്യാനികളും പെരുനാളുകൾ ആചരിക്കുന്നതു ഭക്തി വർദ്ധനവിനും ദൈവമഹത്വത്തിനും ഉപയുക്തമല്ലാത്ത വിധത്തിൽ ആയിത്തീരുമ്പോൾ ദൈവത്തിന്റെ നാമവും പെരുനാളും ഒരുപോലെ ദുഷിക്കപ്പെടുന്നു. എത്ര നല്ല ആചാരവും ദുഷിക്കപ്പെടാവുന്നതാണ്. പെരുനാളുകൾ, യാഗങ്ങൾ, നമസ്ക്കാരങ്ങൾ, നോമ്പുകൾ ഇവയെല്ലാം ദുഷിക്കപ്പെടാവുന്നതാണ്. ദുഷിച്ച വിധത്തിൽ ഇസ്രായേൽ മക്കൾ നോമ്പു നോക്കി വന്നു. അതിനെ പ്രവാചകന്മാർ ശാസിച്ചു. നോമ്പു നിറുത്തണമെന്നു പ്രവാചകന്മാർ ഉപദേശിച്ചില്ല. ദുഷിച്ച രീതി ഉപേക്ഷിക്കണമെന്നും ദുഷിച്ച വിധത്തിൽ നോമ്പു ആചരിക്കുന്നതുകൊണ്ടു പ്രയോജനമില്ലെന്നും ശരിയായ വിധത്തിൽ നോമ്പു ആചരിക്കണമെന്നുമായിരുന്നു പ്രവാചകന്മാർ ഉപദേശിച്ചത് (ഏശായ 1:11-16; 58:1-8).

നമ്മുടെ കർത്താവും നോമ്പിനെപ്പറ്റി ഉപദേശിക്കുന്നതു പ്രവാചകന്മാരെപ്പോലെയാകുന്നു. നോമ്പു ആവശ്യമില്ലെന്നു കർത്താവു ഒരിക്കലും ഉപദേശിച്ചിട്ടില്ല. നേരെമറിച്ചു ക്രിസ്ത്യാനികൾ നോമ്പു ആചരിക്കണമെന്നു കർത്താവു കല്പിച്ചു. പ്രാർത്ഥനയും ദാനധർമ്മങ്ങളും ക്രിസ്തീയ ജീവിതത്തിന്റെ അഭിവൃദ്ധിക്കു എത്രത്തോളം ആവശ്യമോ അത്രത്തോളം നോമ്പും ആവശ്യമാണെന്നു കർത്താവു ഉപദേശിച്ചു (വി. മത്തായി 6:16,17,18) വിശ്വസ്തതയോടും സത്യത്തിലും നോമ്പു നോക്കുന്നവർക്കു ദൈവം തീർച്ചയായും അനുഗ്രഹം ചെയ്യുമെന്നു കർത്താവു ഉറപ്പു പറയുന്നു.

വേറൊരു അവസരത്തിൽ ശിഷ്യന്മാർ നോമ്പു നോക്കാതിരുന്നതിനെക്കുറിച്ചു യോഹന്നാന്റെ ശിഷ്യന്മാർ വന്നു ചോദിച്ചപ്പോൾ കർത്താവു മറുപടി പറഞ്ഞതു "നോമ്പു നിരുപയോഗമാണ്; ശരീരത്തെ തടിപ്പിക്കുന്നതുകൊണ്ടു പ്രയോജനമില്ല" എന്നല്ലായിരുന്നു. നോമ്പു നോക്കുന്നതിനു പ്രത്യേക കാലമുണ്ടെന്നും അങ്ങനെയുള്ള കാലത്തു നോമ്പു നോക്കുകയാണു വേണ്ടതെന്നും ആയിരുന്നു. കർത്താവിന്റെ ശിഷ്യന്മാർ നോമ്പു നോക്കുവാനുള്ള കാലം അപ്പോൾ വന്നിട്ടില്ലെന്നും,

ആ കാലം വരുമെന്നും അപ്പോൾ അവർ നോമ്പു നോക്കുമെന്നും കർത്താവു മറുപടി പറഞ്ഞു (വി. മത്തായി 9:14-16). ഈ വാക്യങ്ങളിൽ മണവാളൻ എന്നു പറയുന്നതു യേശുതമ്പുരാനെ ഉദ്ദേശിച്ചാകുന്നു. മണവാളൻ അവരിൽനിന്നു എടുക്കപ്പെടുന്ന നാൾ വരും-അതെ സ്വർഗ്ഗാരോഹണത്തുങ്കൽ-അതിന്റെ ശേഷം വിശുദ്ധ സഭയിൽ നോമ്പു ആചരിക്കേണ്ടതാകുന്നു. നമ്മുടെ കർത്താവു തന്നത്താൻ നോമ്പു ആചരിച്ചു. പരസ്യശുശ്രൂഷ ആരംഭിച്ചതു നോമ്പോടുകൂടിയായിരുന്നു. (വി. മത്തായി 4:1-2) തിരുസഭയാൽ ഏർപ്പെടുത്തപ്പെട്ട ഏതോ ഒരു നോമ്പു ആചരിച്ചുകൊണ്ടു അന്ത്യോക്കിലെ സഭ പാർക്കുന്ന കാലത്താണ് "ബർന്നബാസിനെയും ശൗലിനെയും വിളിച്ചിരുന്ന വേലയ്ക്കു അവരെ വേർതിരിപ്പീൻ" എന്നു പരിശുദ്ധാത്മാവ് ആജ്ഞാപിച്ചത്. (അപ്പോ. പ്രവ. 13:1-3) കുടുംബജീവിതത്തിൽ പാർക്കുന്ന സ്ത്രീപുരുഷന്മാർ വിവാഹമുറയിൽനിന്നു നോമ്പ് കാലത്തേക്ക് വേർപെട്ടു പാർക്കുന്ന നടപടി അപ്പോസ്തോലകാലത്തു തന്നെ ഉണ്ടായിരുന്നു. അങ്ങനെ വേണമെന്നു വി. പൗലോസു കല്പിച്ചിരിക്കുന്നു. (1 കോറിന്തി. 7:5) വി. പൗലോസു മാനസ്സാന്തരപ്പെട്ടു കർത്താവിനെ കൈക്കൊണ്ട ശേഷം ഒരു അൽമേനി (അൽമായാക്കാരൻ) എന്ന സ്ഥിതിയിലുള്ള ജീവിതം ആരംഭിച്ചതു മൂന്നു ദിവസത്തെ നോമ്പോടുകൂടിയായിരുന്നു. (അപ്പോ. പ്രവ. 9:9) കർത്താവിന്റെ കൃപയാൽ വിശുദ്ധ ശ്ലീഹന്മാർ പൗലോസിന്റെ തലമേൽ "കൈവച്ചു" വിശുദ്ധ നൽവരം കൊടുത്തു. വിശുദ്ധ പൗലോസിനെ അപ്പോസ്തലനാക്കി പട്ടം കെട്ടിയതിന്റെ (അപ്പൊ. പ്രവ. 13:1-3) ശേഷം, വിശുദ്ധ പൗലോസു സഭയിൽ കശ്ശീശ്ശന്മാരേ പട്ടം കൊടുത്തു നിയോഗിച്ചത് "ഉപവാസത്തോടും പ്രാർത്ഥനയോടും" കൂടി ആയിരുന്നു (അപ്പോ.പ്രവ. 14:23) വി. പൗലോസു കർത്താവിന്റെ വിശ്വസ്തത ശുശ്രൂഷകനാണെന്നുള്ളതിലേക്കു തെളിവായി അദ്ദേഹം പറയുന്നത്: "ഉറക്കിളപ്പ്, പട്ടിണി (നോമ്പു) നിർമ്മലത, പരിജ്ഞാനം, ദീർഘക്ഷമ" മുതലായവ അനുഷ്ഠിച്ചു എന്നാണ്. (2 കോറി. 6:5,11,27) പാപത്തോടു എതിർക്കുന്നതിനും വിശുദ്ധിയിൽ വളരുന്നതിനുംവേണ്ടി ക്രിസ്ത്യാനി ഉപയോഗിക്കേണ്ട സർവ്വായുധവർഗ്ഗത്തിൽ (എഫെസി. 6:13) നിന്നു "നോമ്പ്" ഉപേക്ഷിച്ചു കളയുന്ന മതം നമ്മുടെ കർത്താവിന്റെയും അപ്പൊസ്തലന്മാരുടെയും സഭയല്ല; വിശുദ്ധ വേദത്തിലെ തെളിവുകളെ ബഹുമാനിക്കയും ആദരിക്കുകയും ചെയ്യുന്ന സഭയുമല്ല. "നിങ്ങൾ ഉപവസിക്കുമ്പോൾ ഇന്നപ്രകാരം ഉപവസിക്കണമെന്നു" കർത്താവു

ഉപദേശിച്ചു. (വി. മത്തായി 6:16-18) നിങ്ങൾ "ഇപ്പോൾ" "ഉപവസിക്കുക" എന്നു വി. സഭ ഉപദേശിക്കുന്നു. മലപ്രസംഗത്തിൽ കല്പിച്ചിട്ടുള്ള മൂന്നു ധർമ്മങ്ങൾ നോമ്പു, നമസ്ക്കാരം, ദാനധർമ്മം ഇവയാകുന്നു. നമസ്ക്കാരവും ദാനധർമ്മവും ഇന്നയിന്ന കാലത്തു ഇന്നയിന്ന വിധത്തിൽ നടത്തണമെന്നു കല്പിച്ചിട്ടുള്ള വിശുദ്ധസഭ "നോമ്പും" ഇന്ന കാലത്തു ഇന്ന വിധത്തിൽ നടത്തണമെന്നു കല്പിച്ചിരിക്കുന്നു.

പ്രായമുള്ള ആളുകൾ മാമോദീസാ കൈക്കൊള്ളുന്നതിനു ഒരുങ്ങുമ്പോൾ ഉപവസിക്കുന്നതു നന്ന്. കുമ്പസാരിക്കാൻ ഒരുങ്ങുമ്പോഴും വി. കുർബ്ബാന അനുഭവിപ്പാൻ ഒരുങ്ങുമ്പോഴും വിവാഹത്തിനൊരുങ്ങുമ്പോഴും പട്ടമേല്ക്കാൻ ഒരുങ്ങുമ്പോഴും നോമ്പു നോക്കുന്നതു നന്നു. നമ്മുടെ മനസ്സിനെയോ ശരീരത്തെയോ ദണ്ഡിപ്പിക്കുന്നതും വേദനപ്പെടുത്തുന്നതും കർത്താവിനു ഇഷ്ടമില്ല. ഇതിലേക്കായി ആരും നോമ്പു നോക്കേണ്ട ആവശ്യമില്ല. "കർത്താവിന് ഇഷ്ടമുള്ള യാഗം നുറുങ്ങിയ ഹൃദയം ആകുന്നു". (സങ്കീ. 51:17) എന്നാൽ ജഡത്തിന്റെ മോഹങ്ങളിലും ഉല്ലാസങ്ങളിലും മുഴുവനായി മുഴുകിയിരിക്കുന്ന ഒരുത്തനു "നുറുങ്ങിയ ഹൃദയം" ഉണ്ടാകുമെന്നു ഊഹിപ്പാൻ പോലും പാടില്ല. പാപബോധം വർദ്ധിപ്പിക്കുന്നതിനും ഹൃദയതകർച്ചയുണ്ടാവാൻ മനഃശരീരങ്ങളെ അധീനപ്പെടുത്തുന്നതിനും നോമ്പു ഏറ്റം സഹായിക്കുന്നു. കർത്താവു ലോകത്തിലേക്കു എഴുന്നള്ളി വന്നതു മനുഷ്യന്റെ ആത്മാവിനെ രക്ഷിപ്പാൻ മാത്രമല്ല ആത്മാവിനെയും ശരീരത്തെയും രക്ഷിക്കുന്നതിനും ഉൽകൃഷ്ഠപ്രകൃതിക്കു നമ്മുടെ ശരീരം അധീനപ്പെടുകയും, നികൃഷ്ഠ പ്രകൃതി നശിക്കയും ചെയ്തിട്ടു ശരീരം ശുദ്ധീകരിക്കപ്പെട്ടു മഹത്വമുള്ള ഉയർത്തെഴുനേല്പിനു നാം ഒരുക്കപ്പെടുന്നതിനും ആകുന്നു. അതിനാൽ കായികാഭ്യാസം ശീലിക്കുന്നവനു "കളരി" ഏതുപ്രകാരമൊ അപ്രകാരവും പരീക്ഷയ്ക്കു പഠിക്കുന്നവൻ, പഠനത്തിന്റെ ബുദ്ധിമുട്ടു ഏതു പ്രകാരമൊ അപ്രകാരവും, പട്ടാളക്കാരനു പരിശീലനാർത്ഥം കൂടാരവാസം ഏതു പ്രകാരമൊ അപ്രകാരവും ക്രിസ്ത്യാനിക്കു നോമ്പുകൊണ്ടും വർജനകൊണ്ടും ത്യാഗംകൊണ്ടും പ്രയോജനം ഉണ്ടാകുന്നു. ലോകവും ജഡവും നമ്മുടെ ഉൽകൃഷ്ഠപ്രകൃതിയെ വളർത്തുകയും ചെയ്യുന്നതു കൂടാതെ യഥാർത്ഥമായ ദൈവസംസർഗ്ഗത്തിനു മനുഷ്യനെ ഒരുക്കുകയും പ്രാർത്ഥനയെയും ആരാധനയെയും സഫലമാക്കുകയും ചെയ്യുന്നു.

വിശുദ്ധ സഭ ഭക്ഷണം സംബന്ധിച്ചു രണ്ടു തരം നോമ്പു കല്പിച്ചിരിക്കുന്നു. (1) ഉപവാസം-ഭക്ഷണം മുഴുവനായി ത്യജിച്ചുള്ള നോമ്പു (2) വർജ്ജന-ചില പ്രത്യേക ഭക്ഷണസാധനങ്ങളെ ത്യജിച്ചുള്ള നോമ്പു- മാംസം, പാൽ, മുട്ട മുതലായതു വർജ്യങ്ങളാകുന്നു. എല്ലാ നോമ്പിലും വിവാഹമുറയിൽനിന്നു ഭാര്യഭർത്താക്കൾ ഒഴിഞ്ഞിരിക്കുന്നു.

ആഴ്ചയിൽ രണ്ടുദിവസം തിങ്കളാഴ്ചയും വ്യാഴാഴ്ചയും ഇസ്രായേൽ സഭ നോമ്പു നോക്കിവന്നു. (വി. ലൂക്കോ. 18:12) ക്രിസ്തീയ സഭയും ആഴ്ചയിൽ രണ്ടു ദിവസം നോമ്പു കല്പിച്ചിരിക്കുന്നു- ബുധനാഴ്ചയും വെള്ളിയാഴ്ചയും വർജ്യദിവസങ്ങളാകുന്നു.

ബുധനാഴ്ചയെപ്പറ്റി പൂർവ്വപിതാക്കളുടെ ഗ്രന്ഥങ്ങളിലും നടപടികളിലും താഴെ കാണുന്ന സംഗതികൾ പറയുന്നു.

1. കർത്താവിന്റെ ജനനത്തെപ്പറ്റി കന്യകമറിയാമിനു മാലാഖ സുവിശേഷിച്ചതും കർത്താവിനെ കന്യക ഗർഭം ധരിച്ചതും ബുധനാഴ്ചയായിരുന്നു. (ഇതു കൃത്യം മീനം 25-ാം തീയതിയല്ല)

2. "അഗസ്തൂസ് കൈസർ രാജ്യഭാരം തുടങ്ങി നാല്പത്തിരണ്ടാം സംവത്സരത്തിൽ, ധനുമാസം 25-ാം തീയതി ബുധനാഴ്ച" കന്യകമറിയാം കർത്താവിനെ പ്രസവിച്ചു എന്നു ക്രിസ്താബ്ദം മൂന്നാം ശതവർഷത്തിൽ ജീവിച്ചിരുന്ന ഹിപ്പൊളിറ്റസു എപ്പിസ്കൊപ്പാ സാക്ഷിക്കുന്നു.

3. നമ്മുടെ കർത്താവു കഷ്ടാനുഭവത്തിനുമുമ്പ് സ്വസ്ഥമായിരുന്നു. കഷ്ടാനുഭവത്തിനായി ഒരുങ്ങിയതും, യൂദാ കർത്താവിനെ ഒറ്റിക്കൊടുക്കാൻ പ്രാർത്ഥനാചാര്യന്മാരുമായി ആലോചിച്ചുറച്ചതും ബുധനാഴ്ചയായിരുന്നു.

4. പെന്തിക്കുസ്തി കഴിഞ്ഞു വിശുദ്ധ സഭയിൽ ഇദംപ്രഥമമായി വിശുദ്ധ കുർബ്ബാന അനുഷ്ഠിച്ചതു ബുധനാഴ്ചയായിരുന്നു. മാറാനായ പെരുനാൾ വരാത്ത എല്ലാ ബുധനാഴ്ചയും വെള്ളിയാഴ്ചയും സുറിയാനി ക്രിസ്ത്യാനികൾക്കു വർജ്യദിവസങ്ങളാകുന്നു.

വെള്ളിയാഴ്ച കർത്താവു കഷ്ടമനുഭവിച്ചു മരിച്ചതിന്റെ ബഹുമാനത്തിനായി വർജ്യദിവസങ്ങളായി ആചരിക്കുന്നു.

ആണ്ടിൽ അഞ്ചു നോമ്പു കാലങ്ങളെ സഭ കല്പിച്ചിരിക്കുന്നു:-

ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉള്ള നോമ്പുകൾ കൂടാതെ അഞ്ചു നോമ്പുകളാണു സഭയാൽ കല്പിക്കപ്പെട്ടിട്ടുള്ളത്. ഓരോ നോമ്പിന്റെ ഉദ്ദേശ്യവും അതിൽ നാം സാധിക്കാൻ ശ്രമിക്കേണ്ട സംഗതി കളെയും കുറിച്ചു ചുരുക്കമായി താഴെ പ്രസ്താവിക്കുന്നു.

**1. ഇരുപത്തഞ്ചുനോമ്പ് (ധനു 1 മുതൽ 25 വരെ)**

വലിയ നോമ്പ് കൃംതാ (ഉയിർപ്പു പെരുനാൾ) യിൽ അവസാനി ക്കുന്നതുപോലെ ഇരുപത്തിയഞ്ചുനോമ്പു യൽദാ (ജനനപ്പെരുനാൾ) യിൽ അവസാനിക്കുന്നു. വലിയനോമ്പു ഉയിർപ്പുപെരുനാളിനുള്ള ഒരു ക്കത്തിനായിരിക്കുന്നതുപോലെ, ഇരുപത്തിയഞ്ചു നോമ്പു ജനനപ്പെ രുനാളിനുള്ള ഒരുക്കത്തിനുമാണ്. ഈ നോമ്പു കാലത്തേക്ക് ഉചിത മായിരിക്കുന്ന പ്രവൃത്തികളും ധ്യാനവിഷയങ്ങളും താഴെ കുറിക്കുന്നു.

കുടുംബജീവിതത്തെ ശുദ്ധീകരിക്കുക, കുടുംബാംഗങ്ങൾ പര സ്പരം സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുക. കുഞ്ഞുങ്ങ ളുടെ ആയുസ്സിന്റെ അതിരറ്റ വിലയെ മനസ്സിലാക്കി അവരെ ദൈവ ശുശ്രൂഷയ്ക്കായി പ്രതിഷ്ഠിക്കുക, ഗർഭിണിയായ ഒരു മാതാവു സ്രഷ്ടാ വായ ദൈവത്തോടു സഹകരിച്ചു തന്റെ വാത്സല്യസൃഷ്ടിയായ കുഞ്ഞി നെ അവളുടെ ഗർഭത്തിൽ സംരക്ഷിച്ചു വളർത്തുന്നു. യേശു ഗർഭത്തിൽ ജീവിച്ചതുപോലെ ഗർഭിണിയായ സ്ത്രീയുടെ കുട്ടിയും ഗർഭത്തിൽ ജീവിക്കുന്നു. യേശുവും ദൈവമാതാവും ദൈവസംസർഗ്ഗത്തിൽ ജീവി ച്ചിരുന്നതുപോലെ മാതാവും ഉണ്ണിയും ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ട വരായി പാർക്കേണ്ടതാകുന്നു. ഒരു പൂർണ്ണമായ കുടുംബത്തിൽ പിതാവും മാതാവും ശിശുവും ഇവ മൂന്നും ഉൾപ്പെടുന്നു. ക്രിസ്തീയസഭ പൊതു വായും ഓരോ കുടുംബങ്ങൾ പ്രത്യേകിച്ചും കുടുംബജീവിതത്തെ ദൈവത്തിൽ പ്രതിഷ്ഠിക്കേണ്ടത് ഈ നോമ്പുകാലത്താണ്. കർത്താ വിന്റെ വെളിപാടിനായി ലോകത്തെ ഒരുക്കിയത്, മനുഷ്യജാതിയുടെ ചരിത്രത്തിൽ ദൈവത്തിന്റെ വെളിപാടുകൾ, അബ്രഹാം മുതലായ പൂർവ്വപിതാക്കളുടെ കുടുംബജീവിതത്തിൽ ദൈവത്തിന്റെ വെളി പാടുകൾ ആളാംപ്രതി ഓരോ വിശ്വാസിയുടെയും ആത്മാവിൽ യേശു വിന്റെ ആവാസം മുതലായ സംഗതികളെക്കുറിച്ചു ധ്യാനിക്കുന്നതിനുള്ള കാലമായി ഈ നോമ്പു കാലത്തെ ഉപയോഗിക്കുന്നതു നന്നായിരിക്കും.

### 2. മൂന്നു നോമ്പ്

ക്രിസ്തീയ സഭയുടെ പൊതുവായ അനുതാപകാലവും, ആളാം പ്രതിയുള്ള അനുപാതകാലവും ഈ നോമ്പു കാലമാണ്. ക്രിസ്തീയസഭ തനിക്കുവേണ്ടിയും പുറമെയുള്ള ലോകത്തിനുവേണ്ടിയും അനുതാപവും ആത്മദണ്ഡനവും നടത്തുന്നതു ഈ സമയത്താണ്. മൂന്നു നോമ്പു കഴിഞ്ഞു പതിനെട്ടു ദിവസം കഴിയുമ്പോൾ വലിയ നോമ്പു ആരംഭിക്കുന്നു. മൂന്നു നോമ്പു അനുതാപത്തിന്റെയും വലിയ നോമ്പു ജയജീവിതത്തേയും കുറിക്കുന്നു.

### 3. വലിയ നോമ്പ്

അമ്പതു ദിവസം. ഒന്നാം ദിവസം ശുബ്ക്കാനോ ക്രിസ്തീയ സഭയുടെ അനുതാപകാലം മൂന്നു നോമ്പിലാണെന്നു പറഞ്ഞുവല്ലോ. മൂന്നു നോമ്പിലും അതിനുശേഷം ശുബ്ക്കാനോവരെയുള്ള ദിവസങ്ങളിലുമായുള്ള പരിശ്രമംകൊണ്ടു ഒരു വിശ്വാസി ശുബ്ക്കാനായിക്കു ഒരുങ്ങപ്പെടുത്തുന്നു. ശുബ്ക്കാനായെന്നത്, വിശ്വാസി സകല മനുഷ്യരോടും സകല അധർമ്മങ്ങളേയും ക്ഷമിക്കുകയും എല്ലാവരും തന്നോടു ക്ഷമിക്കുന്നതിനായി മാപ്പ് അപേക്ഷിക്കയും, ഇങ്ങനെ സകല മനുഷ്യരോടുമുള്ള സ്നേഹജീവിതത്തിൽ പ്രവേശിക്കയും ചെയ്യുന്നതിനുള്ള ദിവസമാകുന്നു. പൂർണ്ണ ആത്മാവോടും പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ശക്തിയോടും ദൈവത്തെ സ്നേഹിക്കയും തന്നെപ്പോലെ തന്നെ തന്റെ അയൽക്കാരനെ സ്നേഹിക്കയും ചെയ്യുന്നതാണ് ക്രിസ്തീയജീവിതം. ഈ സ്നേഹത്തിലേക്കു പ്രവേശിക്കയൊ ഈ സ്നേഹ ജീവിതത്തെ പുതുക്കുകയോ ചെയ്യുന്നതിനും ദൈവത്തോടും മനുഷ്യരോടും നിരപ്പാകുന്നതിനുമുള്ള സന്ദർഭമാകുന്നു. ആദ്യത്തെ നാല്പതു ദിവസം കർത്താവിന്റെ നോമ്പും. അതു നാല്താം വെള്ളിയാഴ്ച കൊണ്ടു അവസാനിക്കുന്നു. നാല്പതാം വെള്ളിയാഴ്ച കർത്താവിന്റെ വലിയ പരീക്ഷയുടെ ഓർമ്മ ദിവസമാകുന്നു. ഈ നോമ്പിന്റെ ഉദ്ദേശ്യം ക്രിസ്തീയ ജീവിതത്തിൽ ലോകം, ജഡം, സാത്താൻ എന്നീ ശത്രുക്കളോടു എതിർക്കുന്നതിനു ശക്തി സമ്പാദിക്കണമെന്നുള്ളതാകുന്നു. വിശ്വാസം, ശരണം, സ്നേഹം ഈ പുണ്യഗുണങ്ങളുടെ വർദ്ധനവിനും ജീവിത ശുദ്ധീകരണത്തിനും ഈ നോമ്പിനെ ഉദ്ദേശിച്ചിരിക്കുന്നു. പ്രകൃതിയിലും മനുഷ്യലോകത്തിലും കർത്താവു പ്രവർത്തിച്ചിട്ടുള്ള അത്ഭുതങ്ങളെ ഈ നോമ്പിലെ ഞായറാഴ്ചകളിൽ നാം ഓർക്കുന്നു.

വിശുദ്ധ സഭയുടെ പൊതുവായ ആത്മീയാഭിവൃദ്ധിയും വിശ്വാസികളുടെ ആളാംപ്രതിയുള്ള ആത്മിയാഭിവൃദ്ധിയും കർത്താവിൽനിന്നും ലഭിക്കേണ്ടതുമാണെന്നു ഇതു നമ്മെ പഠിപ്പിക്കുന്നു. നാല്പതാം വെള്ളിയാഴ്ച മുതലുള്ള പത്തു ദിവസം കർത്താവിന്റെ കഷ്ടാനുഭവകാലമാണ്. അതു ഉയർത്തെഴുനേല്പുദിവസത്തിൽ അവസാനിക്കുന്നു. കർത്താവിന്റെ കഷ്ടാനുഭവങ്ങളിൽ ക്രിസ്തീയസഭ പൊതുവായും വിശ്വാസികൾ ആളാംപ്രതിയും പങ്കുകൊള്ളേണ്ടുന്ന കാലമായി കഷ്ടാനുഭവ ആഴ്ചയെ വിചാരിക്കേണ്ടതാകുന്നു. കർത്താവിന്റെ കുരിശിൽ പങ്കുള്ളവർക്കു മാത്രമെ ജീവിതശുദ്ധിയും ആത്മാഭിവൃദ്ധിയുമുണ്ടാകയുള്ളൂ. പരീക്ഷകളെ ജയിക്കുന്നതിനും പുണ്യം സമ്പാദിക്കുന്നതിനുള്ള മാർഗ്ഗം കുരിശിനെ വഹിക്കയാണ്. നാല്പതു ദിവസത്തെ നോമ്പു ക്രിസ്തീയ ജീവിതത്തിലെ പോരാട്ടത്തെക്കുറിക്കുന്നു എങ്കിൽ, കഷ്ടാനുഭവ ആഴ്ചയിലെ വ്രതങ്ങൾ ആ പോരാട്ടം വിജയപ്രദമായിത്തീരുവാൻ കുരിശു വഹിക്കേണ്ടതു അത്യന്താപേക്ഷിതമാണെന്നു കാണിക്കുന്നു. ക്രിസ്തീയജീവിതം യുദ്ധകാലമാണ്. കുരിശു വഹിക്കുന്നതായ ജീവിതം കഷ്ടതരമാണ്. അതിന്റെ പര്യവസാനം സന്തോഷവും സന്തുഷ്ടിയും തന്നെ. യുദ്ധം മരണത്തിൽ അവസാനിക്കാം. അതുപോലെ കുരിശു വഹിക്കുന്നതുമായ ജീവിതത്തിലും മരണം സംഭവിക്കാവുന്നതുമാണ്. രണ്ടിന്റേയും പര്യവസാനം മഹത്വകരമായ ഉയിർപ്പിൻ ജീവനിലേക്കു പ്രവേശിക്കയെന്നതാണ്. അതിനാൽ നാല്പതു നോമ്പിനെ തുടർന്നു കഷ്ടാനുഭവയാഴ്ചയെ നിശ്ചയിച്ചിരിക്കുന്നു.

### 4. ശ്ലീഹാനോമ്പ് (പതിമൂന്നു ദിവസം മിഥുനം 16–29)

ഈ നോമ്പു പത്രോസ് പൗലോസ് ശ്ലീഹാന്മാരുടെ പെരുനാൾ ദിവസം അവസാനിക്കുന്നു. പിറ്റേദിവസം പന്ത്രണ്ടു ശ്ലീഹന്മാരുടെ ഓർമ്മ ദിവസമാണ്. ക്രിസ്തീയസഭയുടെ സുവിശേഷപ്രചരണാർത്ഥമുള്ള ചുമതലാബോധമാണ് ഈ നോമ്പു ഉദ്ദേശിക്കുന്നത്. യഹൂദക്രിസ്ത്യാനികളുടെ പ്രധാന സുവിശേഷകനായിരുന്ന പത്രോസു ശ്ലീഹായേയും പുറജാതിസഭയുടെ സുവിശേഷകനായിരുന്ന പൗലോസ് ശ്ലീഹായേയും ഒരുമിച്ചു ഓർക്കുന്നതുകൊണ്ടു, സർവ്വലോകത്തിലുമുള്ള സുവിശേഷവേലയുടെ ഐക്യത്തേയും ആവശ്യകതയേയും വെളിപ്പെടുത്തുന്നു. ഇവരെ ഓർക്കുന്നതിന്റെ പിറ്റേദിവസം സഭ ഓർക്കുന്നതു, ലോകത്തിന്റെ നാനാഭാഗങ്ങളിലും സുവിശേഷപ്രചരണാർത്ഥം പ്രയത്നിച്ചിട്ടുള്ള പന്ത്രണ്ടു ശ്ലീഹന്മാരെയാണ്.

**5. പതിനഞ്ചുനോമ്പ് അല്ലെങ്കിൽ മർത്തമറിയം നോമ്പ് (ചിങ്ങം 1–15)**

ഈ നോമ്പു ദൈവമാതാവിന്റെ വാങ്ങിപ്പു പെരുനാളിൽ അവസാനിക്കുന്നു. വിശ്വാസി പരിശുദ്ധമായ മരണത്തിനു ഒരുങ്ങുന്നതിനുള്ള കാലമായി ഇതിനെ ഗണിക്കേണ്ടതാകുന്നു. ദൈവമാതാവിന്റെ മരണം സകല വിശ്വാസികളും കാംക്ഷിക്കേണ്ടുന്ന മാതൃകാമരണമാണ്.

ഈ അഞ്ചുനോമ്പു കൂടാതെ മലയാളത്തിൽ രണ്ടു നോമ്പുകൾ കൂടി ആചരിച്ചുവരുന്നുണ്ട്.

**1. എട്ടുനോമ്പ് (കന്നി 1–8)**

ഈ നോമ്പു ദൈവമാതാവിന്റെ ജനനപ്പെരുനാളിൽ അവസാനിക്കുന്നു. കന്യാവ്രതത്തെ ദൈവമുമ്പാകെ പ്രതിഷ്ഠിക്കുന്നതിനുള്ള കാലമായി ഈ നോമ്പിനെയും, ദൈവമാതാവിന്റെ ജനനപ്പെരുനാളിനേയും ഗണിക്കേണ്ടതാണ്. പൂർവ്വികസഭയിൽ ഈ നോമ്പു കന്യകൾക്കും വിധവമാർക്കുമുള്ള പ്രത്യേകനോമ്പായിരുന്നു. (ഇവിടെ കന്യകകൾ എന്നു പയോഗിക്കുന്നതു സ്ത്രീപുരുഷന്മാരെ ഒന്നുപോലെ കുറിക്കുന്നതാണു) സ്ത്രീകൾ എട്ടുനോമ്പിൽ എട്ടുദിവസവും ദൈവാലയങ്ങളിൽ ഭജനമിരിക്കുന്ന നടപ്പു പുരാതനകാലത്തു സർവ്വസാധാരണമായിരുന്നു. പൂർവ്വകാലത്തു പേർഷ്യാരാജ്യത്തുണ്ടായിരുന്ന ക്രിസ്തീയസഭയിലും ഈ നോമ്പുണ്ടായിരുന്നു.

**2. പെന്തിക്കുസ്തിനോമ്പ്**

(പുതുഞായറാഴ്ച മുതൽ പെന്തിക്കുസ്തി വരെ) ആശ്രമവാസികൾ മാത്രം ഈ നോമ്പു ആചരിച്ചുവരുന്നു. വിശുദ്ധാത്മദാനത്തിനുള്ള ഒരുക്കകാലമായി ഈ നോമ്പിനെ ഗണിക്കേണ്ടതാണ്. സാമൂഹ്യസേവനം ജീവിതോദ്ദേശ്യമായി സ്വീകരിച്ചിട്ടില്ലാത്ത ആശ്രമസ്ഥന്മാരാണു ഈ നോമ്പു പ്രധാനമായി ആചരിക്കുന്നതു. സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കുസ്തി വരെ ഭജനകാലമായി ദൈവമാതാവും വിശുദ്ധ ശ്ലീഹന്മാരും ഉപയോഗിച്ചതുപോലെ, വിശുദ്ധസഭയിലും പരിശുദ്ധാത്മാവിന്റെ പുതുക്കം സമ്പാദിക്കുന്നതിനുള്ള കാലമായി ഈ നോമ്പുകാലത്തെ കരുതാവുന്നതാണ്. എല്ലാ നോമ്പുകാലങ്ങളിലും, ഞായറാഴ്ചകളിലും മാറാനായ പെരുനാളിലും, പുതുഞായറാഴ്ചമുതൽ പെന്തിക്കുസ്തിവരെയുള്ള ദിവസങ്ങളിലും ഗൃഹസ്ഥാശ്രമികൾ വിവാഹജീവിതത്തിൽനിന്നു ഒഴിഞ്ഞിരിക്കേണ്ടതാകുന്നു (പുറപ്പാടു 19:14; 1 കൊരിന്തി. 9:5).

# അനുബന്ധം

കർത്താവിന്റെ ഉയർത്തെഴുന്നേല്പു വി. സഭയിൽ ഞായറാഴ്ച തോറും ആചരിക്കുന്നതു കൂടാതെ ആണ്ടിൽ ഒരു പ്രത്യേക ദിവസംകൂടി ആചരിച്ചുവന്നിരുന്നു. ഇതു ഏതു തീയതിയായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ചു പല അഭിപ്രായങ്ങൾ ഉണ്ടായിരുന്നു. ഒടുവിൽ താഴെ ചേർത്തിരിക്കുന്ന നോമ്പുകണക്കനുസരിച്ചു വ്യവസ്ഥപ്പെടുത്തുന്ന തീയതി ആചരിക്കണമെന്നു സഭ തീർച്ചയാക്കി.

ക്യംതായുടെ 2 ദിവസം മുൻപു ദുഃഖവെള്ളിയാഴ്ചയും അതിന്റെ തലേദിവസം പെസഹാവ്യാഴാഴ്ചയും ആചരിക്കുന്നു. ക്യംതായ്ക്കു അമ്പതു ദിവസം മുമ്പു വരുന്ന ഞായറാഴ്ച വലിയനോമ്പിൽ 1-ാം ഞായറാഴ്ചയാകുന്നു. ഇതിനു 'കൊത്തിനെ' എന്നു പേർ പറയുന്നു. കൊത്തിനെയ്ക്കു 21 ദിവസം മുൻപു മൂന്നു നോമ്പു ആരംഭിക്കുന്നു. മൂന്നു നോമ്പു ആരംഭിക്കുന്ന തീയതി അറിയുന്ന പക്ഷം വലിയ നോമ്പു ആരംഭിക്കുന്നതു എന്നാണെന്നും പെസഹാ, ദുഃഖവെള്ളിയാഴ്ച, ഉയർത്തെഴുന്നേല്പ്, സ്വർഗ്ഗാരോഹണം, പെന്തിക്കുസ്തി എന്നീ പെരുനാളുകൾ ഏതെല്ലാം തീയതിയിലാണെന്നും തീർച്ചപ്പെടുത്താൻ പ്രയാസമില്ല. അതിനാൽ താഴെ കാണുന്ന പട്ടികയിൽ മൂന്നു നോമ്പു ആരംഭിക്കുന്ന തീയതി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

ഈ പട്ടിക നോക്കി ഓരോ പെരുനാളുകളുടെയും തീയതികൾ നിർണ്ണയിക്കുന്നതിനും കുട്ടികൾ ശീലിക്കണം.

# നോമ്പുകണക്ക്

## എ. ആണ്ടെഴുത്തുകളം

| | | | | |
|---|---|---|---|---|
| 1 | 2 | 3 | *5 | 6 |
| 7 | 1 | *3 | 4 | 5 |
| 6 | *1 | 2 | 3 | |
| *6 | 7 | 1 | 2 | *4 |
| 5 | 6 | 7 | *2 | 3 |
| 4 | 5 | *7 | | |

* ഈ അടയാളം കുംഭമാസത്തിൽ 29-ാം തീയതി വരുന്ന ആണ്ടുകളാണെന്നു കാണിക്കുന്നു.

ക്രിസ്താബ്ദം 1913 അല്ലെങ്കിൽ കൊല്ലം 1088 എന്നു ആരംഭിച്ചു ഈ കളം എണ്ണണം.

## ബി. എപ്പക്കത്തിക്കളം

| | | | | |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | |

ക്രിസ്താബ്ദം 1920 അല്ലെങ്കിൽ കൊല്ലം 1095 എന്നു ആരംഭിച്ചു ഈ കളം എണ്ണണം.

# നോമ്പുകണക്കു കൂട്ടേണ്ടും ക്രമം

(എ) അടയാളമിട്ടു ആണ്ടെഴുത്തു കളങ്ങളിൽ 1–ാം കളം ക്രിസ്താബ്ദം 1913 അല്ലെങ്കിൽ കൊല്ലം 1084 എന്നു തുടങ്ങി വലത്തോട്ട് എണ്ണിയാൽ നോമ്പറിയേണ്ട ആണ്ടു ഏതു കളത്തിൽ വരുമോ ആ കളത്തിലേ സംഖ്യ ആ ആണ്ടത്തെ ആണ്ടെഴുത്താകുന്നു. പഞ്ചാംഗത്തിൽ 1–ാം പംക്തിയിൽ ആ സംഖ്യ കണ്ടുപിടിക്കുക. അനന്തരം (ബി) അടയാളമിട്ട എപ്പകത്തി കളത്തിൽ 1–ാം കളം ക്രിസ്താബ്ദം 192–ം അല്ലെങ്കിൽ കൊല്ലം 1095 എന്നു തുടങ്ങി മേൽപ്രകാരം വലത്തോട്ടു എണ്ണിയാൽ നോമ്പറിയേണ്ടിയ ആണ്ടു വരുന്ന കളത്തിലെ സംഖ്യ ആ ആണ്ടത്തെ എപ്പകത്തിയാകുന്നു. മുമ്പിൽ ആണ്ടെഴുത്തു തിട്ടപ്പെടുത്തിയ ഭാഗത്തു പഞ്ചാംഗത്തിലെ 2–ാം പംക്തിയിൽ ഈ എപ്പകത്തി സംഖ്യ എഴുതിയിരിക്കുന്ന വരിയിൽ നീളെ കാണുന്ന മാസവും തീയതിയും ആ കാലത്തെ നോമ്പു മുതലായതിന്റെ തീയതികൾ ആകുന്നു. ആണ്ടെഴുത്ത്, എപ്പകത്തി ഈ കളങ്ങൾ വട്ടമെത്തുമ്പോൾ പിന്നെയും ആരംഭംമുതൽ എണ്ണിക്കൊണ്ടാൽ ലോകാവസാനത്തോളമുള്ള കണക്ക് അറിയാവുന്നതാകുന്നു. പഞ്ചാംഗത്തിലെ തീയതികൾ സുറിയാനി കണക്കും പ്രകാരം ആകുന്നു.

| ആണ്ടെഴുത്ത് | മാർ എവുസേബിയോസിന്റെ എപ്പകത്തി | | | | | മൂന്നു നോമ്പ് ആരംഭം | |
|---|---|---|---|---|---|---|---|
| | | 4 | | 5 | | മകരം | 14 |
| | 1 | 1 | 9 | 12 | 17 | „ | 21 |
| 5 | 3 | 16 | 14 | 19 | | „ | 28 |
| | 2 | 5 | 8 | 13 | 16 | കുംഭം | 4 |
| | 7 | 10 | 18 | | | „ | 11 |
| | | 4 | 15 | | | മകരം | 13 |
| | 1 | 9 | 12 | 17 | | „ | 20 |
| 2 | 3 | 6 | 11 | 14 | | „ | 27 |
| | 5 | 8 | 13 | 16 | 19 | കുംഭം | 3 |
| | 2 | 7 | 10 | 18 | | „ | 10 |